കേരള
മലയാള പാഠാവലി

1653.

പുസ്തകം 3

1653

കേരള
മലയാള പാഠാവലി

പുസ്തകം ൩

ഗവണ്മെൻറിൽനിന്നു നിയമിച്ച കമ്മിററി

നവീകരിച്ചതു്

വില: 50 നയാ പൈസ

1958

©
The Government of Kerala
1958

പാഠവിവരം

പാഠം			പേജ്
1.	പ്രാർത്ഥന (പദ്യം)	....	1
2.	കാക്ക	....	2
3.	ആരോഗ്യം	....	7
4.	പാണ്ടനും കാടനും വെള്ളവും (പദ്യം)	....	11
5.	ആട്	....	12
6.	വേലയുടെ മേന്മ	....	17
7.	എത്ര പണം വേണം? (പദ്യം)	....	21
8.	ചിറകുള്ള വിരുന്നുകാരി	....	22
9.	വിളക്കുകൾ	....	27
10.	പൂക്കാലം (പദ്യം)	....	32
11.	ബുദ്ധിയാണു കാര്യം	....	34
12.	മരങ്ങളേയും വശപ്പെടുത്താം	....	39
13.	പാഠശാല (പദ്യം)	....	46
14.	ഹിംസിക്കരുത്	....	47
15.	നമ്മുടെ തലസ്ഥാനം	....	58
16.	അരയന്നം (പദ്യം)	....	59
17.	കാട്ടു തെളിച്ചു	....	61
18.	ഭീമനാം	....	64

പാഠം		പേജ്
19.	വീരമാതാവു് (പദ്യം)	70
20.	ഇരുമ്പു്	72
21.	ഈദ്ദ് പെരുന്നാൾ	75
22.	ഉറിയിൽ തൂങ്ങിയ ഉണ്ണിക്കൃഷ്ണൻ (പദ്യം)	81
23.	അവരും കുട്ടികളായിരുന്നു	83
24.	ഗോപിയുടെ എഴുത്തു്	87
25.	തുമ്പപ്പൂവു് (പദ്യം)	93
26.	വാല്മീകി	95
27.	നെല്ലു്	99
28.	തൈമാവു് (പദ്യം)	106
29.	ഭീമനു മല്ലൊരുണ്ടു്	108
30.	കണ്ണുണ്ടായാൽ പോരാ, കാണണം	113
31.	വിദ്യാധനം (പദ്യം)	118
32.	കൊളംബസ്	119
33.	ചിത്രശലഭം	125
34.	നല്ല ദിവസം (പദ്യം)	131

പാഠം 1

പ്രാർത്ഥന

പാവനഭക്തിയോടാരുടെ മേന്മയെ-
പ്പാടിപ്പുകഴ്ത്തുന്നു പൈങ്കിളികൾ,

വാരുററ വള്ളികളൊക്കെത്തല കുനി-
ച്ചാരുടെ മുമ്പിൽക്കൈ കൂപ്പി നില്പൂ,

കാററിൻ ഗതിയിലുമാററിനൊഴുക്കിലു-
മുററുമേതീശൻെറ ഗീതം കേൾപ്പൂ,

ശ്രീമത്താമാരുടെ മുററത്തിൽക്കാണുന്നു
കാർമഴവില്ലൊരു തോരണമായ്,

കണ്ണീരിൽ വാണു രാവൊക്കെയും പത്മങ്ങൾ
കണ്ണടച്ചാരെയോ ധ്യാനിക്കുന്നു,

അപ്പരാത്മാവിനെ, സത്യസ്വരൂപനെ-
ക്കൂപ്പുക കൂപ്പുക നമ്മളെല്ലാം!

—നമ്പ്യാരുവീട്ടിൽ നാരായണമേനോൻ.

പാഠം 2

കാക്ക

കാക്കയെ കാണാത്തവർ കേരളത്തിൽ ഉണ്ടായിരിക്കയില്ല എന്നുവച്ച്, സർവ്വത്ര കാണുന്ന ഒരു പക്ഷിയാണു കാക്ക എന്നു കരുതാൻ പാടില്ല. സിംഗപ്പൂരിൽ കാക്ക ഇല്ലത്രെ. കേരളത്തിൻെറ പടിഞ്ഞാറു ഭാഗത്തു് അറബിക്കടലിൽ കിടക്കുന്ന ലക്ഷദ്വീപുകളിൽ പലതിലും കാക്ക ഇല്ല

നമ്മുടെ നാട്ടിൽ 'സാധാരണമായി രണ്ടുതരം കാക്കകളെ കാണാം. മുഴുവനും കറുത്തതു്, ഒരു വകം. കഴുത്തിൽ മാത്രം പുകനിറമുള്ളതു് മറെറാരു വകം. ഈ ഇനത്തിലുള്ള കാക്കയ്ക്കു് വലിപ്പം കുറച്ചു കുറവായിരിക്കും. ആദ്യത്തെ ഇനം കാക്കയെ 'ബലിക്കാക്ക' എന്നു വിളിക്കുന്നു. കഴുത്തിനു നിറം മങ്ങിയ വർഗ്ഗത്തിനു പറയൻ കാക്ക എന്നും കാവതിക്കാക്ക എന്നും മററും പല പേരുകളുണ്ടു്.

കാക്കയുടെ കാലുകൾ സൂക്ഷിച്ചു നോക്കുക്. നന്നാലു വിരലുകളാണു് ഓരോ കാലിലും അവയ്ക്കുള്ളതെന്നു കാണാം. ഇവയിൽ മൂന്നു വിരലുകൾ മുമ്പിലും ഒന്നു പിന്നിലുമാണു്. കാക്കയുടെ ചാടിച്ചാടിയുള്ള നടത്തം ശ്രദ്ധിച്ചിട്ടുണ്ടോ? അതിൻെറ കാലുകൾക്കു നല്ല ബലമുണ്ടു്. അതിൻെറ കൊക്കിനും ഉണ്ടു്, നല്ല കരുത്തു്. കൊക്കിൻെറ ഇരുഭാഗങ്ങളിലുമുള്ള നാസാദ്വാരങ്ങൾ, മുന്നോട്ടു തള്ളിനില്ക്കുന്ന തൂവൽപ്പൂടകൾകൊണ്ടു മിക്കവാറും മൂടിയിരിക്കുന്നു.

മനുഷ്യർ പാർക്കുന്ന ദിക്കുകളിലാണ് കാക്കകളെ സാധാരണമായി കാണുന്നതു്. അവർ ഭക്ഷിക്കുന്ന സാധനങ്ങളുടെ ഉച്ഛിഷ്ടംകൊണ്ടു് കാക്ക വൃലരുന്നു. സസ്യവും മാംസവുമെന്നല്ല തിന്നാവുന്നതെന്തും കാക്ക തിന്നും. എന്നാലും മാംസമാണു് അതിന്നു കൂടുതൽ ഇഷ്ടം. ഭക്ഷണം സമ്പാദിക്കുന്നതിൽ കാക്ക കാണിക്കുന്ന കൌശലവും, ക്രൂരതയും, ധൈര്യവും നിങ്ങൾ സൂക്ഷിച്ചു നോക്കിയിട്ടുണ്ടോ ? നമ്മുടെ പരിസരങ്ങൾ വൃത്തിയാക്കി വയ്ക്കുന്നതിൽ കാക്ക ഗണ്യമായി സഹായിക്കുന്നുണ്ടു്.

ചില പക്ഷികളിൽ ആണിനേയും പെണ്ണിനേയും കണ്ടാൽ പെട്ടെന്നു തിരിച്ചറിയാം. പൂവൻകോഴിയും പിടക്കോഴിയും തമ്മിലുള്ള അന്തരം നോക്കുക. ഒരു വർഗ്ഗത്തിൽപ്പെട്ട പക്ഷികളാണു് അവയെന്നു വിശ്വസിക്കാൻപോലും ഞെരുക്കം; അല്ലേ ? എന്നാൽ ആൺ കാക്കയേയും പെൺകാക്കയേയും ആകൃതികൊണ്ടു തിരിച്ചറിയുക വിഷമമാകുന്നു. അവയ്ക്കു് അതിൽ പൂർണ്ണമായ സമത്വം ഉണ്ടു്.

കാക്ക കൂടുകെട്ടുന്നതു നിങ്ങൾ കണ്ടിട്ടുണ്ടോ ? കാലവർഷം തുടങ്ങുന്നതിനു മുൻപു കൂടുകെട്ടാനുള്ള കോലാഹലം തുടങ്ങും. മേയ് മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിലാണു് അതു മുട്ടയിട്ടു കുഞ്ഞുങ്ങളെ വളർത്തിയെടുക്കുന്നതു്. പൊക്കമുള്ള മാവിൻേറയും ആലിൻേറയും മററും മുകളിൽ ചുള്ളിക്കൊമ്പുകൾ അടുക്കി കാക്ക കൂടുണ്ടാക്കുന്നു. കൂടിൻെറ കുഴിഞ്ഞ അടുഭാഗം ചകിരി നാരുകളും കീറത്തുണികളും മററും

വിരിച്ചു് മൃദുവാക്കിയിരിക്കും. പെൺകാക്ക ഒരിക്കൽ മൂന്നുമുതൽ അഞ്ചുവരെ മുട്ട ഇടുന്നു. നീലയോ ഇളംപച്ചയോ ആയ ഈ മുട്ടകളെ ഉണക്കച്ചുള്ളികൾ കൊണ്ടു് ആ അമ്മ മൂടിവയ്ക്കും. മുട്ടയിൽനിന്നും പുറത്തു വരുമ്പോൾ കാക്കക്കുഞ്ഞുങ്ങളുടെ കണ്ണു മിഴിഞ്ഞിരിക്കില്ല. അവയുടെ ഉടലിൽ തൂവലും കുറവായിരിക്കും.



കുഞ്ഞിനു കാക്ക ഭക്ഷണം കൊടുക്കുന്നതു കാണാൻ നല്ല രസമുണ്ടു്. വിശക്കുമ്പോൾ കുഞ്ഞുങ്ങൾ കൊക്കു വിടർത്തി, ചിറകു വിറപ്പിച്ചു്, ദയനീയമായ സ്വരം പുറപ്പെടുവിക്കുന്നു. കാക്കയ്ക്കും തൻ-പിള്ള പൊൻപിള്ളയാണു്. എന്നാലും അവയുടെ ആർത്തിയും, മാതാപിതാക്കൾക്കു് ആ വികൃതരൂപങ്ങളോടുള്ള വാത്സല്യവും കണ്ടാൽ നമുക്കു് ചിരിവരാതിരിക്കില്ല. സന്താനങ്ങളോടുള്ള വാത്സല്യംപോലെ പ്രബലമാണു് കാ ക്ക ക ളു ടെ സ്വവർഗ്ഗസ്നേഹവും.

1653

തങ്ങളേക്കാൾ ശക്തിയേറിയ ശത്രുക്കളെ അവ കൂട്ടം ചേർന്നു് ഉപദ്രവിക്കുന്നു.

കാക്കയുടെ കൂട്ടിൽ ആണത്രെ പെൺകുയിൽ മുട്ടയിടുന്നതു്. അതു വലിയ കൌശലമാണെന്നു് ആയിരിക്കാം കുയിലിൻെറ വിചാരം. പാവം കാക്ക കുയിൽക്കുട്ടിയെ തൻെറ കുട്ടിയാണെന്നു കരുതി വളർത്തുന്നു. കുയിൽക്കുട്ടിയാകട്ടെ, കാക്കക്കുഞ്ഞുങ്ങളെ കൂട്ടിൽനിന്നു പുറത്തേയ്ക്കു തള്ളിയിട്ടും മററും ദ്രോഹിക്കുകയും കാക്കകൾ കുഞ്ഞുങ്ങൾക്കു കൊണ്ടുവരുന്ന ഭക്ഷണത്തിൽ അധികഭാഗവും അപഹരിക്കുകയും ചെയ്യുന്നു. ഒടുവിൽ ചിറകു മുററുമ്പോൾ ഈ സമർത്ഥൻ 'കൂഹൂ' 'കൂഹൂ' എന്നു കാക്കകളെ പരിഹസിച്ചുകൊണ്ടു പറന്നു കളയുന്നു.

അഭ്യാസം.

1. (i) താഴെ എഴുതുന്ന വാക്കുകൾക്കു പകരം ഈ പാഠത്തിൽനിന്നു പഠിച്ച വാക്കുകൾ എഴുതുക:—

1. എങ്ങിൽ =
2. തൻെറ കൂട്ടത്തിൽപ്പെട്ടവരോടുള്ള സ്നേഹം =
3. കരുത്തു് =
4. ശക്തിയുള്ളതു് =
5. മക്കളോടുള്ള സ്നേഹം =
6. എല്ലായിടത്തും =

(ii) വരയിട്ടിട്ടുള്ള വാക്കിന്നു പകരം ശരിപ്പു മറെറാരു വാക്കു പറയാമോ? [പറയണം—എന്നിട്ടു് ആ വാക്കിന്നു പകരം എഴുതണം]

1. ശത്രുക്കളെ അവ <u>ഉപദ്രവിക്കുന്നു</u>.

2. ഈ <u>മിട്ടക്കൻ</u> 'കൂഹൂ' 'കൂഹൂ' എന്നു <u>പുച്ഛിച്ചുകൊണ്ടു്</u> പറന്നുകളയുന്നു.

2. (i) 1. കുയിൽ '—' '—' എന്നു കൂകുന്നു.
2. കാക്ക '—' '—' എന്നു കരയുന്നു.
[വരയിട്ട ഭാഗത്തു് എന്താണെഴുതേണ്ടതു്?]

(ii) 'അതു് വലിയ കൗശലമാണെന്നു് ആയിരിക്കാം കുയിലിന്റെ വിചാരം'—ഏതു്? (ആദ്യം പറയണം, പിന്നെ എഴുതണം)

(iii) കാക്കയെക്കൊണ്ടു മനുഷ്യർക്കു് എന്താണു് ഉപകാരം?

(iv) മനുഷ്യരെക്കൊണ്ടു കാക്കയ്ക്കു് എന്താണു് ഉപകാരം?

3. (i) കാക്ക ഒരു പക്ഷിയാണു്.
കുയിൽ ഒരു പക്ഷിയാണു്.
കോഴി ഒരു പക്ഷിയാണു്.

(ii) കാക്കയും കുയിലും കോഴിയും ഏതു ജാതിയിൽ പെടുന്നു? ആ ജാതിയിൽപ്പെട്ട വേറെ രണ്ടു ജീവിയുടെ പേരു പറയൂ.

പാഠം 3

ആരോഗ്യം

ആരോഗ്യം എന്ന പദത്തിന്ന് രോഗമില്ലായ്മ എന്നാണ് അർത്ഥം. ആരോഗ്യം ഉണ്ടെങ്കിലേ ശരീരത്തിനു ശക്തിയും മനസ്സിന്ന് ഉന്മേഷവും തോന്നുകയുള്ളൂ.

നമ്മുടെ പ്രയത്നങ്ങളെല്ലാം സുഖമായി ജീവിക്കുന്നതിനാണല്ലോ. എന്നാൽ, ആരോഗ്യം ഇല്ലെങ്കിൽ, സുഖം ഉണ്ടാകയില്ല. ദരിദ്രനാണെങ്കിലും ആരോഗ്യവാൻ ആണെങ്കിൽ പ്രയത്നം ചെയ്തു സുഖമായി ജീവിക്കുവാൻ കഴിയും.

അനാരോഗ്യം നിമിത്തം ആളുകൾ വളരെ കഷ്ടത അനുഭവിക്കുന്നു. അവരെക്കൊണ്ടു മററു പലർക്കും ബുദ്ധിമുട്ട് ഉണ്ടാകും. രോഗികളെ ശുശ്രൂഷിക്കുന്നതിന്ന് അച്ഛനമ്മമാരും ബന്ധുക്കളും ഉറക്കമൊഴിഞ്ഞു കാത്തിരിക്കണം; വൈദ്യനെ വിളിച്ചുകൊണ്ടുവരണം; ഔഷധങ്ങൾ അന്വേഷിക്കണം; പത്ഥ്യമായ ആഹാരം തയാറാക്കണം; എത്ര ധനമാണ് ദുർവ്യയം ചെയ്യേണ്ടി വരിക! ഇങ്ങനെ മററുള്ളവർ വിഷമിച്ചാലും അസുഖം മുഴവൻ രോഗിതന്നെ അനുഭവിക്കയും വേണം. അതുകൊണ്ടു രോഗങ്ങൾ ബാധിക്കാതിരിക്കാൻ നാം ആകുന്നതൊക്കെ ചെയ്യേണ്ടതാണ്.

ആരോഗ്യം രക്ഷിക്കുന്നതിന്നു ചില കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. ശുദ്ധമായ വായുവേ ശ്വസി

ക്കാവൂ. വായു ?പല പ്രകാരത്തിൽ അശുദ്ധമാകും. ചീഞ്ഞതും അളിഞ്ഞതും ആയ പദാർത്ഥങ്ങൾ കൊണ്ടു വായു ദുഷിക്കുന്നു. അങ്ങനെയുള്ള മലിനവായു ശ്വസിച്ചാൽ രോഗം പിടിപെട്ടും. അതിനാൽ വേല ചെയ്യുന്നതും ഇരിക്കുന്നതും കിടക്കുന്നതും എല്ലാം ശുദ്ധ വായു സുലഭമായ സ്ഥലത്തായിരിക്കണം. വീട്ട്, പള്ളിക്കൂടം മുതലായി നാം പെരുമാറുന്ന എല്ലാ കെട്ടി ടങ്ങൾക്കും ധാരാളം വാതിലുകളും ജനാലകളും വേണ്ട താണ്. നല്ല വെളിച്ചവും നല്ല വായുവും അരോഗ ജീവിതത്തിനു കൂടിയേ കഴിയൂ.

ശുദ്ധവായുപോലെതന്നെ ആരോഗ്യത്തിനു് ആവശ്യമാണു ശുദ്ധജലവും. ചപ്പും ചവറും വീണു് അഴുകിയാൽ വെള്ളം ചീത്തയാകും. കുടിക്കുന്നതിനും കുളിക്കുന്നതിനും മററും ദുഷിച്ച വെള്ളം ഉപയോഗി ക്കരുതു്. കിണറുകളിലും കുളങ്ങളിലും മാലിന്യങ്ങൾ കലരാതെ പ്രത്യേകം സൂക്ഷിക്കണം. മലിനജലത്തിൽ രോഗബീജങ്ങൾ ഉണ്ടായിരിക്കും. അതിനാൽ ചീത്ത വെള്ളം ഉപയോഗിച്ചാൽ അതിലുള്ള അണുക്കൾ ശരീ രത്തിൽ ചേരും. അങ്ങനെ രോഗം പിടിപെട്ടുകയും ചെയ്യും. അശുദ്ധമായ പാലും മററും ഉപയോഗി ച്ചാലും രോഗങ്ങൾ വരും.

ആഹാരത്തെപ്പററിയും ഇതുപോലെ ചില കാര്യ ങ്ങൾ പറയാനുണ്ടു്. ഭക്ഷണം ശുചിയും മിതവും ആയിരിക്കണം. ചീഞ്ഞതും ദുഷിച്ചതുമായ ഭക്ഷണ പദാർത്ഥങ്ങൾ ദഹിക്കാൻ പ്രയാസമാണു്. വേണ്ട തിൽ അധികം ഭക്ഷണം കഴിച്ചാലും ശരിയായി ദഹി ക്കയില്ല. ദഹനക്കുറവു് അനേകം രോഗങ്ങൾക്കു കാരണമാകും. ആഹാരം ശരിയായി ദഹിച്ചാൽ

മാത്രമേ ശരീരത്തിനു് അതുകൊണ്ടു പ്രയോജനമുള്ളു. അതിനാൽ ദഹിക്കാൻ പ്രയാസമുള്ള പദാൎത്ഥങ്ങൾ ഭക്ഷിക്കരുതു്. ഭക്ഷണ പദാർത്ഥങ്ങളിൽ മാലിന്യം കലർന്നിരിക്കയും അരുതു്.

വ്യായാമവും വിശ്രമവും ആരോഗ്യത്തിനു കൂടിയേ തീരൂ. വ്യായാമംകൊണ്ടു ദഹനശക്തി വർദ്ധിക്കുകയും അവയവങ്ങൾക്കു ദൃഢത ഉണ്ടാവുകയും ചെയ്യുന്നു. പഠിക്കുന്ന കുട്ടികളും ഒരു സ്ഥലത്തുതന്നെ ഇരുന്നു വേല ചെയ്യുന്ന ആളുകളും വ്യായാമം ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കണം. പള്ളിക്കൂടത്തിൽ ഡ്രില്ലും കളികളും ഏർപ്പെടുത്തീട്ടുണ്ടല്ലോ. അതു വിദ്യാർത്ഥികളുടെ വ്യായാമത്തിനുവേണ്ടി ആകുന്നു. നടക്കുക, കിളയ്ക്കുക, നീന്തുക, വെള്ളം കോരുക മുതലായവയും നല്ല വ്യായാമങ്ങളാണു്.

അന്നന്നത്തെ ജോലിയും വ്യായാമവും കഴിഞ്ഞാൽ വിശ്രമം ആവശ്യമാണു്. ഒരിടത്തു സ്വസ്ഥമായി ഇരുന്നാലും ഒരുമാതിരി വിശ്രമം ലഭിക്കും. രസമുള്ള പുസ്തകം വായിച്ചാലും വിനോദങ്ങളിൽ ഏർപ്പെട്ടാലും കൂടുതൽ വിശ്രമം കിട്ടും. എന്നാൽ പൂർണ്ണമായ വിശ്രമം ലഭിക്കുന്നതു് ഉറക്കംകൊണ്ടാണു്. രാത്രിയിൽ ഏഴോ എട്ടോ മണിക്കൂർനേരം നല്ല വായു സഞ്ചരിക്കുന്ന സ്ഥലത്തു കിടന്നു് ഉറങ്ങണം. അതു് ആരോഗ്യത്തിനു് അത്യാവശ്യമാണു്.

അഭ്യാസം.

1. (i) വിപരീതപദം എഴുതുക:—

അനാരോഗ്യം × — അപത്ഥ്യം × —
അശുദ്ധം × — അസ്വാസ്ഥ്യം × —
ദുർല്ലഭം × —

(ii) പകരം പ്രയോഗിക്കാവുന്ന പദം എഴുതുക (ഈ പാഠത്തിൽ നിന്നു്) :—

1. രോഗമില്ലാത്ത അവസ്ഥ =
2. ആരോഗ്യം ഉള്ള ആൾ =
3. രോഗത്തിനു കാരണമായ അണുക്കൾ =

2. വരയിട്ടിട്ടുള്ള സ്ഥലത്തു വേണ്ട പദം ചേർക്കുക:—

(i) — ആഹാരം കഴിക്കണം; — ആഹാരം കഴിക്കരുതു്.

(ii) — വെള്ളം കുടിക്കാം; — വെള്ളം കുടിക്കരുതു്.

(iii) — വ്യായാമം വേണം, — വ്യായാമം വേണ്ട.

[പത്ഥ്യമായ, അപത്ഥ്യമായ, നിർമ്മലമായ, മലിനമായ, മിതമായ, അമിതമായ ഈ വാക്കുകൾ യഥാസ്ഥാനം ചേർത്താൽ മതി.]

3. പൂരിപ്പിക്കുക:—

(i) ആരോഗ്യം വേണമെങ്കിൽ — ശ്വസിക്കണം.

(ii) ധാരാളം പ്രയത്നിക്കുന്നവർക്കു — വേണം.

[ശുദ്ധവായു, ധാരാളം വ്യായാമം ഈ പദങ്ങൾ യഥാസ്ഥാനം ചേർക്കുക.]

(iii) ഒരാൾക്കു വലിയ രോഗംവല്ലതും അശ്രദ്ധകൊണ്ടു വന്നാൽ അയാൾക്കും മററുള്ളവർക്കും നേരിടുന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാം?

പാഠം 4

പാണ്ടനും കാടനും വെള്ളവും

പാണ്ടൻനായുടെ പല്ലിനു ശൗര്യം
പണ്ടേപ്പോലെ ഫലിക്കുന്നില്ല.

പണ്ടിവനൊരു കടിയാലൊരു പുലിയെ-
ക്കണ്ടിച്ചതു ഞാൻ കണ്ടറിയുന്നേൻ.

കാടൻനായും കാട്ടിൽ വരുമ്പോൾ
കോളല്ലാതൊരു പേടിതുടങ്ങും.

വീട്ടിൽ വരുന്നവരെപ്പലരെ കടി-
ക്കൂട്ടിയ ചെണ്ടക്കാരനെ ഞാനൊരു

കൂട്ടിലതാക്കിച്ചങ്ങലയിട്ടഥ
പൂട്ടിപ്പിന്നെ കഞ്ഞി കുടിക്കും.

വെള്ള, വാ, വാ, യെന്നു വിളിച്ചാൽ
തൊള്ള തുറന്നു പറന്നു വരും താൻ

കള്ളനു തുള്ളിക്കഞ്ഞികൊടുപ്പാ-
നുള്ളൊരുപായം കാണ്മാനില്ല.

കാററും കൊണ്ടവനെപ്പൊഴമങ്ങനെ
കൂററൻപോലിറയത്തു കിടക്കും.

കിരാതം തുള്ളൽ]   [കുഞ്ചൻ നമ്പ്യാർ

അഭ്യാസം.

1. ചാണ്ടൻമാരുടെ പണ്ടത്തെ നിലയെന്താണ്? ഇപ്പോഴത്തെ നിലയെന്താണ്? 'കാട' ന് കാട്ടിലോ വീട്ടിലോ സൗഖ്യം? ആർക്കു തുള്ളിക്കഞ്ഞി കൊടുക്കാനില്ലെന്നാണ് ഈ പറയുന്ന ആൾ വിഷാദിക്കുന്നത്?

2. കൂട്ടിച്ചേർക്കുക:—

ചങ്ങല+ഇട്ട്+അഥ

തുള്ളി+കഞ്ഞി

കൊടുപ്പാൻ+ഉള്ള+ഒരു+ഉപായം.

പാഠം 5

ആട്.

മനുഷ്യർ പല മൃഗങ്ങളെ വളർത്തിവരുന്നുണ്ടല്ലോ. ഇങ്ങനെയുള്ള വളർത്തുമൃഗങ്ങളിൽ ഒന്നാണ്, ആട്. കാളയും നായും കുതിരയും വളർത്തുമൃഗങ്ങൾ തന്നെ. ഓരോ മൃഗത്തെയും ഓരോ ഉപയോഗത്തിനുവേണ്ടിയാണ്, മനുഷ്യർ വളർത്തുന്നത്.

ആടിനെ ഒററയായും കൂട്ടമായും വളർത്താറുണ്ട്. ആകൃതിയിലും പ്രകൃതിയിലും ശാന്തമായ ഈ ജന്തു മനുഷ്യരോടു വളരെ ഇണങ്ങുന്നു.

പശു ഇരട്ടക്കുളമ്പുള്ള ജീവിയാണ്. ആടിനും ഇരട്ടക്കുളമ്പാണ് ഉള്ളത്. കുതിര ഒററക്കുളമ്പുള്ള

ഒരു മൃഗം ആകുന്നു. ആടിന്റെ ദേഹം മുഴുവനും തടിച്ചുനീണ്ട രോമംകൊണ്ടു മൂടിയിരിക്കും. അതിന്റെ കൊമ്പു കുറിയതും ചെവി നീണ്ടതുമാകുന്നു; കാലുകൾ ചെറുതെങ്കിലും ബലമുള്ളതാണു്. ആടിനു് എവിടെയും തുള്ളിച്ചാടി നടക്കാം; പൊക്കമേറിയ പ്രദേശങ്ങളിൽ അതിവേഗത്തിൽ കേറിയിറങ്ങാം. കാലിനു് അതിനൊക്കെ വേണ്ട കരുത്തുണ്ടു്.



പലതരം ആടുകളുണ്ടു്. നമ്മുടെ നാട്ടിൽ സാധാരണമായി കണ്ടുവരുന്ന ഇനങ്ങൾ കോലാടു്, ചെമ്മരിആടു് എന്നിവയാണു്. ഇവയിൽ കോലാടിന്റെ പാൽ മാത്രമേ കുടിക്കാറുള്ളു. ചെമ്മരിയാടിന്റെ രോമം കൊണ്ടാണു്, നമുക്കു് അധികം പ്രയോജനം. തണുപ്പു് അധികമുള്ള രാജ്യങ്ങളിലെ ആളുകൾ ധരിക്കാറുള്ള കമ്പിളിത്തുണികൾ ചെമ്മരിയാടിന്റെ രോമംകൊണ്ടു് ഉണ്ടാക്കുന്നവയാകുന്നു. കാശ്മീർ-

ദേശത്തെ

സാൽവ പോലുള്ള കൗതുകകരങ്ങളായ പല വസ്തുങ്ങളും ഈ രോമംകൊണ്ടു നിർമ്മിക്കാറുണ്ടു്. ചെമ്മരിയാടിന്റെ കൊമ്പുകൾക്കു് ഒരു പ്രത്യേകതയുണ്ടു്: അവ നീണ്ടു പിരിഞ്ഞു കിടക്കും.

ആടുകൾ മിക്ക ഇലകളും തിന്നും. എങ്കിലും പ്ലാവിലയാണു് അവയ്ക്കു് ഏറെയും ഇഷ്ടമായ ഭക്ഷണം. ആടു് ഔഷധശക്തിയുള്ള ഇലകൾ തിന്നുന്നതുകൊണ്ടായിരിക്കണം, ആട്ടിൻപാലിനു ഗുണം കൂടുതലുള്ളതു്. മേഞ്ഞു നടക്കാൻ മൈതാനങ്ങളും മേടുകളും ധാരാളമില്ലാത്ത നാടുകളിൽ വളർത്തുന്ന ആടുകൾക്കു്, പച്ചിലകൾക്കു പുറമേ പിണ്ണാക്കു്, തവിടു്, കടല മുതലായവയും കൊടുക്കാറുണ്ടു്.

ആടിന്റെ പാൽ കുടിക്കാം; മാംസം ഭക്ഷിക്കയും ചെയ്യാം. മാംസഭുക്കുകൾക്കു് ആട്ടിൻമാംസം രുചികരമായ ഭക്ഷണസാധനമാണു്. ആട്ടിൻതോലുകൊണ്ടു്

ചെരിപ്പും, പെട്ടിയും, സഞ്ചിയും മററു പല സാധന ങ്ങളും ഉണ്ടാക്കിവരുന്നു.

അഞ്ചു മാസംകൊണ്ട് ആട്ട പ്രസവിക്കുന്നു. ഓരോ പ്രസവത്തിലും രണ്ടും മൂന്നും കുട്ടികളുണ്ടായിരിക്കും. ചെറിയ കുട്ടികൾ തള്ളയുടെ പാൽ കുടിച്ചു വളരുന്നു. ആട്ടിൻകുട്ടികൾ പ്രസരിപ്പോടെ തുള്ളിച്ചാടി നടക്കുന്നതും കളിക്കുന്നതും കാണാൻ എന്തൊരു കൌതുകമാണെന്നോ!

നല്ലതരം ആട്ടകൾ ഏററവും അധികമുള്ളത് ആസ്ത്രേലിയയിലാണ്. അവിടെ പരിഷ്കൃതമായ രീതിയിൽ അവയെ വളർത്തിപ്പോരുന്നു. നമ്മുടെ ആട്ടകൾ അവയേക്കാൾ പാലു കുറഞ്ഞവയാണ്. നമ്മുടെ രാജ്യത്തിൽത്തന്നെ ഉത്തരേന്ത്യയിലെ ആട്ടകൾ ഭക്ഷിണേന്ത്യയിലുള്ളവയേക്കാൾ പാലും മാംസവും കൂടിയവയാകുന്നു.

അഭ്യാസം

1. (i) പകരം ശരിച്ചു വാക്കുകൾ എഴുതുക!—

മാംസം ഭുജിക്കുന്നവർ—

[സസ്യം ഭുജിക്കുന്നവരെ ഇതുപോലെ എന്തു പറയാം ?]

സ്വാദു കൂടിയ—

പരിഷ്ക്കാരമുള്ള സമ്പ്രദായം—

[പരിഷ്ക്കാരമില്ലാത്ത സമ്പ്രദായം ആണെങ്കിലോ? എന്തു പറയണമപ്പോൾ?]

[മാംസഭുക്ക്, സസ്യഭുക്ക്, രുചിയേറിയ, പരിഷ്കൃതമായ രീതി, അപരിഷ്കൃതമായ രീതി? ഇവ യഥാസ്ഥാനം പ്രയോഗിച്ചാൽ മതി]

(ii) ആടിൻെറ പാൽ —

ആടിൻെറ മാംസം —

[ഭക്ഷിക്കാം, കുടിക്കാം ഈ പദങ്ങൾ യഥാസ്ഥാനം ചേർത്തു വാക്യം പൂർണ്ണമാക്കുക]

ആടുകൾ ചില — തിന്നും.

ആടുകൾ മിക്ക — തിന്നും.

[ഇലകളും, ഇല ഈ വാക്കുകൾ യഥാസ്ഥാനം ചേർത്തു വാക്യം പൂർണ്ണമാക്കുക]

2. (i) മൃഗങ്ങളുടേയും പക്ഷികളുടേയും പേരുകളുടെ അടിയിൽ വരയിടുക:—

കുതിരയും കാളയും വണ്ടിവലിക്കുന്നു. ആടുകളും പശുക്കളും പാൽ തരുന്നു. പ്രാവും കാക്കയും പരുന്തും കൂട്ടുകെട്ടുന്നു.

വണ്ടി എന്നതു് ചക്രങ്ങളുള്ള ഒരു വാഹനത്തിൻെറ പേരാണു്. 'പാൽ' കുടിക്കാൻ കൊള്ളാവുന്ന ഒരു വസ്തുവിൻെറ പേരു്. ഒന്നിൻെറ പേരായ ശബ്ദം നാമമാകുന്നു. 'പശു', 'ആടു്', 'പരുന്തു്', 'പാലു്', 'മനുഷ്യൻ', 'കൂടു്', ഈ ശബ്ദങ്ങളൊക്കെ നാമങ്ങളാണു്.

3 (i) ആടു് || പാൽ തരുന്നു.

(ii) പശു || പാൽ തരുന്നു.

പൂരിപ്പിക്കുക:—

ആടും പശുവും —

[ആടും പശുവും എന്തു തരുന്നു? ഈ ചോദ്യത്തിൻെറ ഉത്തരം ചേർത്താൽ മതി.]

പാഠം 6

വേലയുടെ മേന്മ

പണ്ടു് ബാഗ്ദാദ് എന്ന പട്ടണത്തിൽ ധനികനും ബുദ്ധിമാനുമായ ഒരു കച്ചവടക്കാരൻ ഉണ്ടായിരുന്നു. തന്റെ തൊഴിലിൽ അയാൾ പ്രദർശിപ്പിച്ച താല്പര്യം കച്ചവടത്തിന്റെ വളർച്ചയ്ക്കു കാരണമായി.

ആ വ്യാപാരിയുടെ ഏകപുത്രനായിരുന്നു, ഇബ്രാഹിം. അവനെ പിതാവു തക്കസമയത്തു പാഠശാലയിൽ അയച്ച്, വേണ്ട കാര്യങ്ങളെല്ലാം പഠിപ്പിച്ചു. മിടുക്കനായ ആ ബാലൻ പഠിപ്പു പൂർത്തിയാക്കിയതിനുശേഷം കച്ചവടത്തിൽ പിതാവിനെ സഹായിക്കാൻ തുടങ്ങി.

വിദേശങ്ങളുമായുള്ള വ്യാപാരത്തിലും സ്വപുത്രൻ സമർത്ഥനാകണമെന്നു് അച്ഛൻ ആഗ്രഹിച്ചു. ഒരു ദിവസം കച്ചവടത്തിനുവേണ്ട സാധനങ്ങളോടുകൂടി ഇബ്രാഹിമിനെ കുറച്ചകലെയുള്ള ഒരു പട്ടണത്തിലേയ്ക്കു് അയാൾ അയച്ചു.

ഇന്നത്തെപ്പോലെ യാത്രാസൌകര്യങ്ങൾ അന്നുണ്ടായിരുന്നില്ല. ഇബ്രാഹിമും കൂട്ടുകാരും യാത്രചെയ്തു ക്ഷീണിച്ച് ഒരിടത്തു വിശ്രമിച്ചു. അതൊരു വിജനസ്ഥലമായിരുന്നു. യാത്രക്കാരിൽ ചിലർ ഭക്ഷണം പാകംചെയ്‌വാൻ തുടങ്ങിയപ്പോൾ ഇബ്രാഹിം ഒന്നുരണ്ടു ചെറുപ്പക്കാരേയും കൂട്ടി ആ സ്ഥലമൊന്നു നോക്കിക്കാണാൻ പുറപ്പെട്ടു.

നല്ല നിലാവുള്ള രാത്രി! യാത്രയുടെ ക്ഷീണം മൊക്കെ അപ്പോൾ ആ യുവാക്കന്മാർ മറന്നു. അവർക്കു് ഒരുണർവ്വു തോന്നുകയും ചെയ്തു. അങ്ങനെ അവർ കുറച്ചുദൂരം പോയി.

നടന്നു നടന്നു് ഒരുദിക്കിൽ ഇരിക്കാൻ ഭാവിച്ച പ്പോഴുണ്ടു്, ഒരു വൃദ്ധനായ കുറുക്കൻ കണ്മുന്നിൽ. പാവം കുറുക്കൻ! അതു വല്ലാതെ തളർന്നു കിടക്കുകയാ യിരുന്നു. എഴുന്നേല്ക്കാൻപോലും അതിന്നു കഴി ഞ്ഞിരുന്നില്ല. അതു വിശന്നു ചാവുകയേഉള്ളു എന്നു് ഇബ്രാഹിം കരുതി. അപ്പോഴെയ്ക്കും ഒരു സിംഹം അവിടെ എത്തി. മൂപ്പർ താൻ വേട്ടയാടിയ ഒരു മൃഗത്തെ വലിച്ചിഴച്ചു കൊണ്ടുവരികയായിരുന്നു. സിംഹത്തെ ഭയന്നു് ഇബ്രാഹിമും കൂട്ടുകാരും ഒരു മര ത്തിൻെറ മുകളിൽക്കേറിയിരിപ്പായി.

തൻെറ ഇരയുടെ പകുതിയോളം തിന്നപ്പോ ഴെയ്ക്കും സിംഹത്തിന്നു മതിയായി. ബാക്കിയുള്ളതു് അവിടെയിട്ടു്, ആ മൃഗരാജൻ അന്തസ്സോടെ സ്ഥലം വിട്ടു.

കുറുക്കനാകട്ടെ, തൻെറ ഭാഗ്യമെന്നു കരുതി സന്തോഷിച്ചു. സിംഹത്തിൻെറ ദയകൊണ്ടു കിട്ടിയ എച്ചിൽ മെല്ലെ മെല്ലെ തിന്നാൻ തുടങ്ങി.

ഇതെല്ലാം നോക്കിക്കണ്ട ഇബ്രാഹിമിന്നു ആശ്ചര്യം തോന്നി. "ദൈവം എല്ലാ ജീവജാല ങ്ങൾക്കും ഭക്ഷണം നൽകുമെന്നു പറഞ്ഞതു് എത്ര വാസ്തവം! ഞാൻ എന്തിനു് ഇങ്ങനെ കഷ്ടപ്പെടുന്നു? ഈ കുറുക്കൻ വല്ല പണിയുമെടുത്തുവോ? എന്നിട്ടും തീററി കിട്ടിയില്ലേ? അതുപോലെ എനിക്കും

കിട്ടില്ലേ ?" ഇങ്ങനെയാണ് അമ്പൻ ആലോചിച്ചത്. ഒടുവിൽ, വേല ചെയ്യാതെ ജീവിക്കുന്നതാണ്, നല്ല തെന്ന് അയാൾ തീരുമാനിച്ചു; പിറേറന്നു രാവിലേ തന്നെ നാട്ടിലേയ്ക്കു പുറപ്പെട്ടുകയും ചെയ്തു.

കൊണ്ടുപോയ സാധനം ഒന്നും വില്ക്കാതെ മടങ്ങിവന്ന പുത്രനെ കണ്ടപ്പോൾ അച്ഛൻ അമ്പരന്നു, അയാാം മകനോടു ചോദിച്ചു: "നിനക്കെന്തുപററി?" നടന്നതെല്ലാം മകൻ വിവരിച്ചു. അപ്പോൾ അച്ഛൻ പറഞ്ഞതു് ഇങ്ങനെയാണ്:

"മകനേ, നീ വല്ലാത്ത അബദ്ധത്തിലാണ് ചെന്നുപെട്ടതു്. സ്വന്തം പ്രയത്നംകൊണ്ടു് ആഹാരം സമ്പാദിക്കുന്ന ആ കേസരിയെപ്പോലെ നീയും ആകണം. അതിന്നാണ്, ഞാൻ നിന്നെ അയച്ചതു്. വിശന്നു വലയുന്ന അഗതികൾക്കു് ആഹാരം നൽകാൻ നിനക്കു കഴിയണം. അല്ലാതെ ആ കുറുക്കനെപ്പോലെ മററുള്ളവരുടെ എച്ചിലും കാത്തു ഉമിനീരിറക്കിക്കിടക്കുകയല്ല വേണ്ടതു്."

പ്രയത്നത്തെ ആദരിക്കുന്ന പൗരുഷശാലിയായ പിതാവിൻെറ ഉപദേശം മകൻെറ കണ്ണു തുറപ്പിച്ചു. താൻ ചെയ്തതു തെററായിപ്പോയെന്നു് ആ ചെറുപ്പക്കാരനു ബോദ്ധ്യമായി. മേലിൽ സ്വപ്രയത്നം കൊണ്ടേ ജീവിക്കൂ എന്നു് അവൻ ഉറച്ചു. അനാഥരെ സംരക്ഷിക്കാൻ കഴിയുന്നത്ര ശ്രമിക്കുമെന്നു് അവൻ പ്രതിജ്ഞയും ചെയ്തു.

അഭ്യാസം.

1. (i) പകരം പറ്റിയ വാക്ക് എഴുതുക —
ബുദ്ധിയുള്ളവൻ=
പൗരുഷമുള്ളവൻ=
ശപഥംചെയ്തു=
ഗതിയില്ലാത്തവൻ=
പ്രഭാതത്തിൽ=

(ii) വിപരീതപദം എഴുതുക—
സ്വദേശം × —   അസൗകര്യം × —
സനാഥൻ × —

[വിദേശം, അനാഥൻ, സൗകര്യം ഈ വാക്കുകൾ പാഠത്തിലുള്ളതു് ഓർമ്മിക്കട്ടെ.]

(iii) സിംഹം എന്നതിനു പകരം ഈ പാഠത്തിൽ കാണുന്ന മറ്റു വാക്കുകൾ എഴുതുക.

2. കച്ചവടക്കാരൻ മകനെ എന്തിനാണയച്ചതു്? ഇബ്രാഹിം എന്തു ചെയ്തു? പ്രയത്നിക്കാതെ ജീവിക്കാമെന്നു് അയാൾക്കു് എന്തുകൊണ്ടു തോന്നി? അച്ഛൻ എന്തുപദേശിച്ചു? മകൻ എന്തു തീരുമാനിച്ചു? മകൻ എന്തു പ്രതിജ്ഞചെയ്തു?

3. വാക്യമാക്കുക—

(i) സിംഹം	—	(i)	മുരളുന്നു
(ii) കുറുക്കൻ	—	(ii)	കുരയ്ക്കുന്നു
(iii) നായ്	—	(iii)	ഓലിയിടുന്നു
(iv) കൂമൻ	—	(iv)	മൂളുന്നു
(v) വണ്ടു്	—	(v)	മൂളുന്നു.

[രണ്ടാമത്തെ പങ്തിയിൽനിന്നും യോജിക്കുന്ന പദം തിരഞ്ഞെടുത്തു് ഓരോന്നിൻെറയും നേരെ എഴുതുക].

അച്ഛൻ, മകൻ, ഉപദേശിച്ചു, അനുസരിച്ചു—ഈ നാലു പദങ്ങൾകൊണ്ടു രണ്ടു വാക്യമുണ്ടാക്കുക ആരുപദേശിച്ചു, ആരനുസരിച്ചു എന്നെഴുതിയാൽ മതി.

പാഠം 7

എത്ര പണം വേണം ?

അർത്ഥമെത്ര വളരെയുണ്ടായാലും
തൃപ്തിയാകാ മനസ്സിന്നൊരു കാലം
പത്തുകിട്ടുകിൽ നൂറു മതിയെന്നും
ശതമാകിൽ സഹസ്രം മതിയെന്നും

ആയിരം പണം കിട്ടുകിലോപതി-
നായിരമാകിലാശ്ചര്യമെന്നതും
ആശയായുള്ള പാശമതിങ്കേന്നു
വേർവിടാതെ കരേറുന്നു മേൽക്കുമേൽ

സത്തുക്കൾ ചെന്നിരന്നാകിലർത്ഥത്തിൽ
സ്വല്പമാത്രം കൊടാ ചില ദുഷ്ടന്മാർ
ചത്തുപോംനേരം വസ്തുമതുപോലും
എത്തിടാ കൊണ്ടുപോവാനൊരുത്തർക്കും.

ജ്ഞാനപ്പാന] [പൂന്താനം

അഭ്യാസം.

1. എത്ര കിട്ടിയാലും മതിയാകാത്തതു് എന്താണു്?
2. സജ്ജനങ്ങൾ ചെന്നു ചോദിച്ചാൽ ദുർജ്ജനങ്ങൾ എന്തു ചെയ്യുന്നു?
3. മനസ്സ് ഏതു കയറിന്മേൽ പിടിച്ചാണു മുകളിലേയ്ക്കു കയറുന്നതു്? ഏതു കയറിന്റെ നീളത്തിനാണു് അവസാനമില്ലാത്തതു്?

4 കയർ എന്ത അർത്ഥത്തിൽ ഈ പാഠത്തിൽ ഉപയോഗിച്ചിട്ടുള്ള വാക്കെന്താണ്? (പ്രാശം)

5. വിപരീതപദം എഴുതുക:—

അസത്തുക്കൾ × —

ശിഷ്ടന്മാർ × —

6. പകരം പഠിച്ച വാക്കു പറയുക:—

നൂറ്, ആയിരം.

പാഠം 8

ചിറകുള്ള വിരുന്നുകാരി

ഞാൻ മുറിയിൽ വായിച്ചുകൊണ്ടിരിക്കയായിരുന്നു. പുറത്തു നല്ല മഴ; തണുത്ത കാറ്റും. എങ്കിലും മുറിയുടെ ജനാല തുറന്നുതന്നെയാണു കിടന്നിരുന്നതു്. ജനാലയുടെ അടിയിലായി വന്നിരിക്കാറുള്ള പ്രാവുകൾക്കു തീററ കൊട്ടുകയായിരുന്നു അച്ഛൻ. അതു കഴിഞ്ഞപ്പോൾ അച്ഛൻ ജനാലയുടെ അടുത്തുനിന്നു മാറി. ഒരു വലിയ കാററടിച്ചതിനാൽ ജനാല തന്നെത്താൻ അടഞ്ഞു. പെട്ടെന്നുണ്ടായ ശബ്ദം കേട്ടു പ്രാവുകളെല്ലാം പറന്നുപോയി. അതേവരെ ആരും കാണാതിരുന്ന ഒരു കുരുവി മാത്രം അവിടെ ശേഷിച്ചു.

ആ ചെറിയ പക്ഷി, ഒരു പക്ഷേ പേടിച്ചുപോയിരിക്കാം. വിശാലമായ അന്തരീക്ഷത്തിൽനിന്നു് അതു് ഒരു ചെറിയ മുറിയിൽ വന്നു പെട്ടിരിക്ക

യാണല്ലോ. ഭിത്തികളിലും മുറിയിൽ കിടന്നിരുന്ന വീട്ടു സാമാനങ്ങളിലും തട്ടി മുട്ടി ആ പക്ഷി അവിടെ എല്ലാം പറന്നു നടന്നു. പുറത്തേയ്ക്കു പോകാൻ വഴി കാണാതെ അതു വിഷമിക്കയായിരിക്കാം.

കാണാൻ ഭംഗിയുള്ള ആ ചെറു ജീവിയെ പിടിക്കാൻ എനിക്കു കൗതുകം തോന്നി. പക്ഷേ അച്ഛനു് അതു സമ്മതമായില്ല. അച്ഛൻ പറഞ്ഞു:—

"അതിൻെറ ഇഷ്ടംപോലെ വിട്ടേക്കൂ; പറന്നു നടക്കട്ടെ. കുറെ കഴിയുമ്പോൾ തന്നത്താൻ മെരുങ്ങിക്കൊള്ളും".



ഞങ്ങൾ പക്ഷിയെ തിരിഞ്ഞുനോക്കുകപോലും ചെയ്യുന്നില്ലെന്നു നടിച്ചു. പക്ഷേ, ശ്രദ്ധ മുഴുവൻ അവിടെയായിരുന്നുതാനും. കുറച്ചു കഴിഞ്ഞപ്പോൾ അതു മുറിയിലുണ്ടായിരുന്ന പ്രതിമയുടെ മുകളിൽ വന്നിരുന്നു കൗതുകപൂർവ്വം ഞങ്ങളെ സൂക്ഷിച്ചുനോക്കാൻ

തുടങ്ങി. ഇളം പ്രായത്തിലുള്ള ഒരു പക്ഷിയായിരുന്നു അതു്. കൊക്കിൻെറ കോണുകളിലെ മഞ്ഞനിറം അപ്പോഴും മുഴവൻ മാറിക്കഴിഞ്ഞിരുന്നില്ല.

ആ ക്ഷണിക്കപ്പെടാത്ത അതിഥിയുടെ പരിഭ്രമം അല്പമൊന്നു കുറഞ്ഞു എന്നു കണ്ടപ്പോൾ ഞാൻ കുറച്ചു ചോറും വെള്ളവും ഒരു പാത്രത്തിലാക്കി അതിനു വച്ചുകൊടുത്തു. അതു പേടിക്കാതിരിക്കാൻ വേണ്ടി അകലെ കസേരയിൽ പോയിരുന്നു പുസ്തകം നിവർത്തി വായിക്കുന്ന ഭാവം നടിച്ചു. കുരുവി അതിലേയും ഇതിലേയും തത്തിത്തത്തി പാത്രത്തിൻെറ അടുക്കലേയ്ക്കു വന്നു. ആദ്യം അല്പം പേടിയോടു കൂടിയാണു്, ചോറു കൊത്തിത്തിന്നാൻ തുടങ്ങിയതു്. ഏതാനും നിമിഷം കഴിഞ്ഞപ്പോൾ അതു ധൈര്യപൂർവ്വം ഭക്ഷണം കഴിക്കാനാരംഭിച്ചു.

ഒരു പക്ഷേ, അതിനു മുൻപു് ഇത്രയധികം ഭക്ഷണം ആ പക്ഷി ഒരിക്കലും ഒന്നിച്ചു കണ്ടിരിക്കയില്ല. വയറു നിറയെ തിന്നു. വീർത്ത വയറുംകൊണ്ടു് അന്തസ്സുഭാവിച്ചു് അതു പരവതാനിയിൽ പതുക്കെ നടന്നു തുടങ്ങി. കുറെ കഴിഞ്ഞപ്പോൾ മുറിയിലുണ്ടായിരുന്ന ഓരോ സാധനങ്ങളിലേയ്ക്കും പറന്നുചെന്നു. നല്ല ധൈര്യം വന്നപ്പോൾ അതു് അവിടെ കിടന്നിരുന്ന ഒരു കമ്പിളിക്കരടിയുടെമേൽ ഉരച്ചു് കൊക്കു വൃത്തിയാക്കുക കൂടി ചെയ്തു. ഞങ്ങൾ ആ കുരുവിക്കു 'കുക്കു' എന്നു പേരിട്ടു.

പകൽ അവസാനിച്ചു. സന്ധ്യയായപ്പോൾ ഞങ്ങൾ വിളക്കു കൊളുത്തി. കുക്കു വിളക്കിൻെറ നിഴലിലിരുന്നു് ഉറങ്ങാൻ തുടങ്ങി. വയറു നിറയെ

കിട്ടിയ ആഹാരവും വിളക്കിൻെറ ഇളം ചൂടുമായിരിക്കാം അതിനെ പെട്ടെന്നു ഉറക്കിയതു്. അത്താഴം കഴിഞ്ഞു ഞങ്ങളും ഉറങ്ങാൻ കിടന്നു.

'കുക്കു'വിൻെറ ശബ്ദമാണു് രാവിലെ എന്നെ ഉറക്കത്തിൽ നിന്നു് ഉണർത്തിയതു്. അതിൻെറ പ്രാതൽ പോലും കഴിഞ്ഞിരുന്നതായി തോന്നി. എന്തുകൊണ്ടെന്നാൽ, പാത്രത്തിൽ ഒരു വററുപോലും ശേഷിച്ചിരുന്നില്ല.

ഞങ്ങൾ എഴുന്നേററു ജനൽ തുറന്നിട്ടു. ഞങ്ങളുടെ കൂടെ താമസിക്കയോ ഇഷ്ടംപോലെ പുറത്തേയ്ക്കു പറന്നു പോകയോ ചെയ്യാനുള്ള സ്വാതന്ത്ര്യം ആ കൊച്ചു പക്ഷിക്കു കൊടുക്കാൻ വേണ്ടിയാണു് അങ്ങനെ ചെയ്തതു്.

അന്നും പകൽ മുഴുവൻ മഴയായിരുന്നു. മുററത്തു നിന്നിരുന്ന മാവിന്മേലിരുന്നു് ഒരു കൂട്ടം കുരുവികൾ ബഹളം കൂട്ടിത്തുടങ്ങി. തമ്മിൽ വഴക്കുകൂട്ടുന്നതായിട്ടാണു തോന്നിയതു്. കുക്കു ഇളകിവശായി. തുറന്നു കിടന്ന ജന്നാലയിലേയ്ക്കു് അതു പറന്നു ചെന്നു. പക്ഷേ, മുറിവിട്ടു പുറത്തേയ്ക്കു പോയില്ല.

നേരം ഉച്ചതിരിഞ്ഞിട്ടും മഴ തോർന്നതേയില്ല. ആ കൊച്ചു വിരുന്നുകാരിയുടെ മുത്താഴവും ഇതിനകം കഴിഞ്ഞിരുന്നു. യാതൊരു പരിഭ്രമവും കൂടാതെയാണു്, കുക്കു അന്നു് ആഹാരം കഴിച്ചതു്. അപ്പോഴും കുരുവികൾ മാവിന്മേൽ ശണ്ഠ കൂടിക്കൊണ്ടുതന്നെയിരുന്നു. പെട്ടെന്നു്, ഞങ്ങളുടെ ആ കൊച്ചതിഥി മുറിക്കുള്ളിൽ പൊങ്ങിപ്പറക്കുകയും, ഞങ്ങളോടു യാത്ര ചോദിക്കുംപോലെ ഉറക്കെ ശബ്ദിക്കുകയും ചെയ്തശേഷം ജന്നാലയിൽക്കൂടി പുറത്തേയ്ക്കു പറന്നുപോയി.

നല്ല ഭക്ഷണത്തിനോ ഇളംചൂടിനോ രക്ഷയ്ക്കോ അതിനെ തടഞ്ഞുനിർത്താൻ കഴിഞ്ഞില്ല. തണുപ്പും വിശപ്പുമുള്ളതും അപകടം നിറഞ്ഞതുമായ ഒരു ലോകത്തിലേയ്ക്കു് അതു പറന്നുപോവുകതന്നെ ചെയ്തു.

ആ ചങ്ങാതി പോയപ്പോൾ എനിക്കു് ഒരു വല്ലായ്മ തോന്നി: ഒരു കൊച്ചനുജത്തി പോയതു പോലെ!

അഭ്യാസം.

1. പകരം പദമെഴുതി വാക്കെഴുതുക:—
   1. വിരുന്നുകാരൻ=
   2. ചുമരു്=
   3. കാലത്തെ ലഘുവായ ആഹാരം—

2. വിശാലമായ ആകാശത്തിൽനിന്നു് അതു മുറിയിലേയ്ക്കു വന്നു. അടിയിൽ വരയിട്ടിട്ടുള്ള വാക്കിനു പകരം പഠിച്ച പുതിയ പദം ചേർക്കുക. (അന്തരീക്ഷത്തിൽനിന്നു്)

3. 'ഞങ്ങൾ വിളക്കു കൊളുത്തി' ഞങ്ങൾ എന്താണു ചെയ്തതു്? 'കൊളുത്തി' എന്ന വാക്കു് ഞങ്ങൾ ചെയ്ത പ്രവൃത്തിയെ കുറിക്കുന്നു. ഇങ്ങനെ പ്രവൃത്തിയെ കുറിക്കുന്ന അനേകം ശബ്ദങ്ങളുണ്ടു്. താഴെ എഴുതുന്ന വാക്യങ്ങളിൽ നിന്നു പ്രവൃത്തിയെ കുറിക്കുന്ന ശബ്ദങ്ങൾ മാത്രം എഴുതുക.

   (i) കുരുവി പറന്നു. (ii) അച്ഛൻ ജനാല തുറന്നു (iii) ഞങ്ങൾ ഉറങ്ങാൻ കിടന്നു (iv) കുരുവി മാത്രം ഭക്ഷിച്ചു

പ്രവൃത്തിയെ കാണിക്കുന്ന ശബ്ദമാണു് ക്രിയ

ഉറങ്ങുന്നു, പറക്കുന്നു, പറഞ്ഞു, പഠിക്കും, ഇവയൊക്കെ ക്രിയാപദങ്ങളാകുന്നു.

4. താഴെ എഴുതുന്ന നാമങ്ങൾക്കു യോജിച്ച ക്രിയാ പദം തിരഞ്ഞെടുത്തു ചേർത്തു വാക്യമാക്കുക:—

(i) മത്സ്യങ്ങൾ	(i) കൂടുകെട്ടുന്നു
(ii) കുരുവികൾ	(ii) നീന്തുന്നു
(iii) പിച്ചക്കാർ	(iii) ഇരക്കുന്നു

5. വരയിട്ട ഭാഗങ്ങളിൽ യോജിക്കുന്ന പദം ചേർക്കുക:—

കാലത്തു് പ്രാതൽ, ഉച്ചക്കു് —, രാത്രി,—

[അത്താഴം, മുത്താഴം ഈ വാക്കുകൾ യഥാസ്ഥാനം ചേർത്താൽ മതി]

പാഠം 9

വിളക്കുകൾ

നമുക്കു നിത്യോപയോഗമുള്ള ഒരു ഗൃഹോപകരണമാണു വിളക്കു്. എന്നാൽ എല്ലാവരുടെ വീടുകളിലുമുള്ള വിളക്കുകൾ ഒരേതരമായിരിക്കുകയില്ല. നഗരങ്ങളിലും നഗരപരിസരങ്ങളിലും വൈദ്യുത വിളക്കുകൾ സാധാരണമാണു്. നാട്ടിൻപുറങ്ങളിൽ മണ്ണെണ്ണ വിളക്കുകളാണു് അധികം. എണ്ണയോ നെയ്യോ ഒഴിച്ചു കത്തിക്കുന്ന വിളക്കുകൾ ക്ഷേത്രങ്ങളിൽ കാണാം. പള്ളികളിൽ മെഴുകുതിരി കത്തിക്കുന്നു. വിളക്കുകളുടെ രൂപം എന്തായാലും, പ്രയോജനം ഒന്നുതന്നെയാണു്. വിളക്കുകൾ വെളിച്ചം തരുന്നു. ഇരുട്ടിൽനിന്നും, ഇരുട്ടിൽ ഒളിഞ്ഞുകിടക്കുന്ന ആപത്തുകളിൽനിന്നും, നമ്മെ രക്ഷിക്കുന്നു.

വിളക്കുകൾ ഇല്ലാതിരുന്ന ഒരു കാലത്തെപ്പററി നിങ്ങൾക്കു സങ്കല്പിക്കാമോ? അങ്ങനേയും ഉണ്ടായിരുന്നു ഒരു കാലം. അന്നു് അഗ്നികുണ്ഡങ്ങൾക്കു ചുററും ഇരുന്നും കിടന്നും ആളുകൾ രാത്രി കഴിച്ചുവന്നു. ഇന്നും നമ്മുടെ രാജ്യത്തിലെ കാടുകളിൽ ഉള്ള ചില ജനവർഗ്ഗങ്ങൾ രാത്രി കഴിച്ചുകൂട്ടുന്നതു് അങ്ങനെയാണു്. രാത്രിയിൽ വല്ല സ്ഥലത്തേയ്ക്കും പോകേണ്ടിവരുമ്പോൾ അവർ ഒരു കൊള്ളിയോ ചൂട്ടോ എടുത്തുകൊണ്ടു പോകുന്നു. ചൂട്ടു് ഉപയോഗിക്കുന്നവർ നാട്ടിൻപുറങ്ങളിലും കുറവല്ല. വിളക്കില്ലാതിരുന്ന പഴയ കാലത്തിൻെറ സ്മാരകമാണു് ചൂട്ടു്.

എള്ളു്, തേങ്ങ, നിലക്കടല, ഓടല്ക്കുരു, മരോട്ടിക്കുരു, ആവണക്കിൻകുരു മുതലായ എണ്ണവിത്തുകൾ ആട്ടി എണ്ണ എടുക്കാൻ മനുഷ്യർ പഠിച്ചതോടെ വിളക്കുകളും ഉണ്ടായി. പല അവസരങ്ങളിൽ, പല ഉദ്ദേശ്യങ്ങൾക്കായി മനുഷ്യർ പലതരം വിളക്കുകൾ നിർമ്മിച്ചു. ക്ഷേത്രങ്ങളിൽ ഇന്നും കാണാവുന്ന കല്ലുവിളക്കും മൺചിരാത്തും വിളക്കിൻെറ പഴയ രൂപങ്ങളാണു്. ഓടുകൊണ്ടും ഇരുമ്പുകൊണ്ടുമുള്ള വിളക്കുകൾ പില്ക്കാലത്തു് ഉണ്ടാക്കാൻ തുടങ്ങി. ഓടുകൊണ്ടുള്ള ചങ്ങലവട്ടയും, കവരവിളക്കും, തൂക്കുവിളക്കും, മാലവിളക്കും, കുത്തുവിളക്കും, നിലവിളക്കും നിങ്ങൾ കണ്ടിരിക്കും. ഇവയിൽ പലതും കാഴ്ചയ്ക്കു വളരെ ഭംഗിയുള്ളവയാണു്.

ഇത്തരം വിളക്കുകൾ വീടുകളുടെ ഉള്ളിൽ മാത്രമേ ഉപകരിക്കുകയുള്ളു. നല്ല കാററുള്ളപ്പോൾ ഇവ കെട്ടുപോകും. എത്ര ശക്തിയായ കാററിലും കെടാത്ത വിളക്കുകൾ ഉണ്ടാക്കാൻ കഴിഞ്ഞതു്


1
2
3
4
5
6

മണ്ണെണ്ണ കണ്ടുപിടിച്ചശേഷമാണ്. മററുള്ള എണ്ണ കളെക്കാൾ കനം കുറവാണു മണ്ണെണ്ണയ്ക്ക്. അതു തിരിയിലൂടെ കുത്തനെ മേല്പോട്ടു കയറിക്കൊള്ളും. ചിമ്മിനിവച്ച് അതിൻെറ നാളം കാററത്തു് കെടാതെ നിർത്താം. നാം ധാരാളമായി ഉപയോഗിക്കുന്ന റാന്തൽവിളക്കിനു വലിയ കാററത്തും കെടാതെ നില്ക്കാൻ കഴിയും. മററു് എണ്ണകളെ അപേക്ഷിച്ച് മണ്ണെണ്ണയ്ക്കു വില കുറവുമാണ്. ഇതെല്ലാമാണ്, മണ്ണെണ്ണവിളക്കുകൾക്കു് ഉള്ള മെച്ചം. ചൂടു പിടിച്ചാൽ മണ്ണെണ്ണയിൽനിന്നും പുറപ്പെടുന്ന വാതകം നല്ലപോലെ കത്തുന്ന ഒരു വസ്തുവാണ്. "പെട്രോമാക്സ്" വിളക്കിൽ കത്തുന്നതു് ഈ 'ഗ്യാസാ'കുന്നു. ഈ വിളക്കിൻെറ അടിത്തട്ടിൽ മണ്ണെണ്ണ ഒഴിച്ച്, കാററടിച്ചാൽ എണ്ണ മേലോട്ടു കയറുകയും ആ എണ്ണ ചൂടുകൊണ്ടു് ഗ്യാസായി പരിണമിച്ചു നല്ല പ്രകാശത്തോടുകൂടി കത്തുകയും ചെയ്യുന്നു. അതിൻെറ നിലാവു പോലെയുള്ള വെളിച്ചം കണ്ണുകളെ ആനന്ദിപ്പിക്കുന്നു.

എണ്ണയുടെ സഹായമില്ലാതെ കത്തുന്ന ഒരുതരം വിളക്കുകൾ നിങ്ങൾ കണ്ടിരിക്കുമല്ലോ. പട്ടണങ്ങളിൽ വെളിച്ചം കിട്ടുവാൻ ഇത്തരം വിളക്കുകളാണ് ഉപയോഗിക്കുന്നതു്. ഇവ കത്തുന്നതു് വിദ്യുച്ഛക്തി കൊണ്ടാണ്. ഈ വിളക്കുകൾക്കു് ചൂടു് വളരെ കുറവാകുന്നു. പുക തീരെ ഇല്ല. തീ പിടിക്കുമെന്ന ഭയവും വേണ്ട. വളരെ എളുപ്പത്തിൽ അവയെ കത്തിക്കുകയും കെടുത്തുകയും ചെയ്യാം. പല ആകൃതിയിലും വലിപ്പത്തിലും വൈദ്യുതവിളക്കുകൾ ഉണ്ടാക്കാം. വൈദ്യുതദീപങ്ങൾക്കു നല്ല വെളിച്ചമു

ണ്ടെന്നു മാത്രമല്ല, ചെലവും വളരെ കുറവാണു്. അതിനാൽ ആ വിളക്കുകൾ എല്ലാവരും ഇഷ്ടപ്പെടുന്നതിൽ അത്ഭുതമുണ്ടോ?

അഭ്യാസം.

1. (i) ചേർത്തെഴുതുക:—

   നിത്യ+ഉപയോഗം=

   ഗൃഹ+ഉപകരണം =

   (ii) പകരം പഠിച്ച വാക്കു് എഴുതുക:—

   1. എന്നും ഉപയോഗമുള്ള=
   2. വീട്ടിൽ ഉപകരിക്കുന്ന സാധനങ്ങൾ=
   3. വിദ്യുച്ഛക്തികൊണ്ടു കത്തുന്ന ദീപം=

   (iii) പകരം പഠിച്ച മറെറാരു വാക്കു് എഴുതുക:—

   1. ഗ്യാസ്=　　3. ആയിത്തീരുക=
   2. വിളക്കു്=　　4. ചുററുപാടുകൾ=

2. 'വിളക്കു വെളിച്ചം തരുന്നു'—ഏതു വസ്തുവിനെ കുറിച്ചാണു്, ഇവിടെ പറയുന്നതു്? അതു് എന്തു ചെയ്യുന്നു?

   'അമ്മ വിളക്കു കൊളുത്തുന്നു'— ആരെക്കുറിച്ചാണു് ഇവിടെ പറയുന്നതു്? ആ ആൾ എന്തു ചെയ്യുന്നു?

   [ആഖ്യയെന്നും ആഖ്യാതമെന്നും ഇപ്പോൾ പറയേണ്ട. ഇങ്ങനെ രണ്ടുഭാഗം ചേർന്നാണു്, ഒരു വിചാരം പൂർണ്ണമാകുന്നതെന്നു് ഏതാനും ഉദാഹരണങ്ങളാൽ ഗ്രഹിപ്പിച്ചാൽ മതി]

3. (i) വിളക്കുകൾകൊണ്ടുള്ള പ്രയോജനമെന്തു്?

   (ii) പെട്രോമാക്സ് കത്തുന്നതെങ്ങനെ?

   (iii) മണ്ണെണ്ണ വിളക്കുകൾക്കുള്ള മെച്ചമെന്താണു്?

   (iv) എണ്ണ കൂടാതെ കത്തുന്നതു് ഏതു ദീപമാണു്? അതിനെ എന്തുകൊണ്ടാണു് ആളുകൾ അധികം ഇഷ്ടപ്പെടുന്നതു്?

   (v) വിളക്കില്ലാതിരുന്ന കാലത്തു് ആളുകൾ എങ്ങനെ കഴിഞ്ഞുകൂടിയിരുന്നു?

——

പാഠം 10

പൂക്കാലം

പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം
വാഴ്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾ പോലേ.

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു
ഉല്ലാസമീ നീണ്ട കൂക്കുരത്തവാ-
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ.

കാണുന്നിതാ രാവിലേ പൂവുതേടി
ക്ഷീണതമോരാത്ത തേനീച്ച കാട്ടിൽ
പോണേറെയുത്സാഹമുൾക്കൊണ്ടിവറ്റെ-
ന്തോണം വെളുക്കുന്നുഷസ്സോയിതെല്ലാം ?

പാടങ്ങൾ പൊന്നിൻനിറം പൂണ്ടു, നീളെ-
പ്പാടിപ്പറന്നെത്തിയിത്തത്തയെല്ലാം
കേടററ നെല്ലിൻ കതിർക്കാമ്പു കൊത്തി-
ക്കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ.

ചന്തം ധരയ്ക്കേറെയായ്, ശീതവും പോ-
യന്തിക്കു പൂങ്കാവിലാളേറെയായി
സന്തോഷമേറുന്നു ദേവാലയത്തിൽ
പൊന്തുന്നു വാദ്യങ്ങൾ—വന്നു വസന്തം.

പുഷ്പവാടി.] [കുമാരനാശാൻ

അഭ്യാസം.

1. വസന്തകാലത്തിൻെറ ആരംഭത്തിൽ മരങ്ങൾക്കും വള്ളികൾക്കും എന്തു മാററം വരുന്നു? വേലികളുടെ ശോഭ ഏറുന്നതെന്തുകൊണ്ട്? കാട്ട് സന്ധ്യാകാലത്തെ മേഘംപോലെ ആയിത്തീരുന്നതെന്തുകൊണ്ട്? ഏതു പക്ഷിയാണ് വസന്തത്തിൽ 'കുക്കു' എന്നു ശബ്ദിക്കുന്നത്? തേനീച്ചകൾക്ക് ഓണം പിറക്കുന്ന പ്രഭാതമാണെന്നു തോന്നാൻ കാരണമെന്ത്?

2. പകരം ഉപയോഗിച്ചിരിക്കുന്ന വാക്കെഴുതുക:—

പൂമണം =

ആകാശത്തിൽ =

പ്രഭാതം =

കുയിൽ =

3. "വായു പുഷ്പഗന്ധം പരത്തുന്നു" — കർത്താവും കർമ്മവും ക്രിയയും എടുത്തുകാണിക്കുക.

4. ഭൃത്യൻ ചുമട് ചുമക്കുന്നു.
മേഘം കുങ്കുമംപോലെ ചുവക്കുന്നു.

ചുവക്കുന്നു, ചുമക്കുന്നു—ഈ ക്രിയകളുടെ അർത്ഥഭേദം ഓർമ്മിക്കുക.

പാഠം 11

ബുദ്ധിയാണു കാര്യം

മൃഗങ്ങളും നമ്മെപ്പോലെ സംസാരിച്ചിരുന്ന ഒരു കാലത്തെ കഥയാണ്. അന്ന് ഒരു കുറുക്കനുണ്ടായിരുന്നു. അവൻെറ പേരുതന്നെ ചതുരകനെന്നാണ്.

ഒരു ദിവസം ആ മിടുക്കൻ ചുള്ളിക്കാട്ടിൽനിന്നു വലിയ കാട്ടിലേയ്ക്കു പുറപ്പെട്ടു. അവിടെ ചെന്നപ്പോഴുണ്ട്, ഒരാന ചത്തുകിടക്കുന്നു. കുറുക്കനു സന്തോഷമായി. ആനയുടെ ശവത്തിന്നു ചുററും അവൻ ഓടിനടക്കാൻ തുടങ്ങി. എത്ര ശ്രമിച്ചിട്ടും അതിൻെറ തോല്യ പൊളിക്കാൻ അവന്നു കഴിഞ്ഞില്ല. ആനയുടെയല്ലേ തോല്! അത്ര എളുപ്പത്തിൽ പൊളിയുമോ?

കുറുക്കൻ അങ്ങനെ വിഷാദിച്ചു നില്ക്കുമ്പോൾ ഒരു സിംഹം അവിടെ എത്തി. മൃഗങ്ങളുടെ രാജാവാണല്ലോ അദ്ദേഹം. കുറുക്കൻ വേഗം സിംഹത്തിൻെറ കാൽക്കൽ വീണു നമസ്കരിച്ച് ഇങ്ങനെ ഒരപേക്ഷ ബോധിപ്പിച്ചു:

"തിരുമേനീ, ഞാൻ അങ്ങേയ്ക്കുവേണ്ടി ഈ ശവം കാത്തുനില്ക്കുകയായിരുന്നു. അങ്ങ് ഇതു ഭക്ഷിച്ചാലും!"

സിംഹത്തിനു് അതത്ര പിടിച്ചില്ല. മറെറാരുത്തൻ കൊന്ന മൃഗത്തെ അയാൾ ഭക്ഷിക്കാറില്ലല്ലോ. നീരസം ഭാവിക്കാതെ തന്നെ കുറുക്കനോടു മറുപടി പറഞ്ഞു:

"ഞാൻ മറെറാരുവൻ വധിച്ച ജീവിയെ തിന്നാറില്ല. അതുകൊണ്ടു് ഇവനെ ഞാൻ നിനക്കു തന്നെ തരുന്നു."

കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടു ചതുരകൻ പറഞ്ഞു: "ഭൃത്യന്മാരോടു പെരുമാറേണ്ടതു് ഇങ്ങനെ തന്നെയാണു്; പക്ഷെ ഇത്രയും കാരുണ്യം എല്ലാ പ്രഭുക്കളും കാണിക്കയില്ല."



സിംഹം പിന്നെ ഒരു നിമിഷം അവിടെ നിന്നില്ല. ഒരു കണക്കിൽ അതു കുറുക്കന്നു് ആശ്വാസവുമായി, "സിംഹം പോയല്ലോ."

അപ്പൊഴെയ്ക്കു് ഒരു പുലി അവിടെ വന്നു ചേർന്നു. കുറുക്കൻ പരിഭ്രമിച്ചു: "ഒരുത്തനെ കാൽക്കൽ വീണു ഓടിച്ചേയുള്ളു. അപ്പോൾ ഇതാ മറെറാരുത്തൻ. ഇനി ഇവനേയും ഓടിക്കണമല്ലോ. ഈ പുലി വലിയ ശൂരനാണു്. ഇവന്റെ അടുക്കൽ

നല്ല വാക്കൊന്നും ഫലിക്കില്ല. പേടിപ്പിച്ചു നോക്കുക തന്നെ വേണം. ഫലിച്ചാൽ ഫലിക്കട്ടെ". അവൻ സമാധാനിച്ചു. പുലിയുടെ മുമ്പിൽച്ചെന്നു ഗർവ്വോടെ തലയുയർത്തി നിന്നുകൊണ്ടു്, അല്പം പരിഭ്രമിച്ചെന്ന മട്ടിൽ ചോദിച്ചു: "അമ്മാമാ! അമ്മാമൻ എന്തിനാണു് ഈ മരണത്തിൻെറ വായിൽ വന്നു വീണതു് കണ്ടില്ലേ, ഈ കിടക്കുന്ന ആനയെ? ഒരു സിംഹം കൊന്നിട്ടതാണു്. എന്നെ കാവൽ നിർത്തി സിംഹം കുളിക്കാൻ പുഴയിലേയ്ക്കു പോയിരിക്കുന്നു, പോകുമ്പോൾ എന്നോടു് ഇങ്ങനെ പറഞ്ഞിരിക്കയാണു്:—
"വല്ല പുലിയും ഇവിടെ വരികയാണെങ്കിൽ എന്നെ സ്വകാര്യമായി അറിയിക്കണം. ഒരൊററപ്പുലി പിന്നെ ഈ കാട്ടിൽ ഉണ്ടാവില്ല. മുമ്പൊരിക്കൽ ഞാൻ കൊന്നിട്ട ഒരാനയെ ഒരു പുലി വന്നു് എച്ചിലാക്കിപ്പോയി. അന്നുമുതൽ പുലികളോടു് എനിക്കു കട്ടത്ത കോപമാണു്".

ഇതുകേട്ടപ്പോൾ പുലി പേടിച്ചുവിറച്ചു. "മരുമകനേ! നീ എന്നെ രക്ഷിക്കണം. സിംഹം എത്ര വൈകിവന്നാലും ശരി, ഞാനിവിടെ വന്ന കഥ അദ്ദേഹത്തോടു പറയല്ലേ".

അങ്ങനെ പുലിയമ്മാവനും സ്ഥലംവിട്ടു. പിന്നെ വന്നതു് ഒരു പുള്ളിപ്പുലിയാണു്. കുറുക്കനു സമാധാനമായി. "ഇവനെക്കൊണ്ടു് ഞാൻ ആനയുടെ തോലു പൊളിപ്പിച്ചേക്കാം" എന്നു് ആ സമർത്ഥൻ ഉള്ളിൽ കരുതി. പുള്ളിപ്പുലിയോടു കുറുക്കൻ ചോദിച്ചു: "എന്താ മരുമകനേ, നിന്നെ കണ്ടിട്ടു കാലം കുറെയായല്ലോ. കണ്ടാൽ വിശക്കുന്നുണ്ടെന്നു തോന്നുന്നു. നീ ഇന്നു് എൻെറ അതിഥിയല്ലേ?

വാ, ഇതാ ഒരു സിംഹം കൊന്നിട്ട ആന. സിംഹം കുളിക്കാൻ പോയിരിക്കുന്നു. ഞാൻ അദ്ദേഹത്തിൻെറ കാവല്ക്കാരനാണു്. എന്നാലും സിംഹം വരുന്ന തിനുമുമ്പു് ഇതിൻെറ കുറച്ചു മാംസമെങ്കിലും തിന്നു് നീ ഓടിപ്പൊയ്ക്കോ !! പുള്ളിപ്പുലിക്കു് അതു് അത്ര നന്നല്ലെന്നു തോന്നി. "അമ്മാവാ, അങ്ങനെയാണെങ്കിൽപ്പിന്നെ ഈ മാംസം തിന്നിട്ടു് എനിക്കെന്തു കാര്യം ? ഇങ്ങനെ ജീവൻ പണയംവച്ചു മാംസം തിന്നാൻ ഞാനില്ല. കുറെക്കാലം കൂടി ജീവിക്കണമെന്നാണു് എൻെറ ആശ. അതുകൊണ്ടു ഞാനിവിടെ നില്ക്കുന്നില്ല. പോവുകയാണു്."

അപ്പോൾ കുറുക്കൻ ആശ്വസിപ്പിച്ചു:—"എടോ പേടിത്തൊണ്ടാ, സ്വൈരമായിരുന്നു തിന്നോ. സിംഹം വരുന്നുണ്ടെങ്കിൽ ഞാൻ നേരത്തെ തന്നെ നിനക്കു് അറിവു തരാം."

ആ വിഡ്ഢി അതു വിശ്വസിച്ചു. ആനയുടെ തോലുപൊളിച്ചു മാംസം തിന്നാൻ തുടങ്ങി. തോലു പൊളിഞ്ഞു കിട്ടിയപ്പോൾ കുറുക്കൻ വിളിച്ചുപറഞ്ഞു: "അതാ സിംഹം വരുന്നു!" ഇതു് കേൾക്കേണ്ട താമസം, പുള്ളിപ്പുലി ഓടടാ ഓട്ടം. അങ്ങനെ കുറുക്കനു കുറെ ദിവസത്തേയ്ക്കു സമൃദ്ധമായ ഭക്ഷണം കിട്ടി.

അഭ്യാസം.

1. (i) ഒററവാക്കു് എഴുതുക:—
   1. ജീവനില്ലാത്ത ശരീരം=
   2. വല്ലാതെ ഭയപ്പെടുന്നതു ശീലമായവൻ=
   3. വിരുന്നുവന്ന ആൾ=

(ii) പ്രകരംപിരിച്ചു വാക്കു് എഴുതുക:—

1. നന്ദി= 4. മിടുക്കൻ=
2. ദുഃഖിക്കുക= 5. കൊന്നു=
3. അറിയിച്ചു=

(iii) 1. കുറുക്കൻ — ആണു്.
2. കുറുക്കനു — ഉണ്ടു്.

[സാമർത്ഥ്യം, സമർത്ഥൻ—ഈ വാക്കുകൾ വേണ്ട ദിക്കിൽ ചേർക്കുക.]

2. 'പുലി അവിടെ വന്നുചേർന്നു'—എന്തിനെക്കുറിച്ചാണു്, ഈ വാക്യത്തിൽ പറയുന്നതു്? അതു് എന്തുചെയ്തു? ഉത്തരം ഇങ്ങനെ തിരിച്ചെഴുതാം.

1 2
പുലി || അവിടെ വന്നുചേർന്നു.

'സിംഹം ഒരു നിമിഷം അവിടെ നിന്നില്ല.'—എന്തിനെക്കുറിച്ചാണു് ഈ വാക്യത്തിൽ പറയുന്നതു്? അതു് എന്തു ചെയ്തു?

[ഉത്തരം ഉദാഹരണത്തിൽ കാണിച്ചതുപോലെ തിരിച്ചെഴുതണം. ആദ്യം പറയുക, എന്നിട്ടെഴുതുക]

1 2
സിംഹം || ഒരു നിമിഷം അവിടെ നിന്നില്ല.

3. (i) കുറുക്കൻ സിംഹത്തിനെ എങ്ങനെ പറഞ്ഞയച്ചു? പുലിയെ എങ്ങനെ പേടിപ്പിച്ചുവിട്ടു? പുള്ളിപ്പുലിയെ എങ്ങനെ പററിച്ചു?

(ii) കുറുക്കൻ കാര്യം സാധിച്ചതു ശരീരശക്തികൊണ്ടോ ബുദ്ധിശക്തികൊണ്ടോ? ശരീരശക്തിക്കു പുറമേ എന്തുകൂടി വേണം?

———

പാഠം 12

മരണത്തേയും വശപ്പെടുത്താം

മദ്രരാജാവായ അശ്വപതിക്കു തേജസ്വിനിയായ ഒരു പുത്രി ഉണ്ടായിരുന്നു. ആ രാജകുമാരിയുടെ പേരു് എന്തായിരുന്നുവെന്നോ? സാവിത്രി എന്നു്. എത്ര നല്ല പേരു്!

അശ്വപതിക്കു് ഒരു മകളേ ഉണ്ടായിരുന്നുള്ളൂ. വേറെ മക്കൾ ഇല്ലായിരുന്നു. രാജാവു സാവിത്രിയെ ബാല്യത്തിൽ വിദ്യാഭ്യാസം ചെയ്യിച്ചു. കൗമാരം കഴിഞ്ഞു് അവൾക്കു യൗവനമായി.

അന്നൊരിക്കൽ സാവിത്രി അച്ഛന്റെ അനുവാദത്തോടുകൂടി പുണ്യസ്ഥലങ്ങൾ സന്ദർശിക്കുവാൻ പുറപ്പെട്ടു. തനിച്ചല്ല; കൂടെ മന്ത്രിവൃദ്ധന്മാരും ഉണ്ടായിരുന്നു. ഒരു പൊന്നിൻതേരിലായിരുന്നു യാത്ര. അവർ പല തീർത്ഥങ്ങളിൽ സ്നാനംചെയ്തു; മഹാക്ഷേത്രങ്ങളിൽ ദർശനം നടത്തി. അതിനിടയിൽ ഒരു തപോവനത്തിൽ ഒരു രാജകുടുംബത്തെ കണ്ടു. സാല്വരാജ്യത്തെ രാജാവായിരുന്ന ദ്യുമത്സേനനും അദ്ദേഹത്തിന്റെ ഭാര്യയും അവരുടെ മകനായ സത്യവാനുമായിരുന്നു ആ കുടുംബത്തിൽ ഉണ്ടായിരുന്നതു്. സത്യവാൻ കൊച്ചു കുട്ടിയായിരുന്നപ്പോൾത്തന്നെ ദ്യുമത്സേനൻ അന്ധനായിത്തീർന്നു. ശത്രുക്കൾ അവരുടെ രാജ്യം അപഹരിക്കുകയും ചെയ്തു. അങ്ങനെയാണു് അവർ കാട്ടിൽ എത്തിച്ചേർന്നതു്. സാവിത്രിക്കു സത്യവാനോടു സ്നേഹം തോന്നി.

രാജകുമാരി രാജധാനിയിലേക്കു മടങ്ങിപ്പോയി. അശ്വപതിക്കു പലതും കേൾക്കണം; അച്ഛനല്ലേ? മകൾക്കു വളരെ പറയാനുമുണ്ടായിരുന്നു. സാവിത്രി താൻ സത്യവാനെ കണ്ടെത്തിയ കഥ അച്ഛനോടു വിസ്തരിക്കുമ്പോൾ ദേവർഷിയായ നാരദൻ അവിടെ ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു:—"അയ്യോ! കഷ്ടം! സാവിത്രിക്ക് ഒരു വലിയ അബദ്ധം പററിപ്പോയല്ലോ. സത്യവാൻ എല്ലാ വിധത്തിലും യോഗ്യൻതന്നെ. പക്ഷെ, ഇന്നു മുതൽ ഒരു കൊല്ലം തികയുന്ന ദിവസം സന്ധ്യയ്ക്കു് അദ്ദേഹം മരിക്കും."

ഇതു കേട്ടപ്പോൾ അശ്വപതിക്കു വ്യസനമായി. മകൾ വിധവയാകുന്നതു് അച്ഛനു സഹിക്കുവാൻ കഴിയുമോ? അദ്ദേഹം പറഞ്ഞു: "മഹർഷിയുടെ വാക്കു തെററാവുകയില്ല. നീ മറെറാരു രാജകുമാരനെ വരിക്കണം."

സാവിത്രിക്കു അതു സാദ്ധ്യമായിരുന്നില്ല. സത്യവാനെ മാത്രമേ താൻ വരിക്കൂ; തനിക്കു് അതിനു സമ്മതം തരണം എന്നു് അവൾ അറിയിച്ചു. ആ നിശ്ചയത്തിനു് ഇളക്കം വരില്ലെന്നു കണ്ടപ്പോൾ നാരദൻതന്നെ രാജാവിനോടു് ഉപദേശിച്ചു: "സത്യവാനുതന്നെ കൊടുത്തേക്കൂ".

അശ്വപതി വേണ്ട ഒരുക്കങ്ങളോടെ ആ തപോവനത്തിൽച്ചെന്നു; ദ്യുമത്സേനനെ വിവരം ധരിപ്പിച്ചു് സാവിത്രിയെ സത്യവാനു വിവാഹം ചെയ്തുകൊടുത്തു.

അച്ഛനും മററും മദ്രരാജ്യത്തിലേയ്ക്കു തിരിച്ചു പോയപ്പോൾ, സാവിത്രി തൻെറ വിലപ്പെട്ട വസ്ത്രങ്ങളും ആഭരണങ്ങളും ഉപേക്ഷിച്ചു് കാവി വസ്ത്രവും

മരവുരിയും ധരിച്ച് ഭത്താവിൻെറ അച്ഛനെയും അമ്മ യെയും ശുശ്രൂഷിച്ചുകൊണ്ടും നാരദൻ പറഞ്ഞദിവസം എണ്ണിക്കൊണ്ടും നാളുകൾ കഴിച്ചു.

ഒടുക്കം, നാലാം നാളാണ് ആ പറഞ്ഞ ദിവസം എന്നായി. സാവിത്രി മൂന്നു ദിവസം നീണ്ടുനില്ക്കുന്ന ഒരു വ്രതം സ്വീകരിച്ചു. ഊണും ഉറക്കവും ഇല്ലാതെ ഒരിടത്ത് ഒരേ നില്പു നില്ക്കുക എന്നൊരു തപസ്സും തുടങ്ങി. അതു കഴിഞ്ഞു നാലാം ദിവസം രാവിലെ കുളിച്ചു ഹോമം കഴിച്ചു. മഹർഷിമാരെയെല്ലാം ചെന്നുകണ്ടു വന്ദിച്ചു. അവരെല്ലാം അവളെ അനുഗ്ര ഹിച്ചു: "സുമംഗലിയായി ഇരിക്കുക!". അന്നു സൂര്യ നസ്തമിച്ചിട്ടേ ഭക്ഷണം കഴിക്കൂ എന്ന് അവളുറച്ചു.

അപ്പോഴുണ്ട്, സത്യവാൻ ഒരു മഴുവും എടുത്തു കൊണ്ടു കാട്ടിലേയ്ക്കു പുറപ്പെടുന്നു. സാവിത്രിയും കൂടെ പുറപ്പെട്ടു. അച്ഛനമ്മമാരും സത്യവാനും തടഞ്ഞിട്ടും അവൾ കൂട്ടാക്കിയില്ല.

II

സാവിത്രി കാടിന്റെ ഭംഗി നോക്കിക്കൊണ്ടും ഭർത്താവുമായി ചിരിച്ച് ഓരോന്നു പറഞ്ഞുകൊണ്ടും നടന്നു. അപ്പോഴൊക്കെ അവൾ ഉള്ളിൽ ദുഃഖിച്ചിരുന്നു.

കാട്ടിൽ ചെന്ന് സത്യവാൻ കുറെ പഴം പറിച്ചു പാത്രം നിറച്ചു; കുറെ വിറകുവെട്ടി കെട്ടിവച്ചു. ആ അദ്ധ്വാനത്താൽ അദ്ദേഹത്തിനു വല്ലാത്ത ഒരു തലവേദനയും തളർച്ചയും തോന്നി. കുറച്ചുറങ്ങണമെന്നു പറഞ്ഞു് സാവിത്രിയുടെ മടിയിൽ തലവച്ചു കിടന്നു കണ്ണടച്ചു.

സാവിത്രിക്കു നാരദന്റെ വാക്കുകൾ ഓർമ്മവന്നു. അവൾ വല്ലാതെ വ്യസനിച്ചു. അപ്പോഴതാ, മുമ്പിൽ ഒരാൾ—കറുത്ത മിനുങ്ങി, കണ്ണു തുടുത്തു്, കയ്യിൽ കയറുമായി, സത്യവാനെ ഉററു നോക്കിക്കൊണ്ടു്

നില്ക്കുന്നു! സാവിത്രി ഭർത്താവിൻെറ ശിരസ്സു മെല്ലെ നിലത്തുവച്ച് എഴുന്നേററു തൊഴുതു ചോദിച്ചു: "അങ്ങ് ഒരു ദേവനാണെന്നു തോന്നുന്നു. ആരാണ്?"

ആ ദേവൻ പറഞ്ഞു: "സാവിത്രീ, നീ പതിവ്രതയാണ്. തപസ്സുചെയ്തവളാണ്. അതുകൊണ്ടു പറയാം. ഞാൻ യമനാണ്. ഈ സത്യവാൻെറ ആയുസ്സ് ഒടുങ്ങി. ഞാൻ ഇദ്ദേഹത്തെ കെട്ടിക്കൊണ്ടു പോവുകയാണ്." ഉടൻ യമൻ സത്യവാൻെറ ജീവനെ കയറിൽ കുടുക്കി വലിച്ചു തെക്കോട്ടു പുറപ്പെട്ടു,

സാവിത്രി തപശ്ശക്തിയുള്ളതുകൊണ്ടു് യമൻെറ പിന്നാലെ ചെന്നു. അപ്പോൾ യമൻ പറഞ്ഞു: "കുഞ്ഞേ മടങ്ങിപ്പോവൂ".

സാവിത്രി പറഞ്ഞു: "ഇല്ല. എൻെറ ഭർത്താവു ചെല്ലുന്നിടത്തു ഞാനും ചെല്ലണം. അതാണു ധർമ്മം. അതുകൊണ്ടു കൂടെപ്പോരാൻ എനിക്കു സമ്മതം തരണം".

സാവിത്രി ധർമ്മത്തെപ്പററി പറയുന്നതു കേട്ടു സന്തോഷിച്ച യമൻ പറഞ്ഞു: "നല്ല കുട്ടി. നീ സത്യവാൻെറ ജീവൻ ഒഴികെ വല്ല വരവും വാങ്ങി, മടങ്ങിപ്പോവൂ".

ഭർത്താവിൻെറ അച്ഛനു കണ്ണു കാണാറാവട്ടെ എന്ന വരം ആദ്യമായി സാവിത്രി വരിച്ചു. വീണ്ടും യമൻെറ കൂടെ കൂടി. ശ്വശുരൻെറ നഷ്ടപ്പെട്ട രാജ്യം തിരിച്ചു കിട്ടുക, തൻെറ അച്ഛനു നൂറു പുത്രന്മാരുണ്ടാവുക, തനിക്കും നൂറു പുത്രന്മാരുണ്ടാവുക എന്നീ വരങ്ങൾ യമനിൽനിന്നു വാങ്ങി.

അഞ്ചാമതായി, സത്യവാൻെറ ജീവനെയും വരമായി സാവിത്രി സമ്പാദിച്ചു. യമൻ സത്യവാൻെറ ജീവനെ അവൾക്കു വിട്ടുകൊടുത്തു.

വീണ്ടും കാട്ടിലേയ്ക്കു മടങ്ങിവന്നു്, സത്യവാൻെറ ശിരസ്സു മടിയിൽവച്ചു്, സാവിത്രി നിലത്തിരുന്നു.

അപ്പോഴെയ്ക്കും സത്യവാൻ ഉണർന്നു. അദ്ദേഹം ചോദിച്ചു:—ഞാൻ കുറച്ചധികം ഉറങ്ങിപ്പോയി, ഇല്ലേ? എന്തേ എന്നെ വിളിക്കാഞ്ഞതു്?"

സാവിത്രി ചോദിച്ചു:—"ക്ഷീണം തീർന്നില്ലേ? തലവേദന മാറിയില്ലേ? പതുക്കെ എഴുന്നേററുകൂടേ?"

അഭ്യാസം.

1\. പകരം പാഠത്തിൽ പ്രയോഗിച്ചിട്ടുള്ള വാക്കു് എഴുതുക:—

ഭർത്താവിൻെറ അച്ഛൻ =
തട്ടിപ്പറിച്ചു =
തേജസ്സു് ഉള്ളവൾ —
കണ്ണു കാണാത്തവൻ =
ഭർത്താവു മരിച്ചവൾ =

2\. (i) സത്യവാൻ ഒരു ——
സാവിത്രി ഒരു ——

[രാജകുമാരി, രാജകുമാരൻ—ഈ വാക്കുകൾ യഥാസ്ഥാനം ചേർക്കുക.]

(ii) സത്യവാൻ —— ആകുന്നു.
സാവിത്രി —— ആകുന്നു.

[തേജസ്വിനി, തേജസ്വി—ഈ വാക്കുകൾ ചേർത്തു നോക്കി ഓർക്കുക.]

(iii) ഓർമ്മിക്കുക:—

ആണ്	പെണ്ണ്
ശ്വശുരൻ	ശ്വശ്രു
തേജസ്വി	തേജസ്വിനി
കുമാരൻ	കുമാരി
യുവാവ്	യുവതി

3. ദ്യുമത്സേനൻ അന്ധനായിരുന്നു. ആരാണ് അന്ധനായിരുന്നതു്? ദ്യുമത്സേനൻ അല്ലേ? ആരെപ്പറ്റിയാണ് ഈ വാക്യത്തിൽ പറയുന്നതു്. അദ്ദേഹത്തിന്റെ പേരെഴുതുക. അദ്ദേഹത്തെപ്പറ്റി എന്തു പറയുന്നു? അതു് ആ പേരിനു നേരെ എഴുതുക.

4. സാവിത്രി എവിടെവെച്ചാണ് സത്യവാനെ കണ്ടതു്? നാരദൻ സത്യവാനെപ്പറ്റി എന്തു പറഞ്ഞു? യമനു സാവിത്രിയോടു പ്രീതി തോന്നാൻ കാരണമെന്തു്? സാവിത്രിക്കു യമൻ എന്തെല്ലാം വരം കൊടുത്തു?

———

പാഠം 13

പാഠശാല

1

വെള്ളിമേഘങ്ങളാകുന്ന
വെള്ളത്താളുകൾതോറുമേ,
പൊൻകതിർപ്പേനയാൽ, ബാല-
സൂര്യൻ പാഠം കുറിക്കയായ്.

2

മടിവിട്ടു തളിർത്താരാം
കടലാസ്സു മറിച്ചുതാ
പാഠം ശരിക്കു വായിപ്പൂ
മിടുക്കൻ കൊച്ചു മാരുതൻ.

3

ഇന്നലെക്കേട്ട ഗാനങ്ങ-
ളൊന്നുപോലും മറിടാതഹോ
ഉരുവിട്ടു പഠിക്കുന്നു-
ണ്ടുണർന്നുള്ളോരിളംകുയിൽ.

കിളിക്കൊഞ്ചൽ] [എം. പി. അപ്പൻ

അഭ്യാസം.

1. കവി, ലോകമാകുന്ന പള്ളിക്കൂടത്തിലെ മൂന്നു കുട്ടികളെ നിങ്ങൾക്കു പരിചയപ്പെടുത്തിത്തരുന്നു. ബാലസൂര്യൻ, കൊച്ചുകാററു്, ഇളംകുയിൽ, സൂര്യൻ എഴുതിക്കൊണ്ടിരിക്കയാണു്, കാററു വായിച്ചുകൊണ്ടിരിക്കുന്നു, കുയിൽ ഇന്നലെ പഠിച്ച പാട്ടു് ഉരുവിടുന്നു.

2. സൂര്യൻ എന്തു കടലാസ്സിലാണു് എഴുതുന്നതു് ? ഏതു പേനകൊണ്ടാണു് എഴുതുന്നതു് ?

3. കാററു് വായിക്കുന്ന പുസ്തകത്തിന്റെ ഏടു് ഏതാണു് ? വായിക്കയാണെന്നു തോന്നാൻ കാരണമെന്തു് ?

4. കുയിൽ പാട്ടു പാടുന്നതു് നിങ്ങൾ കേട്ടിട്ടുണ്ടോ ?

പാഠം 14

ഹിംസിക്കരുതു്

രംഗം—ഒന്നു്.

[വടക്കെ ഇൻഡ്യയിലെ പുല്ലുനിറഞ്ഞ ഒരു മൈതാനം. സമയംനട്ടുച്ച. ബുദ്ധൻ നടന്നുപോകുന്നു. ഒരു ആട്ടിൻപററത്തെ തെളിച്ചുകൊണ്ടു് കുറച്ചു് ഇടയന്മാർ വരുന്നു.]

ഒരു ഇടയൻ:—നടക്കു്, ആടേ, നടക്കു്, ഉം, ഉം, (വടി വീശിക്കൊണ്ടു്) നേരെ—നേരെ. ഇന്നു അലയാനും മേയാനും ഒന്നും നേരമില്ല.

ബുദ്ധൻ:—(തിരിഞ്ഞു നോക്കിക്കൊണ്ട്) ഇന്നു് ഈ ആട്ടുകൾക്കു മേയാൻ നേരമില്ലെന്നോ ? എന്തു പററി ? നേരം ഉച്ചയായല്ലേ ഉള്ളൂ ? നല്ല പുല്ലുരപ്പ്! ഇവിടെയെങ്ങാനും നിത്തി, കുറെ നേരം മേച്ചാലെന്താ? ഇത്ര നല്ല ഇളംപുല്ലു് മററെവിടെ കിട്ടും ?

ഇടയൻ:—ഇന്നു് അതിനൊന്നും നേരമില്ലെന്നേ. നടക്കു്, ആടേ, നടക്കു്. ഇങ്ങോട്ടു നടക്കു് (പുല്ലു തിന്നാൻ തിരിഞ്ഞുനിന്ന ഒരാടിനെ അടിക്കുന്നു.)

ബുദ്ധൻ:—കഷ്ടം! വിശന്നു വലഞ്ഞപ്പോൾ ഒരു പുല്ലു കടിച്ചതു കുററമായിപ്പോയോ? ഇങ്ങനെ ശിക്ഷി ക്കാൻ തുടങ്ങിയാൽ നമ്മെ എന്തിനെല്ലാം ശിക്ഷിക്കണം ?

ഇടയൻ:—ഇവററയെ നേരത്തിനു് എത്തിച്ചില്ലെങ്കിൽ എന്നെ ശിക്ഷിക്കും.

ബുദ്ധൻ:—എവിടെയാണു് എത്തിക്കേണ്ടതു്?ഇവയെ മേയാൻ സമ്മതിച്ചാൽ നിന്നെ ആരു ശിക്ഷിക്കും. വിശക്കുന്ന ജീവിയെ തീററണം. അതാണു ധർമ്മം. സാധുക്കൾ! കുറച്ചുനേരം മേയട്ടെ. അടുത്തുതന്നെ ഗംഗാനദി ഉണ്ടല്ലോ. വെള്ളവും കുടിപ്പിക്കാം. പിന്നെ മരങ്ങളുടെ തണലിൽ കിടന്നു് അയവിറക്കട്ടെ. സൗകര്യം പോലെ ആട്ടിക്കൊണ്ടു പോകാമല്ലോ.

ഇടയൻ:—ഇവററയെ കൊണ്ടുചെല്ലാൻ വൈകിയാൽ യാഗം മുടങ്ങും. മഹാരാജാവു് കോപിക്കും. എൻെറ തല പിന്നെ കാണുകയില്ല.

ബുദ്ധൻ:—യാഗത്തിനു കുരുതി കഴിക്കാനാണോ ഈ പാവങ്ങളെ കൊണ്ടുപോകുന്നതു്? കഷ്ടം! ചിലർ പറഞ്ഞുപരത്തുന്ന നുണകൊണ്ടു് എന്തെല്ലാം അനർത്ഥങ്ങളാണു് സംഭവിക്കുന്നതു്! സാധു ജീവികളെ ഹിംസിച്ചിട്ടുവേണോ പുണ്യം നേടാൻ? ഹിംസിച്ചാൽ എങ്ങനെ പുണ്യംകിട്ടും?

ഇടയൻ:—അവിടെ യാഗം നടന്നുകൊണ്ടിരിക്കുക യാണു്.

ബുദ്ധൻ:—(നൊണ്ടി നൊണ്ടി നടക്കുന്ന ഒരു ആട്ടിൻ കുട്ടിയെ നോക്കിക്കൊണ്ടു്) ഇതിനു നടക്കാൻ തീരെ വയ്യാ. ഇങ്ങനെ ഓടിച്ചാൽ അവിടെ എത്തുന്നതിനു മുൻപേ പാവം ചത്തുപോകും. ഇതിനെ ഞാൻ എടുത്തോളാം. ഞാനും വരാം യാഗശാലയിലേയ്ക്കു്.

(ബുദ്ധൻ ആട്ടിൻകുട്ടിയെ ചുമലിലേററി നടക്കുന്നു. ഇടയൻ ആട്ടിൻപററത്തെ ആട്ടിക്കൊണ്ടു മുമ്പിലും.)

രംഗം—രണ്ട്.

[യാഗശാല—കുണ്ഡത്തിൽ തീ എരിയുന്നു. ഹോമം ചെയ്യുന്ന പുരോഹിതന്മാർ അടുത്ത് ഇരിക്കുന്നു. ഒരു ഭാഗത്തു രാജാവായ ബിംബിസാരനും ഉണ്ട്. ഒരാൾ മന്ത്രം ചൊല്ലി കത്തിയും പിടിച്ചുനില്ക്കുന്നു. ഒരു കുററി യിൽ ഒരു ആടിനെ കെട്ടിയിട്ടുണ്ട്.]

ബുദ്ധൻ:—(പ്രവേശിച്ച്) ഒന്നു മാറി നില്ക്കിൻ. ഈ സാധുജീവിയെ രക്ഷിക്കട്ടെ.

ഒരാൾ:—ആരാണ് സൗമ്യനും തേജസ്വിയുമായ ഈ ആൾ ?

അന്യൻ:—എന്തൊരു ദയയാണ് ആ കണ്ണുകളിൽ. ഒരു മുടന്തനാടിനെ ചുമലിൽ എടുത്തിരിക്കുന്നു. എല്ലാവരും മാറി നില്ക്കുന്നു. എങ്ങനെ മാറി നില്ക്കാതിരിക്കും, ആ തേജസ്സു കണ്ടാൽ ?

വേറൊരാൾ:—അല്ല യാഗത്തിനുള്ള ആടിനെ കുററി യിൽനിന്നും അഴിച്ചുവിട്ടല്ലോ ?

പുരോഹിതൻ:— (ദേഷ്യപ്പെട്ട്) എന്താണ് ഈ കാണിച്ചതു്? ഇതു് യാഗത്തിനുള്ള മൃഗമാണ്. അറിഞ്ഞുകൂടേ ?

ബുദ്ധൻ:—അതുകൊണ്ടാണല്ലോ അഴിച്ചു വിട്ടതു്. ഇതിനെ സൃഷ്ടിച്ചതു് കൊല്ലാനല്ല.

പുരോഹിതൻ:—പിന്നെ എങ്ങനെ യാഗം നടക്കും?

ബുദ്ധൻ:—ആരു പറഞ്ഞു, യാഗം ചെയ്യണമെന്ന്? യാഗം ആർക്കുവേണ്ടി ? ഈ ജന്തുവിനു വേണ്ടിയോ, നിങ്ങൾക്കു വേണ്ടിയോ, അതോ മററു വല്ലവർക്കും വേണ്ടിയോ ?

പുരോഹിതൻ:—അക്കാര്യം അങ്ങേയ്ക്കും അറിയാമല്ലോ. ദേവന്മാരുടെ പ്രീതിക്കുവേണ്ടിയല്ലേ യാഗം? അവർ പ്രസാദിക്കാഞ്ഞാൽ നമുക്കു ശ്രേയസ്സുണ്ടോ?

ബുദ്ധൻ:—അപ്പോൾ യാഗം ദേവന്മാർക്കും നിങ്ങൾക്കും വേണ്ടി ആണ്. അല്ലേ? അതിനു പാവപ്പെട്ട ഈ ജന്തുവാണോ തുലയേണ്ടതു്? (തൊണ്ടയിടറിക്കൊണ്ട്) ഞാൻ പറയട്ടെ: പ്രാണികളെ കൊന്നു് ഒരു നന്മയും നേടാനില്ല. നേരെമറിച്ചു പാപമുണ്ടാകയും ചെയ്യും. നാമല്ല ജീവികൾക്കു ജീവൻ കൊടുത്തതു്. ആ നിലയ്ക്കു് അതില്ലാതാക്കാനും നമുക്ക് അധികാരമില്ല.

പുരോഹിതൻ:—മഹാരാജാവു് എന്താണു മൗനം ഭജിക്കുന്നതു്? യാഗം മുടക്കിയതു കണ്ടില്ലേ?

ബിംബിസാരൻ:—ഇദ്ദേഹം പറയുന്നതാണു ശരിയെന്നു എനിക്കു തോന്നുന്നു. (ബുദ്ധനോട്) മഹാത്മാവേ, ഇന്നുമുതൽ അങ്ങയുടെ ശിഷ്യനാകാൻ ഞാൻ ആഗ്രഹിക്കുന്നു. (ബുദ്ധനെ വണങ്ങുന്നു.)

ബുദ്ധൻ:—മഹാരാജാവേ, അങ്ങു് മേലിൽ ഒരു ജീവിയേയും ദ്രോഹിക്കാൻ അനുവദിക്കരുതേ. ജീവികളോടു നാം ദയ കാണിച്ചില്ലെങ്കിൽ, ഈശ്വരൻ നമ്മോടു ദയ കാണിക്കുമോ? നമുക്കു് പാൽ തരുന്ന ആടുകളെ ദ്രോഹിക്കുന്നതു ശരിയാണോ?

ബിംബിസാരൻ:—യാഗം അവസാനിപ്പിച്ചിരിക്കുന്നു ഒരു ജീവിയേയും കൊന്നിട്ട് എനിക്കു മേന്മ വേണ്ട. ഇനി ഈ നാട്ടിൽ ആരും ജന്തുക്കളെ ഹിംസിക്കരുത്.

ബുദ്ധൻ:—മഹാരാജാവേ, അങ്ങേയ്ക്കു നന്മ വരട്ടെ !!

(എല്ലാവരും പോകുന്നു.)

അഭ്യാസം.

1. (i) അർത്ഥഭേദം ഗ്രഹിക്കുക (വരയിട്ട വാക്കിന്റെ മാത്രം):—

    ആട്ട <u>മേയുന്നു.</u> പുര <u>മേയുന്നു</u>

2. പകരം പറിച്ചവാക്ക് എഴുതുക:—

    മഹാരാജാവ് എന്താണ്, <u>മിണ്ടാതെ നില്ക്കുന്നത്</u>?

3. (i) ആരാണ്, യാഗം നടത്തിയിരുന്നത്? ഇടയന്മാർ ആട്ടുകളെ എവിടേയ്ക്ക് ആണ് കൊണ്ടുപോയിരുന്നത്? ബുദ്ധൻ മുടന്തൻ ആടിനെ തോളിലേററി നടന്നത് എന്തുകൊണ്ട്? ബുദ്ധൻ യാഗത്തിനു നിർത്തിയിരുന്ന ആടിനെ എന്തുചെയ്തു? പുരോഹിതന്മാരോട് എന്തു പറഞ്ഞു? രാജാവിനോട് എന്തു ഉപദേശിച്ചു? രാജാവ് എന്തു ചെയ്തു?

    (ii) ഈ കഥ ചുരുക്കിപ്പറയുക; എന്നിട്ട് അതു എഴുതുക

4. (i) തീയ് പുകയുന്നു, (ii) തീയ് എരിയുന്നു (iii) തീയ് ആളുന്നു, (iv) തീയ് കെടുന്നു.

ഈ വാക്യങ്ങളിൽ എല്ലാം ഏതു വസ്തുവിനെപ്പററി യാണു് പറയുന്നതു്? തീയെപ്പററിയല്ലേ? തീയെ പ്പററി വാക്യങ്ങളിൽ എന്തു പറയുന്നു? പുകയുന്നു, എരിയുന്നു, ആളുന്നു, കെടുന്നു:—ഇതെല്ലാമല്ലേ? 'കെടുന്നു' എന്നു പറഞ്ഞാൽ, എന്തു കെടുന്നു എന്നു് ചോദിച്ചുപോകുന്നു. 'ആളുന്നു' എന്നു കേട്ടാലോ? എന്തു ആളുന്നു എന്നു അറിയണം 'തീയാളുന്നു', 'തീ പുകയുന്നു' എന്നിങ്ങനെ പറഞ്ഞാൽ ഒരു ആശയം പൂർണ്ണമാവും. ഇപ്രകാരം, ഒന്നിനെപ്പററി ഒരു സംഗതി പറയുമ്പോഴാണു് വാക്യമാവുന്നതു്. ആടു മേയുന്നു, കാടു പൂക്കുന്നു വിളക്കു കത്തുന്നു, ഇവ മൂന്നും വാക്യമാണു്.

പാഠം 15

നമ്മുടെ തലസ്ഥാനം

നമ്മുടെ ദേഹത്തിൻെറ മുഖ്യമായ ഭാഗമാണല്ലോ തല. അതുപോലെ ഒരു രാജ്യത്തിലെ പ്രധാനമായ നഗരമാകുന്നു, തലസ്ഥാനം. ഇൻഡ്യയുടെ തല സ്ഥാനം ഡെൽഹിയാണു്. കേരളത്തിൻേറതു തിരുവന ന്തപുരം ആകുന്നു. ഗവർണ്ണർ, മന്ത്രിമാർ, രാജ്യ കാര്യങ്ങൾ നടത്തുന്ന വലിയ ഉദ്യോഗസ്ഥന്മാർ ഇവ രുടെ ഒക്കെ ആസ്ഥാനം ആ നഗരമാണു്. ഓരോ വകുപ്പിൻെറയും സെക്രട്ടറിമാർ ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്ന സെക്രട്ടറിയേററും തിരുവനന്തപുരത്തു തന്നെ.

ഈ നഗരം തിരുവിതാംകൂർ മഹാരാജാവിൻെറ രാജധാനിയായിരുന്നു. ഇപ്പോൾ മഹാരാജാവല്ല രാജ്യം ഭരിക്കുന്നതു്. തിരുവിതാംകൂർ–കൊച്ചി,കാസർകോട്ടുവരെയുള്ള വടക്കൻ പ്രദേശങ്ങൾ ഇവ ചേർന്നു് ഈ കേരളസംസ്ഥാനം ആയിരിക്കയാണു്. തിരുവനന്തപുരം എന്ന തലസ്ഥാന നഗരം കേരളത്തിൻെറ തെക്കേ അററത്താണെന്നു പറയാം. അതിർത്തിയിലേയ്ക്കു് തലസ്ഥാനത്തുനിന്നും വളരെ അകലമില്ലല്ലോ. രണ്ടരലക്ഷത്തോളം ജനങ്ങൾ വസിക്കുന്ന ഈ നഗരത്തിനു് ഇരുപതു ചതുരശ്രമൈൽ വിസ്താരം ഉണ്ടു്. കേരളസംസ്ഥാനത്തിൻെറ തെക്കേ അററത്തുള്ള പാറശ്ശാല എന്ന സ്ഥലത്തുനിന്നും പതിനെട്ടു നാഴിക വടക്കാണു് മനോഹരമായ തിരുവനന്തപുരം പട്ടണത്തിൻെറ പടിഞ്ഞാറേ അതിർത്തി അറബിക്കടലാണു്. സമുദ്രതീരത്തുള്ള നഗരമാണെങ്കിലും അതു് ഒരു സമതലപ്രദേശം അല്ല. കടൽ നിരപ്പിൽനിന്നും അധികം ഉയരമുള്ള അനേകം കുന്നുകളും അവയുടെ അടിവാരങ്ങളും നെല്പാടങ്ങളും കൂടിച്ചേർന്നു്, വിചിത്രമായ ഭൂപ്രകൃതിയാണു് നാം അവിടെ കാണുന്നതു്. വൃത്തിയും വെടിപ്പുമുള്ള നിരത്തുകൾ, ഭംഗിയും ഗാംഭീര്യവും തികഞ്ഞ ആധുനിക സൌധങ്ങൾ, സൌന്ദര്യം കളിയാടുന്ന ആരാമങ്ങൾ, പ്രാചീന രീതിയിൽ നിർമ്മിച്ചിട്ടുള്ള ദേവാലയങ്ങൾ എന്നിവ ആ നഗരത്തെ അലങ്കരിക്കുന്നു. നഗരവാസികൾക്കു കുടിക്കുന്നതിനും കുളിക്കുന്നതിനും പരിശുദ്ധമായ കുഴൽ വെള്ളം ലഭിക്കുന്നു. പട്ടണത്തിനുള്ളിൽ അഴുക്കു തങ്ങി നില്ക്കാതെ ഭൂമിക്കടിയിലുള്ള കുഴലുകളിൽ കൂടി ഒഴുക്കിക്കളയുന്നതിനുള്ള ഏർപ്പാടുകൾ അവിടെ ചെയ്തിട്ടുണ്ടു്. പഴയതും പുതിയതുമായ മാതൃക

കളിൽ ഉണ്ടാക്കിയിട്ടുള്ള കൊട്ടാരങ്ങളും ഗവൺമെൻറു വക ആഫീസുകളും സന്ദർശകന്മാരെ ഗാഢമായി ആകർഷിക്കുന്നു.



തിരുവനന്തപുരത്തുള്ള നിരവധി സ്ഥാപനങ്ങളിൽ ഏററവും പ്രധാനം ഹജ്ജൂർക്കച്ചേരി ആണ്. സെക്രട്ടറിയേററ് എന്ന ഭരണകേന്ദ്രം അതിലാണ് പ്രവർത്തിക്കുന്നത്. അതിനു തൊട്ടടുത്തായി നിയമസഭാമന്ദിരം നിലകൊള്ളുന്നു. ഭാരതസ്വാതന്ത്ര്യസമരത്തിൽ ആത്മാർപ്പണം ചെയ്ത ദേശഭക്തന്മാരുടെ ഓർമ്മയ്ക്കായി പടുത്തുയർത്തിയ ഉന്നത സ്തംഭം നഗരത്തിൻെറ നടുക്കു പരിശോഭിക്കുന്നു. മെഡിക്കൽ കാളേജ് ആശുപത്രി, അവിട്ടംതിരുനാൾ ആശുപത്രി എന്നീ പടുകൂററൻ കെട്ടിടങ്ങൾ ഉള്ളൂർ എന്ന സ്ഥലത്തു കാണാവുന്നതാണ്. നൂറുകൊല്ലത്തെ പഴക്കമുള്ള കാഴ്ചബംഗ്ലാവും മൃഗസംരക്ഷണശാലയും, ശ്രീചിത്രാലയം, നക്ഷത്രനിരീക്ഷണശാല, കവടിയാർകൊട്ടാരം, മത്സ്യമന്ദിരം, റേഡിയോനിലയം ഇവയെല്ലാമാണ് കൗതുകപ്രദങ്ങളായ ഇതര ശ്രേയങ്ങൾ. പുരാതനവും ചരിത്രപ്രസിദ്ധവുമായ

ശ്രീപത്മനാഭസ്വാമിക്ഷേത്രം തിരുവനന്തപുരം നഗരത്തിന്റെ മാഹാത്മ്യം വർദ്ധിപ്പിക്കുന്നു.



കേരളത്തിലെ ഉപരിവിദ്യാഭ്യാസത്തിനു മേൽനോട്ടം വഹിക്കുന്ന കേരളസർവ്വകലാശാലാകേന്ദ്രം സംസ്ഥാനത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്താണ് സ്ഥാപിച്ചിരിക്കുന്നതു്. യൂണിവേഴ്സിററി കാളേജ്, എഞ്ചിനീയറിംഗ് കാളേജ്,



വിമൻസ് കാളേജ്, സംസ്കൃതകാളേജ്, മെഡിക്കൽ കാളേജ്, ആയുർവ്വേദ കാളേജ്, മഹാത്മാഗാന്ധി കാളേജ്, മാർ ഇവാനൃസ് കാളേജ് എന്നീ ഉന്നത വിദ്യാലയങ്ങളിൽ ആയിരക്കണക്കിനു് വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും പഠിക്കുന്നുണ്ടു്. സ്കൂളുകൾ നഗരത്തിന്റെ ഏതു ഭാഗത്തു തിരിഞ്ഞാലും കാണാം. ഇങ്ങനെ വിദ്യാഭ്യാസ കാര്യത്തിൽ ഉൽക്കൃഷ്ടമായ സ്ഥാനം സമ്പാദിച്ചിട്ടുള്ള ഒരു പട്ടണമത്രേ തിരുവനന്തപുരം.

കേരളത്തിലെ എല്ലാ നഗരങ്ങളിലും വച്ചു് കൂടുതൽ വിശാലവും സുന്ദരവും പരിഷ്കൃതവുമായ തിരുവനന്തപുരം നമ്മുടെ സംസ്ഥാനത്തിന്റെ തലസ്ഥാനമായിരിക്കാൻ സർവ്വഥാ യോഗ്യമാണു്.

അഭ്യാസം.

1. (1) പകരം പറ്റിയ വാക്കു് എഴുതുക:—

രാജാവിന്റെ ആസ്ഥാനമായ സ്ഥലം=
ഒരേ നിരപ്പിലുള്ള പ്രദേശം=
എല്ലാ പ്രകാരത്തിലും=
കൗതുകകരങ്ങളായ വസ്തുക്കൾ ശേഖരിച്ചിരിക്കുന്ന സ്ഥലം=

[സമതലം, രാജധാനി, സർവ്വഥാ, കാഴ്ചബംഗ്ലാവു്— ഈ വാക്കുകൾ വേണ്ടസ്ഥാനത്തു് എഴുതുക]

(ii) വിപരീതപദം എഴുതുക:— പാഠത്തിലുണ്ട് ആ പദങ്ങൾ കണ്ടുപിടിക്കണം]

നതം × — അപരിഷ്ക്കൃതം × —

അപകൃഷ്ടം × — അസുന്ദരം × —

[ഉൽക്കൃഷ്ടം, സുന്ദരം, പരിഷ്ക്കൃതം, ഉന്നതം—ഈ വാക്കുകൾ യഥാസ്ഥാനം ചേർക്കുക]

(iii) 'പുരാ' എന്ന വാക്കിനു പണ്ട് എന്നർത്ഥം. പുരാതനം=പണ്ടു ഉള്ളതു്. അധുനാ എന്ന വാക്കിനു് ഇപ്പോൾ എന്നർത്ഥം. ഇപ്പോൾ ഉള്ളതു് എന്നതിനു പകരം എന്തു വാക്കു പറയാം? സാമർത്ഥ്യമുള്ളവർ പറയുവിൻ.

[പുരാ — പുരാതനം. അധുനാ — അധുനാതനം]

2. 'തിരുവനന്തപുരം ഒരു നല്ല നഗരം ആകുന്നു' ഈ വാക്യത്തിൽ എന്തിനെക്കുറിച്ചാണ് പറയുന്നതു്? എന്തിനെക്കുറിച്ചാണോ വാക്യം അതു് ആഖ്യ. അതിനെക്കുറിച്ചെന്തു പറയുന്നുവോ അതു് ആഖ്യാതം

ആഖ്യ	ആഖ്യാതം
തിരുവനന്തപുരം	ഒരു നല്ല നഗരം ആകുന്നു.

ആഖ്യയും ആഖ്യാതവും തിരിച്ചെഴുതുക:—

തിരുവനന്തപുരം കേരളത്തിന്റെ തലസ്ഥാനം ആകുന്നു.

തിരുവനന്തപുരം തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ രാജധാനി ആയിരുന്നു.

———

പാഠം 16

അരയന്നം

നളിനസരസ്സിന്നരികേ നല്ലൊരു
പുളിനം തന്നിൽച്ചെല്ലുന്നേരം
നളിനം തന്നിലുറങ്ങീടുന്നൊരു
കളഹംസത്തെ കണ്ടായരചൻ

പങ്കമകന്നൊരു തങ്കം പൊന്നിനൊ-
ടങ്കം പൊരുതുമൊരംഗപ്രഭയും
കുങ്കുമനിറമാം ചിറകും കൊക്കും
പങ്കജരുചിരം ചരണദ്വയവും

കണ്ടതുനേരം നൃപനു കുതൂഹല-
മുണ്ടായ്‌വന്നൂ മനതാരിങ്കൽ:
കൊണ്ടാടിത്തൻ കരകമലത്തെ-
ക്കൊണ്ടുപിടിച്ചു മുറുക്കിക്കൊണ്ടവൻ

അരചൻ ചെന്നിഹ തൊട്ടതുനേരം
അരയന്നംതാൻ ഝടിതിയുണർന്നു.
അരുതരുതെന്നെക്കൊല്ലരുതെന്നും
തെരുതെരെയങ്ങു പറഞ്ഞുതുടങ്ങി.

നളചരിതം] [കുഞ്ചൻ നമ്പ്യാർ

അഭ്യാസം.

1. നിഷധരാജ്യത്തിലെ രാജാവായ നളൻ ഒരു താമരപ്പൊയ്കയുടെ മണൽത്തിട്ടിൽ ചെല്ലുന്നു. ഒരു അരയന്നം താമരപ്പൂവിലിരുന്ന് ഉറങ്ങുകയാണ്. അംഗത്തിന് സ്വർണ്ണത്തിന്റെ ശോഭ. രാജാവു് കൗതുകംകൊണ്ടു് അതിനെ കൈക്കലാക്കി. അരയന്നം ഞെട്ടിയുണർന്നു. ഇതാണ്‌ കുഞ്ചൻ നമ്പ്യാർ ഈ കവിതയിൽ വർണ്ണിക്കുന്നതു്.

2. താഴെപ്പറയുന്ന വാക്കുകൾക്കു പകരം ഈ കവിതയിൽ പ്രയോഗിച്ചിട്ടുള്ള വാക്കുകൾ എഴുതുക:—

(i) താമരപ്പൊയ്ക. (iii) രണ്ടുകാലു്.
(ii) മണൽത്തിട്ടു്. (iv) അരയന്നം.

3. എന്തു കണ്ടിട്ടാണ്‌ രാജാവിനു സന്തോഷമുണ്ടായതു്?

4. രാജാവു തന്നെ കൈക്കലാക്കിയപ്പോൾ അരയന്നം എന്തുപറഞ്ഞു?

പാഠം 17

കാട്ട തെളിച്ച

ധീരനും ബുദ്ധിമാനുമായ ഒരു രാജാവായിരുന്നു ശക്തൻ തമ്പുരാൻ. അദ്ദേഹത്തെപ്പററി ധാരാളം കഥകൾ പറഞ്ഞുവരാറുണ്ട്. അവയിൽ പലതും സത്യമാണ്; രസമുള്ളതുമാണ്.

തൃപ്പൂണിത്തുറയിലായിരുന്നു ശക്തൻ തമ്പുരാൻെറ സ്ഥിരതാമസം. ഒരിക്കൽ അദ്ദേഹം തൃശ്ശൂരിൽ താമസിക്കാൻ വന്നു. അന്ന് ആ നഗരം ഇന്നത്തെപ്പോലെ പരിഷ്കൃതമായിരുന്നില്ല. അതിൻെറ മദ്ധ്യത്തിലുള്ള വടക്കുന്നാഥക്ഷേത്രത്തിനു ചുററും വലിയ കാട്ട് ആയിരുന്നുവത്രേ. ഇപ്പോഴും ആ സ്ഥലത്തിനു് തേക്കിൻകാട്ട് എന്നാണ് പേർ പറയുന്നതു്. കാട്ടവെട്ടിത്തെളിക്കണമെന്നും, ആളുകൾക്ക് പേടികൂടാതെ നടക്കാറാകണമെന്നും തമ്പുരാൻ തീർച്ചയാക്കി. അതനുസരിച്ച കല്പനയും കൊടുത്തു. കാട്ട വെട്ടിക്കൊണ്ടിരിക്കുമ്പോഴുണ്ട്, ഒരാൾ വാളും ചിലമ്പും ധരിച്ച തുള്ളിവരുന്നു. നോക്കിയപ്പോൾ കണ്ടതു് അവിടത്തെ ഭഗവതീക്ഷേത്രത്തിലെ വെളിച്ചപ്പാടിനെയാണ്. വെളിച്ചപ്പാട്ട വഴിയിൽക്കണ്ടവരെയൊക്കെ തട്ടി മാററി, നേരേ ശക്തൻ തമ്പുരാൻെറ മുമ്പിൽച്ചെന്നു; ഇങ്ങനെ അലറുകയും ചെയ്തു: "ഇതു് എൻെറ അച്ഛൻെറ ജടയാണ്. ഇങ്ങനെ വെട്ടിക്കളയാൻ പാടില്ല". തമ്പുരാൻ അതു് കൂട്ടാക്കിയില്ല. "ഞാൻ ഇതൊക്കെ

വെട്ടിക്കളഞ്ഞു് ഇവിടെ വൃത്തിയും വെടിപ്പും വരുത്താനാണു് ഭാവം. അനാവശ്യമായി ഒന്നും മിണ്ടാതെ പൊയ്ക്കോ" എന്നു് അദ്ദേഹം മറുപടി പറഞ്ഞു. അതു ഭഗവതിയുടെ കല്പനയല്ലെന്നും വെളിച്ചപ്പാടിന്റെ വാക്കാണെന്നും തമ്പുരാനു് അറിയാമായിരുന്നു. മറുപടി കേട്ടപ്പോൾ വെളിച്ചപ്പാടിന്റെ ഒച്ച ഒന്നുകൂടി മൂത്തു: "ആഹാ! ഉണ്ണി എന്നോടു കളിക്കുന്നു. അല്ലേ? അനുഭവം കാണിച്ചുതരാം"



എന്നു ഗർജ്ജിച്ചുകൊണ്ടു് അയാൾ തന്റെ തല വെട്ടിപ്പൊളിക്കാൻ മുതിർന്നു. അയാളുടെ വാളിന്നു മൂർച്ച കുറവാണെന്നും അതുകൊണ്ടു് നല്ലപോലെ മുറിയുന്നതല്ലെന്നും ശക്തൻ തമ്പുരാൻ കണ്ടു. ഉടൻതന്നെ അദ്ദേഹം തന്റെ മൂർച്ചയേറിയ വാളുകൊണ്ടു് വെളിച്ചപ്പാടിന്റെ തലവെട്ടി നിലത്തിട്ടു.

തുടർന്നു കുട്ട തെളിച്ചു് അമ്പലത്തിനു ചുറ്റും പ്രദക്ഷിണ വഴികൂടി ഉണ്ടാക്കിച്ചേ തമ്പുരാൻ

അടങ്ങിയുള്ളു. അന്നത്തേയും ഇന്നത്തേയും തേക്കിൻ ക്കാട്ടിനു് എന്തൊരു വ്യത്യാസമാണെന്നോ? അതിന്നു മുഖ്യമായും ഉത്തരവാദി ശക്തൻ തമ്പുരാനാണു്. അന്നത്തെ ജനങ്ങളുടെ അന്ധവിശ്വാസം അകററാൻ തമ്പുരാൻ ഇങ്ങനെ പല സാഹസങ്ങളും ചെയ്തിട്ടുണ്ടു്.

അഭ്യാസം

1. (i) പകരം പഠിച്ച വാക്കു് എഴുതുക:—

അലറിക്കൊണ്ടു് =	അലർച്ച =
കട്ടംകൈയ് =	ആവശ്യമില്ലാതെ =
എന്നുമുള്ളതാമസം =	വലംവയ്ക്കുക =

[ഗർജ്ജിച്ചുകൊണ്ടു, സ്ഥിരതാമസം, സാഹസം, അനാവശ്യമായി, പ്രദക്ഷിണംവയ്ക്കുക, ഗർജ്ജനം— ഈ വാക്കുകൾ യഥാസ്ഥാനം എഴുതുക]

(ii). 'അച്ഛന്റെ ജട' എന്നു വെളിച്ചപ്പാടു പറഞ്ഞതിന്റെ അർത്ഥം എന്തു്?

2. (i) ആഖ്യയും ആഖ്യാതവും നടുക്കു || ഈ അടയാളം ഇട്ടു തിരിക്കുക:—

(1) ഉണ്ണി എന്നോടു കളിക്കുന്നു.
(2) വെളിച്ചപ്പാടു് വാൾകൊണ്ടു തലയിൽ വെട്ടി.

[ആരു് എന്നോടു കളിക്കുന്നു? ഇതിനു് ഉത്തരമായ പദമാണു് ആഖ്യ. അതിനുശേഷം || ഇങ്ങനെ ഒരു വരയിടുക. 'വാൾകൊണ്ടു തലയിൽ വെട്ടി' ആരു്? ഈ ചോദ്യത്തിനുത്തരമായ പദമാണു് ആഖ്യ]

(ii) ആഖ്യയോട്ട് ആഖ്യാതപദം ചേർത്തു വാക്യമാക്കുക:—

(1) ശക്തൻ തമ്പുരാൻ ——

(2) ആ നഗരം ——

ധീരനായിരുന്നു, പരിഷ്കൃതമായിരുന്നില്ല. — ഈ പദങ്ങൾ യഥാസ്ഥാനം ചേർക്കുക]

5. തമ്പുരാൻ നഗരത്തിന്റെ നടുക്കുള്ള കാടു വെട്ടിച്ചപ്പോൾ ആരാണു തുള്ളിക്കൊണ്ടു വന്നതു്? അയാൾ എന്തു പറഞ്ഞു? തമ്പുരാന്റെ മറുപടി എന്തായിരുന്നു? വെളിച്ചപ്പാടു് എന്തുചെയ്തു? ആരാണു് അയാളുടെ തല വെട്ടിയതു്? തമ്പുരാൻ ആ കടുംകൈയ് എന്തിനു ചെയ്തു? അന്ധവിശ്വാസം നല്ലതോ ചീത്തയോ?

പാഠം 18

വിമാനം

മണിയടിച്ചു. കുട്ടികളെല്ലാം ക്ലാസ്സിൽ വന്നു് ഇരുന്നു. അധ്യാപകൻ ഹാജർ വിളിച്ചു. അതു കഴിഞ്ഞു ഭാഷാപാഠം തുടങ്ങി. "നിറന്ന പീലികൾ നിരക്കവേ കുത്തി," എന്നു് കൃഷ്ണൻകുട്ടി നീട്ടിച്ചൊല്ലുകയാണു്. അവനു് ഭംഗിയായി പദ്യം ചൊല്ലാനറിയാം. അപ്പോഴേയ്ക്കു് അതെന്താണു് ആകാശത്തിൽ വലിയ ഒരു ഇരമ്പൽ? സ്കൂൾകെട്ടിടം ആകെ വിറയ്ക്കുന്നപോലെ! അധ്യാപകൻ ജനലി

നാട്ടത്തുചെന്ന പുറത്തേയ്ക്കുനോക്കി. കുട്ടികൾ വരാന്തയിലേയ്ക്കോടി. ചിലർ മുററത്തു ചാടി. എല്ലാവരുടേയും നോട്ടം മേല്പോട്ടാണ്. “അതാ, അതാ!” എന്നു് ജോൺ മുകളിലേയ്ക്കു വിരൽ ചൂണ്ടി. വെളുത്ത മേഘങ്ങളുടെ ഇടയിലൂടെ വെള്ളിപോലെ തിളങ്ങുന്ന ഒരു വിമാനം പറന്നുപോകുന്നു! കഷ്ടിച്ച് ഒരു മിനിററുനേരമേ അതു കാണാൻ കഴിഞ്ഞുള്ളു. അപ്പോഴേയ്ക്കും അതു കണ്ണെത്താത്ത ദൂരത്തിലായിക്കഴിഞ്ഞു! “എന്തുവേഗം! പക്ഷികൾക്കും ഇത്ര വേഗമില്ല” എന്നു ചില കുട്ടികൾ തമ്മിൽ പറഞ്ഞു.

ആ ഉൾനാട്ടിലെ വിദ്യാലയത്തിലെ ബാലികാബാലകന്മാർക്ക് അതു് അസാധാരണമായ ഒരു ദർശനം ആയിരുന്നു. അതിനാൽ, പിന്നീട്ട ക്ലാസ്സിൽ അതിനെപ്പററിയായി സംസാരം. വിമാനത്തെപ്പററി ചില വിവരങ്ങൾ ഉപാധ്യായൻ കുട്ടികൾക്കു പറഞ്ഞുകൊടുത്തു.

പറക്കുവാനുള്ള ആഗ്രഹം പണ്ടുതന്നെ മനുഷ്യർക്കു് ഉണ്ടായിരുന്നു. ഈ മോഹം നിമിത്തമാണു് പറക്കുന്നതിനെപ്പററിയുള്ള പല കഥകളും അവർ കെട്ടിച്ചമച്ചതു്. രാക്ഷസരാജാവായ രാവണന്റെ “പുഷ്പകം” എന്ന വിമാനത്തെപ്പററി രാമായണത്തിൽ പറയുന്നുണ്ടു്. ഈ വിമാനത്തിൽ കയറിയാണത്രേ സീതയും രാമനും ലങ്കയിൽനിന്നു് അയോദ്ധ്യയിലേയ്ക്കു പോയതു്. ഇതു് ഒരു കല്പിത കഥയാണു്. യഥാർത്ഥത്തിൽ മനുഷ്യർ ആകാശത്തിൽ സഞ്ചരിക്കാൻ തുടങ്ങിയിട്ടു വളരേ കുറച്ചു കാലമേ ആയിട്ടുള്ളു.

കുട്ടികൾ കളിക്കു് ഉപയോഗിക്കുന്ന ചെറിയ ബലൂണില്ലേ? കനം കുറഞ്ഞ ഏതെങ്കിലും വാതകം നിറച്ചാൽ അതു വായുവിൽ തനിയേ ഉയരും. ബലൂൺ വളരെ വലുതും ഉറപ്പുള്ളതും ആണെങ്കിൽ, അതിൽ കെട്ടിത്തൂക്കിയ തൊട്ടിലിലിരുന്നു മനുഷ്യർക്കു് ആകാശത്തോളം ഉയരാം. ഇത്തരം ബലൂണുകളിൽ കയറി പറക്കാനായിരുന്നു ആദ്യമാദ്യം മനുഷ്യരുടെ ശ്രമം. ഭൂമിയിൽനിന്നു് ഉയരാനല്ലാതെ, വിചാരിച്ച സ്ഥലത്തേയ്ക്കുപോകുവാൻ ബലൂണുകൾ ഉപകരിക്കുകയില്ല. അതു കാററിൻെറ ഗതി അനുസരിച്ചു് അങ്ങുമിങ്ങു പറന്നുപോകും; അത്രതന്നെ.



ഇന്നു കാണുന്ന തരത്തിൽ വായുവിനേക്കാറം കനം കൂടിയ വിമാനം ആദ്യമായി പറപ്പിച്ചതു് 1903-ാമാണ്ടിലാണു്. അമേരിക്കക്കാരായ റൈററു സഹോദരന്മാരാണു് ഈ വാഹനം കണ്ടുപിടിച്ചതു്.

ഓർവിൽ റൈററു് ആണു് അന്നു് ആദ്യമായി പറന്നതു്. ഈ ആകാശസഞ്ചാരം പന്ത്രണ്ടു സെക്കൻഡു് നേരത്തേയ്ക്കുമാത്രമായിരുന്നു. എട്ടുകൊല്ലം കഴിഞ്ഞു് റോജേഴ്സ് എന്ന ഒരാൾ അമേരിക്കയുടെ ഒരററം മുതൽ മറേറഅററംവരെ. നാലായിരം നാഴിക

വിമാനയാത്ര ചെയ്തു. കാറു പോകുന്നത്ര വേഗത്തിൽ, മണിക്കൂറിൽ ഏകദേശം നാല്പതു നാഴികയോളം മാത്രമേ അന്നു വിമാനം പോയിരുന്നുള്ളൂ.



എത്ര വേഗത്തിലാണ്, വിമാനനിർമ്മാണത്തിൽ പരിഷ്കാരങ്ങൾ വന്നു ചേർന്നതു്! നാനൂറു യാത്രക്കാർക്കു കയറാവുന്ന വിമാനങ്ങൾ ഇപ്പോൾ ഉണ്ടു്. അതുപോലെ മണിക്കൂറിൽ രണ്ടായിരത്തോളം നാഴിക ദൂരം പറക്കാനും ചില വിമാനങ്ങൾക്കു് ഇപ്പോൾ സാധ്യമാണ്. ഭൂമിയിൽനിന്നു് ഇരുപത്തിനാലു നാഴിക ഉയരത്തിൽ വിമാനം പറന്നെത്തിയിട്ടുണ്ടു്. അത്ര ഉയരത്തിൽ പറക്കുന്ന വിമാനം താഴെ



നിന്നു കണ്ണുകൊണ്ടു കാണാൻ കഴിയുകയില്ല. അതിൻെറ ഇരമ്പൽ ചുവട്ടിൽ കേൾക്കുകയുമില്ല

ഭൂമിയിൽത്തന്നെ ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേയ്ക്കു പോകാനുള്ള വിമാനങ്ങളെപ്പററിയാണ് ഇത്രയും പറഞ്ഞതു്. ഭൂമിയിൽനിന്നു ചന്ദ്രമണ്ഡലത്തിലേയ്ക്കു പറക്കുന്ന വിമാനങ്ങൾ ഉണ്ടാക്കുവാനുള്ള ശ്രമങ്ങൾ ഇന്നു നടക്കുന്നുണ്ടു്. ഇങ്ങത്തെ കുട്ടികൾ വലുതാവുമ്പോഴേയ്ക്കു് ഈ ശ്രമങ്ങൾ സഫലമായെന്നുവരാം. മനുഷ്യൻെറ കഴിവുകൾക്കു് അതിരില്ല. ഇന്നു് അസാധ്യമായിത്തോന്നുന്നതു നാളെ സാധ്യമായിത്തീരുന്നു. വിമാനം ഇതിന്നു് ഒരുദാഹരണം അല്ലേ?

അഭ്യാസം.

1. (i) പകരം പഠിച്ച വാക്കു് എഴുതുക:

   പഠിപ്പിക്കുന്ന ആൾ= (1) (2)

   ആകാശത്തിലൂടെ പോകുന്ന വാഹനം=

   സാധാരണമല്ലാത്തതു്=

   ചന്ദ്രഗോളം=

   (ii) വിപരീതപദം എഴുതുക:—

   സാദ്ധ്യം × —

   വാസ്തവ കഥ × —

   വിഫലം × —

   [അസാദ്ധ്യം, അവാസ്തവ കഥ, അല്ലെങ്കിൽ കല്പിത കഥ; സഫലം—ഈ വാക്കുകൾ യഥാസ്ഥാനം എഴുതുക.]

   (iii) പുഷ്പകവിമാനത്തെക്കുറിച്ചു് ഏതു ഗ്രന്ഥത്തിലാണു് പ്രസ്താവിച്ചിട്ടുള്ളതു്? സീതയും രാമനും

ആ വിമാനത്തിൽ എവിടെനിന്നു് എങ്ങോട്ടേയ്ക്കു യാത്ര ചെയ്തതായി വർണ്ണിച്ചിരിക്കുന്നു. ഈ കഥ വാസ്തവമോ കല്പിതമോ?

൭. (i) ആഖ്യയും ആഖ്യാതവും, || ഈ വരകൊണ്ടു് വേർതിരിക്കുക:—

(1) കുട്ടികൾ ക്ലാസ്സിൽ വന്നു് ഇരുന്നു

(2) അദ്ധ്യാപകൻ പുറത്തേയ്ക്കു പോയി

(ii) ആഖ്യാതം ചേർത്തു വാക്യമാക്കുക:—

(1) പുഷ്പകം—

(2) കുട്ടികൾ—

[രാവണന്റെ വിമാനമാണു്; വരാന്തയിലേയ്ക്കു് ഓടി — ഇവ യഥാസ്ഥാനം ചേർക്കുക.]

൮. വാക്യം പൂർണ്ണമാക്കുക:—

(1) കനം കുറഞ്ഞ ഏതെങ്കിലും —യിറച്ചാൽ — വായുവിൽ തനിയേ —

[വാതകം, ബലൂൺ, ഉയരും—ഈ വാക്കുകൾ യഥാസ്ഥാനം ചേർക്കുക]

(2) എട്ടുകൊല്ലം കഴിഞ്ഞു് — എന്നൊരാൾ — ഒരാറം മുതൽ മറ്റെ അറേംവരെ — നാഴിക — ചെയ്തു.

[റോജേഴ്സ്, അമേരിക്കയുടെ, നാലായിരം, വിമാന യാത്ര ഈ വാക്കുകൾ യഥാസ്ഥാനം ചേർക്കുക]

(3) ഏററവും വേഗം കൂടിയ വാഹനം— ആകുന്നു

[കാളവണ്ടി, കുതിരവണ്ടി, തീവണ്ടി, കപ്പൽ, വിമാനം — ഇവയിൽ ഏതു വാക്കാണു് ചേർക്കേണ്ടതു്?]

പാഠം 19

വീരമാതാവ്



അമ്മാമൻ തന്റെ ചുരിക നാലും
നിലയറയകത്തു ഇരിപ്പുണ്ടല്ലോ
ചോരക്കച്ചക്കുടിക്കൊണ്ടുപോണം
ഇനിയുമേ ഒന്നുണ്ടു കേൾക്ക ഉണ്ണി ;
ഇന്നും നാളെയും ഞാൻ കാത്തിരിക്കും
മററന്നാൾ കാലത്തു വന്നില്ലെങ്കിൽ
ചോദിച്ചറഞ്ഞങ്ങു വന്നിട്ടുണ്ടു് ;
നേരിട്ടുവെട്ടി മരിച്ചിതെങ്കിൽ
നാട്ടേയ്ക്കു നല്ലൊരു മാനംതന്നെ.
വീരാളിപ്പട്ടു വിതാനത്തോടും

ആർത്തുവിളിച്ചു് എട്ടപ്പിക്കണ്ട്.
ഇലപുല നന്നായ്ക്കഴിപ്പിച്ചേക്കാം;
ഒളിവാളുകൊണ്ടു് മരിച്ചിതെങ്കിൽ
പച്ചോലകെട്ടി വലിപ്പിക്കണ്ട്
പുലയുംകൂടി ഞാൻ കുളിക്കയില്ല.

(വടക്കൻപാട്ട്)

അഭ്യാസം.

1. "ഇന്നും നാളെയും ഞാൻ കാത്തിരിക്കും?" ആരു കാത്തിരിക്കും? ആരെ കാത്തിരിക്കും? മകനെ എങ്ങോട്ടാണു് അമ്മ അയയ്ക്കുന്നതു്? ആരെ കൊന്നതിനു പകരംവീട്ടാനാണു്?
2. ധൈര്യപൂർവ്വം നേരിട്ടുനിന്നു് യുദ്ധത്തിൽ മരിച്ചാൽ തന്നെ ആ അമ്മയ്ക്കു സന്തോഷമോ ദുഃഖമോ?
3. വീരയുദ്ധത്തിൽ മരിച്ചാൽ അമ്മ എന്തു ചെയ്യുമെന്നു പറയുന്നു? ശത്രുക്കളുടെ ഒളിവാളേറ്റു മരിച്ചാലോ?
4. പൂരിപ്പിക്കുക:—
   ആരോമുണ്ണിയുടെ അമ്മയ്ക്കു് പുത്രനെക്കുറിച്ചു്—
   [അഭിമാനമുണ്ടു്, അഭിമാനമില്ല— ഏതു വാക്കാണു് ചേർക്കേണ്ടതു്, ?]

പാഠം 20

ഇരുമ്പ്

വീട്ടിൽ ഉപയോഗിക്കുന്ന കൈയ്ക്കോട്ട്, മഴു, വെട്ടുകത്തി മുതലായ ആയുധങ്ങൾ നിങ്ങൾ കണ്ടിരിക്കും. അവ എന്തുകൊണ്ടാണ് ഉണ്ടാക്കുന്നതെന്നു നിങ്ങൾ അറിഞ്ഞിട്ടുണ്ടോ ?

ഭൂമിയിൽനിന്നു കുഴിച്ചെടുക്കുന്ന ഇരുമ്പ് എന്ന ലോഹംകൊണ്ടാണ് ആ ഉപകരണങ്ങൾ നിർമ്മിക്കുന്നതു്. ലോഹങ്ങളെ പ്രധാനമായി സ്വർണ്ണം, വെള്ളി, ചെമ്പ്, ഇരുമ്പ്, ഈയം എന്നിങ്ങനെ അഞ്ചായി തിരിച്ചിരിക്കുന്നു. ഈ പഞ്ചലോഹങ്ങളിൽ വെച്ച് കൂടുതൽ ഉപയോഗം ഇരുമ്പുകൊണ്ടാണ്.

ഇരുമ്പു കണ്ടുപിടിച്ചിട്ടില്ലാതിരുന്ന കാലത്ത് ആയുധങ്ങളും മററും ഉണ്ടാക്കി വന്നതു കല്ല്, മരം, മൃഗങ്ങളുടെ എല്ല് എന്നിവ കൊണ്ടാണ്. ഈ സാധനങ്ങൾകൊണ്ട് നിർമ്മിച്ചിരുന്ന അന്നത്തെ ഉപകരണങ്ങളിൽ പലതും ഇന്നു നമുക്കു കാഴ്ച ബംഗ്ലാവുകളിൽ കാണാം.

ഭൂമിയിൽ പലേടത്തും ഇരുമ്പുഖനികളുണ്ട്. അവയിൽനിന്നും കുഴിച്ചെടുക്കുന്ന ഇരുമ്പിൽ ഗന്ധകാദികളായ പല വസ്തുക്കളും കലർന്നിരിക്കും. അശുദ്ധമായ ആ ലോഹം ശുദ്ധിചെയ്തുകഴിഞ്ഞേ ഉപയോഗിക്കാൻ പററൂ. വിറകോ കല്ക്കരിയോ ഇട്ട ചൂളയിൽ വച്ചു ചൂടു പിടിപ്പിക്കുമ്പോൾ ഇരുമ്പിനോടു ചേർന്ന ഗന്ധകം വാതകമായിത്തീരും. ശേഷിച്ച ഇരുമ്പ്

ച്ചുണ്ണാമ്പും മററും ചേർത്തു വലിയ ചൂളയിൽവച്ചു വീണ്ടും ചൂടുപിടിപ്പിക്കുന്നു. ആ സമയത്തു് ഉരുകി വീഴുന്ന ഇരുമ്പു് വീണ്ടും യന്ത്രക്കരുക്കളിലിട്ടു വാരത്തെടുക്കണം. ഇതിനെ നമുക്കു് ഇഷ്ടമുള്ള രൂപത്തിൽ മാററാൻ കഴിയും. കോടാലി, മൺവെട്ടി, ചങ്ങല, കുഴലുകൾ, തൂണുകൾ, അഴികൾ, ചക്രങ്ങൾ ഇങ്ങനെ പലതും വാരത്തെടുക്കുന്നതു് ആ വിധത്തിൽ ആണു്. വളരെ ഘനമുള്ള പലകകളും തീരെ ഘനം കുറഞ്ഞ തകിടുകളും തലനാരുപോലുള്ള കമ്പികളും ഇരുമ്പു കൊണ്ടു നിർമ്മിക്കാം.

പെൻസിൽ ചെത്തുന്ന മൂർച്ചയുള്ള പേനാക്കത്തി കണ്ടിട്ടില്ലേ? ഇരുമ്പുതന്നെയാണു് അതിൻെറയും നിർമ്മാണസാമഗ്രി. എന്നാൽ ആ ഇരുമ്പിനു വ്യത്യാസമുണ്ടു്. അതിനു കട്ടപ്പും കൂടും. ഉരുക്കു് എന്നാണു് അതിനു പേർ. അരംപോലെ ഉറപ്പും മൂർച്ചയുമുള്ള ആയുധങ്ങൾ ഉണ്ടാക്കാൻ ഉരുക്കുവേണം. ചെറിയ പേനാക്കത്തികൾ മുതൽ വലിയ പീരങ്കികളും യുദ്ധക്കപ്പലുകളും വരെ പല വസ്തുക്കളും ഉരുക്കുകൊണ്ടാണു നിർമ്മിക്കുന്നതു്,

വടക്കേ ഇന്ത്യയിൽ ബീഹാർ, ഒറീസ്സാ, മധ്യ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലും തെക്കേ ഇന്ത്യയിൽ മൈസൂർ, മദിരാശി എന്നീ സംസ്ഥാനങ്ങളിലും ഇരുമ്പുഖനികൾ ഉണ്ടു്. ഇരുമ്പും ഉരുക്കും വേണ്ടത്ര നിർമ്മിക്കുന്ന ടാററാക്കമ്പനിയെപ്പററി നിങ്ങൾ കേട്ടിട്ടുണ്ടോ?

ഇരുമ്പിൻെറ ഉപയോഗം എത്രയാണെന്നു പറഞ്ഞാൽ തീരുകയില്ല. നാം ഇന്നു കാണുന്ന പല അത്ഭുതവസ്തുക്കളും ഇരുമ്പുകൊണ്ടു് ഉണ്ടാക്കിയവ

യാണ്. തീവണ്ടി, കപ്പൽ, മോട്ടാർകാറുകൾ, ബസ്സ്, നീണ്ട റെയിൽവേപ്പാലങ്ങൾ—അങ്ങനെ എന്തെല്ലാം വസ്തുക്കളാണെന്നോ! ഇരുമ്പു കണ്ടുപിടിച്ചിരുന്നില്ലെങ്കിൽ ഇതൊക്കെ നിർമ്മിക്കാൻ കഴിയുമായിരുന്നോ? നമ്മുടെ പൂർവ്വികന്മാരുടെ ചരിത്രം നിങ്ങൾ കുറച്ചുകൂടി കഴിഞ്ഞാൽ പഠിക്കും. പരിഷ്കൃതരീതിയിലുള്ള വാഹനങ്ങളോ ആയുധങ്ങളോ അവർക്കു ഉണ്ടായിരുന്നില്ല. ഇരുമ്പു മുതലായ ലോഹങ്ങളെപ്പററി അവർക്കു അറിഞ്ഞുകൂടായിരുന്നുവല്ലോ.

അഭ്യാസം.

1. (i) നാമപദങ്ങളുടെ അടിയിൽ വരയ്ക്കുക:—

(1) സ്വർണ്ണവും വെള്ളിയും ചെമ്പും ഇരുമ്പും ഈയവും ലോഹമാകുന്നു.

(2) കൈക്കോട്ട്, മഴു, വെട്ടുകത്തി ഇവ ആയുധങ്ങളാണ്.

(3) കൊല്ലൻ ഇരുമ്പുകൊണ്ടു അനേകം സാധനങ്ങൾ ഉണ്ടാക്കുന്നു.

(ii) വെള്ളി ഉപയോഗമുള്ള ലോഹമാണ്.

ഇരുമ്പു ഉപയോഗമുള്ള ലോഹമാണ്

ആദ്യത്തെ വാക്യത്തിൽ ഏതു വസ്തുവാണ് ആഖ്യ? രണ്ടാമത്തെ വാക്യത്തിലോ? രണ്ടു ലോഹങ്ങളേയും കുറിച്ചു പറഞ്ഞിട്ടുള്ളതു ഒന്നുതന്നെ. അതിനാൽ ആഖ്യാതം ഒന്നുതന്നെയാണല്ലോ. താഴെ എഴുതുന്ന ആഖ്യകളുടെ നേരെ ആ ആഖ്യാതം എഴുതുക.

വെള്ളിയും ഇരുമ്പും————

[രണ്ടു വാക്യം ചേർന്നു ഒററ വാക്യമായി ഇപ്പോൾ]

(iii) ഒററവാക്യമാക്കുക:—

(1) പശു മൃഗമാകുന്നു. ആടു മൃഗമാകുന്നു.

(2) സൂര്യൻ വെളിച്ചം തരുന്നു. ചന്ദ്രൻ വെളിച്ചം തരുന്നു.

———

പാഠം 21

ഈദ് പെരുന്നാൾ

പ്രവാചകനായ ഇബ്രാഹിമിന്നു വിവാഹം കഴിഞ്ഞു തൊണ്ണൂറുകൊല്ലമായപ്പോൾ മിടുക്കനായ ഒരു പുത്രനുണ്ടായി. അവനു് ഇസ്മെയിൽ എന്നു പേരിട്ടു.

ഇസ്മെയിലിന്നു നായാട്ടിൽ വലിയ കമ്പമായിരുന്നു. ഒരു ദിവസം അയാൾ നായാട്ടുകഴിഞ്ഞു തിരിച്ചെത്തിയപ്പോൾ അസ്തമിക്കാറായി. ഇബ്രാഹിം വാത്സല്യം വഴിഞ്ഞൊഴുകുന്ന കണ്ണുകളോടെ മകനെ നോക്കി, മററെല്ലാം മറന്നു കുറെനേരം നിന്നു. അപ്പോൾ ഇസ്മെയിൽ ചോദിച്ചു :— "അച്ഛാ, വൈകുന്നേരത്തെ പ്രാർത്ഥന നടത്തണ്ടേ? ഞാൻ പ്രാർത്ഥിച്ചു കഴിഞ്ഞു".

പ്രവാചകനായ ഇബ്രാഹിം സൂര്യനോടു് "അസ്തമിക്കാൻ വരട്ടെ" എന്നു പറഞ്ഞു; അദ്ദേഹം പ്രാർത്ഥിച്ചു കഴിയുന്നതുവരെ സൂര്യൻ അസ്തമിക്കാതെ പടിഞ്ഞാറു ഭാഗത്തു തങ്ങിനില്ക്കുകയും ചെയ്തു.

ഇതറിഞ്ഞു സർവ്വശക്തനായ ഈശ്വരൻ ദേവദൂതന്മാരെ വിളിച്ചു പറഞ്ഞു : "ഇബ്രാഹിം പുത്രവാത്സല്യത്തിൽ മുഴുകി മുഴുകി, എന്നെ മറക്കാൻ തുടങ്ങിയിരിക്കുന്നു". അന്നുതൊട്ടു് ഒരാഴ്ചക്കാലം ദിവസേന ഇബ്രാഹിം ഓരോ സ്വപ്നം കാണുകയുണ്ടായി. ആദ്യത്തെ ദിവസം രാത്രി താൻ ആടുകളെ ബലികൊടുത്തു എന്നായിരുന്നു സ്വപ്നം. പിറേറന്നു

പശുക്കളെയും അതിൻെറ പിറേറന്നു് ഒട്ടകങ്ങളെയും ഒട്ടഖിൽ എട്ടാംരാത്രി താൻ തൻെറ സ്വന്തം പുത്രനെ ത്തന്നെയും ബലികൊടുത്തതായി സ്വപ്നം കണ്ടു. ഒമ്പതാംരാത്രി പുത്രബലി നടത്തണമെന്നു് ഇബ്രാഹീമിനു് ഈശ്വരസന്ദേശവും കിട്ടി. ഉടനെ ഇബ്രാഹിം ഉണർന്നു് ഭാര്യയെ വിളിച്ചുണർത്തി പറഞ്ഞു: "എഴുന്നേൽക്കൂ. ഇസ്മയിലിനെ ഉടുപ്പിട്ടുവിക്കൂ. അവനെ ഒരു വിരുന്നിനു കൊണ്ടുപോകേണ്ടതുണ്ടു്".



ഇബ്രാഹിം മകനെയും കൂട്ടി, അവനെ ബലി കഴിക്കേണ്ടതിനെപ്പററി വിചാരിച്ചുംകൊണ്ടു്, മലയുടെ മുകളിലേയ്ക്കു യാത്രയായി.

ഈ ഘട്ടത്തിൽ ചെകുത്താൻ ഒരു വയസ്സൻെറ വേഷത്തിൽ ഇബ്രാഹിമിൻെറ ഭാര്യയായ ഹാജറ ബീബിയുടെ അടുക്കൽ ചെന്നു പറഞ്ഞു: "നിൻെറ

ഭർത്താവ് ഇസ്മയിലിനെ കൊണ്ടുപോയിട്ടുള്ളതു ബലികൊടുക്കാനാണ്".

ബീവി മറുപടി പറഞ്ഞു: "നീ ഒരു നുണയനാണ്. ഒരു അച്ഛൻ ഒരിക്കലും മകനെ ബലി കൊടുക്കില്ല".

"അദ്ദേഹം ബലി കഴിക്കും. കാരണം, ഈശ്വരന്റെ കല്പനയാണ് അതു". ചെകുത്താൻ പറഞ്ഞു.

"ഈശ്വരന്റെ കല്പനയാണെങ്കിലോ, ഞങ്ങൾക്കെല്ലാം ഇഷ്ടമാണതു". ബീവി ശാന്തഭാവത്തിൽ മറുപടി നൽകി.

ചെകുത്താൻ നേരെ ഇബ്രാഹിമിന്റെ അടുത്തു ചെന്നു. കണ്ട ഉടനെ ഇബ്രാഹിമിനു് ആളെ മനസ്സിലായി. അദ്ദേഹം ചെകുത്താനെ കല്ലെറിഞ്ഞു് ഓടിച്ചു.

മലമുകളിലെത്തിയപ്പോൾ അച്ഛൻ മകനോടു പറഞ്ഞു: "എന്റെ ഓമനേ! നിന്നെ ബലിതരണമെന്നു് ഈശ്വരൻ കല്പിച്ചിരിക്കുന്നു. നിന്റെ അഭിപ്രായമെന്താണ്?"

"പിതാവേ, ഞാൻ ഈശ്വരേച്ഛയ്ക്കു വിധേയനാണ്" ഇസ്മയിൽ പറഞ്ഞു: "എന്നെ ഒരു കയറുകൊണ്ടു കെട്ടുകയാണ് സൗകര്യം. എന്നിട്ടു കത്തി മൂർച്ച കൂട്ടി കഴുത്ത് അരിയാം. അമ്മയെ എന്റെ അന്ത്യസന്ദേശം അറിയിക്കയും വേണം."

ഇബ്രാഹിം അതു് അനുസരിച്ചു. മകന്റെ പ്രാണവേദന കാണുക വയ്യെന്നു വച്ച് സ്വന്തം കണ്ണു കെട്ടി, മകന്റെ കഴുത്തുപിടിച്ചു് അരിഞ്ഞുതുടങ്ങി.

എന്തു ചെയ്തിട്ടും മുറിയുന്നില്ല. കത്തി ഒന്നു കൂടി മൂർച്ച കൂട്ടി.

ഭയങ്കരമായ ഈ കാഴ്ച കണ്ടു് ദേവദൂതന്മാർ കരഞ്ഞു. കന്നുകാലികൾ ഈശ്വരനെ പ്രാർത്ഥിച്ചു. പക്ഷികൾ നിലവിളിച്ചു.

സർവ്വശക്തനായ ഈശ്വരൻ ഈ ഘട്ടത്തിൽ ദേവദൂതന്മാരിലൊരാളായ ജിബ്‌രീലിനെ വിളിച്ചു് ഒരു കൊററനാടിനേയും കൊണ്ടു് ഇബ്രാഹിമിന്റെ അടുക്കലേയ്ക്കു പോകാൻ നിയോഗിച്ചു. ജിബ്‌രീൽ ചെന്നു് ഇബ്രാഹിമിനെ അഭിനന്ദിച്ചു. "നീ ഈശ്വരാജ്ഞ നിറവേററാൻ തെല്ലും മടിച്ചില്ല" എന്നു പറഞ്ഞിട്ടു് ജിബ്‌രീൽ ഇസ്മയിലിനെ മാററി നിർത്തി ആ സ്ഥാനത്തു കൊററനാടിനെ കെട്ടി.

ഇബ്രാഹിം രണ്ടാമതും കത്തി മൂർച്ച കൂട്ടിവന്നു്, "അള്ളാഹു അക്‌ബർ—അള്ളാഹു അക്‌ബർ ല ഇലാഹ, ഇല്ലില്ലാഹു, അള്ളാഹു അക്‌ബർ" എന്നു ജപിച്ചുകൊണ്ടു ബലി നടത്തി.*

കൊററനാടിന്റെ കരച്ചിൽ കേട്ടപ്പോഴാണു്, താൻ മകനെയല്ല, ആടിനെയാണു് ബലി കഴിച്ചതെന്നു് ഇബ്രാഹിമനു മനസ്സിലായതു്.

ഈ സംഭവത്തെ അനുസ്മരിച്ചുകൊണ്ടാണു് മുസ്ലീങ്ങൾ ആടിനേയും മററും ബലി കഴിച്ചു് "ഈദു് പെരുന്നാൾ" ആഘോഷിച്ചു വരുന്നതു്.

---

* ഈശ്വരൻ മഹാത്മാവാണു്, ഈശ്വരൻ മഹാത്മാവാണു്. ഈശ്വരനല്ലാതെ ആരാധ്യനില്ല. ഈശ്വരൻ മഹാത്മാവാണു്.

എല്ലാ മുസ്ലീങ്ങളും മെക്കയിൽ ചെന്നു 'ഹജ്ജ്' അനുഷ്ഠിക്കണമെന്ന് ഖുറാനിൽ അനുശാസിച്ചിട്ടുണ്ട്. അതുകൊണ്ട് കൊല്ലംതോറും 'ബക്കാർ ഈദ്'ന്റെ രണ്ടുമാസം മുമ്പായി മുസ്ലീങ്ങൾ മെക്കയിലേയ്ക്കു പുറപ്പെടുന്നു. 'കാബ' എന്ന ദേവാലയത്തിന്റെ അതിർത്തിയിലെത്തിയാൽ അവർ പല കർമ്മങ്ങളും അനുഷ്ഠിച്ചു പ്രാർത്ഥന നടത്തുന്നു.

ആടുബലി കഴിഞ്ഞാൽ എല്ലാവരും കുളിച്ച്, വിശേഷാലുള്ള പ്രാർത്ഥനാവസ്ത്രം ധരിച്ച് ദേവാലയ പ്രദക്ഷിണം നടത്തും.

[എൻ. പി. ദാമോദരൻ, ബി. എ.

അഭ്യാസം.

1. (1) ഞാൻ പ്രാർത്ഥിച്ചു.

ആരു പ്രാർത്ഥിച്ചു? ആഖ്യാപദത്തിന്റെ അടിയിൽ വരയിടുക.

ആഖ്യാതപദത്തിന്റെ അടിയിൽ വരയിടുക

(2) നാമപദവും ക്രിയാപദവും രണ്ടു പത്തിയായി തിരിച്ചെഴുതുക:—

(i) ഇബ്രാഹിം മകനെ നോക്കി.

(ii) ഈശ്വരൻ ദേവദൂതന്മാരെ വിളിച്ചു പറഞ്ഞു.

(iii) ദേവദൂതന്മാർ ഉറക്കെ കരഞ്ഞു.

2. (i) 'ഇബ്രാഹിം മകനെ നോക്കി' ആരാണ് മകനെ നോക്കിയതു്? പ്രവൃത്തി ചെയ്യുന്ന ആൾ കർത്താവു് ആണെന്നു വ്യാകരണത്തിൽ പറയും. കർത്തൃപദത്തിൻെറ അടിയിൽ വരയിടുക.

(ii) 'ഈശ്വരൻ ദേവദൂതന്മാരെ വിളിച്ചു പറഞ്ഞു', ആരാണ് വിളിച്ചുപറഞ്ഞതു്? കർത്തൃപദത്തിൻെറ അടിയിൽ വരയ്ക്കുക

(iii) 'ദേവദൂതന്മാർ ഉറക്കെ കരഞ്ഞു' ആരു കരഞ്ഞു? കർത്തൃപദത്തിൻെറ അടിയിൽ വരയ്ക്കുക.

3. (i) ഈശ്വരൻ ഇബ്രാഹിമിൻെറ ഭക്തിയും വിശ്വാസവും എങ്ങനെ പരീക്ഷിച്ചു? ഇബ്രാഹിമിനേയും പുത്രനേയും ദൈവം എങ്ങനെ രക്ഷിച്ചു? മുസ്ലീങ്ങൾ 'ഈദ് പെരുന്നാൾ' ആഘോഷിക്കുന്നതു എന്തിനെ അനുസ്മരിച്ചുകൊണ്ടാണ്?

(ii) വരയിട്ടിട്ടുള്ള വാക്കുകൾക്കു പകരം ഈ പാഠത്തിൽ പഠിച്ച വാക്കുകൾ എഴുതുക:—

1. 'ഹജ്ജ് ആചരിക്കണം എന്നു് ഖുറാനിൽ ഉപദേശിച്ചിട്ടുണ്ടു്.'

2. 'ഈശ്വരൻെറ ആജ്ഞയാണ് അതു്'.

(iii) ചേർത്തെഴുതുക:—

ഈശ്വര+ഇച്ഛ.

ഈശ്വര+ആജ്ഞ.

ദേവ+ആലയം.

പാഠം 22

ഉറിയിൽ തൂങ്ങിയ ഉണ്ണിക്കൃഷ്ണൻ



സ്നാനത്തിന്നായിട്ടു മാതാവു പോകുന്ന
കാലത്തെപ്പാർത്തു നിന്നന്നൊരുന്നാൾ,

വെണ്ണയും പാലും വെച്ചുള്ളകം പൂകിനാൻ
വേഗത്തിൽ നോക്കിക്കൊണ്ടങ്ങുമിങ്ങും.

തൂക്കിന നല്ലുറിതൻ കീഴിൽച്ചെന്നിട്ടു
നോക്കിനിന്നീടിനാനൊട്ടുനേരം.

പാരിച്ചു ഖേദിച്ചാൻ നീളമില്ലായ്കയാ-
ലീരേഴുലകുമളന്നവൻ താൻ.

എന്തിനി നല്ലതെന്നിങ്ങനെ തന്നിലേ
ചിന്തിച്ചുനിന്നു നരുങ്ങുനേരം.

ദൂരത്തു നിന്നൊരു പാഴുരൽ കൊണ്ടന്നു
ചാരത്തു ചാലെക്കമഴ്ത്തിവച്ചാൻ.

ഉന്നതി പോരാഞ്ഞു പിന്നെയതിന്മേല-
ങ്ങുന്നതമായോരു പീഠം വച്ചാൻ.

പെട്ടെന്നു പാഞ്ഞു കരേറിനാൻ തമ്പിതെ
പൊട്ടനല്ലേതുമവററിനെല്ലാം.

ചിത്തം തെളിഞ്ഞിട്ടു പുത്തനാം നല്ലുറി-
യെത്തിനിന്നങ്ങു പിടിക്കുംനേരം

പീഠം പിരണ്ടു നിലത്തങ്ങു വീഴ്കയാ-
ലാടിത്തുടങ്ങിനാനങ്ങുമിങ്ങും.

ചാലെക്കരഞ്ഞു തുടങ്ങിനാൻ പിന്നേയോ
ബാലകന്മാരുടെ ശീലമല്ലോ.

കൃഷ്ണഗാഥ] [ചെറുശ്ശേരി.

അഭ്യാസം.

1. അമ്മ കുളിക്കാൻ പോയപ്പോൾ കൃഷ്ണൻ എന്തു ചെയ്തു? കുളി എന്നതിനുപകരം കവി എന്തു വാക്കാണു് ഉപയോഗിച്ചിരിക്കുന്നതു്?
2. എന്തുകൊണ്ടാണു് കൃഷ്ണൻ വളരെ ദുഃഖിച്ചതു്? ഉറിയിൽ എത്തുവാൻ എന്തുപായം കണ്ടുപിടിച്ചു. ഉറി എത്തിപ്പിടിക്കുമ്പോൾ എന്തു പററി?
3. കൃഷ്ണനെ പതിന്നാലു ലോകവും അളന്നവൻ എന്നു പറഞ്ഞിരിക്കുന്നതെന്തുകൊണ്ടു്?
4. അല്പനേരം എന്ന അർത്ഥത്തിൽ കവി ഉപയോഗിച്ചിട്ടുള്ള രണ്ടു വാക്കു പറയുക
5. ഓർമ്മിക്കുക:—
   ദൂരത്തു X ചാരത്തു്. നതം X ഉന്നതം

അവരും കുട്ടികളായിരുന്നു

പണ്ടു പണ്ട്—അതായത് നമ്മുടെ മുത്തച്ഛന്മാരും മുതുമുത്തച്ഛന്മാരുമൊക്കെ ഉണ്ടായിരുന്ന കാലത്ത്—ഹിമാലയത്തിൻെറ താഴ്‌വരയിൽ, ഒരു ബ്രാഹ്മണകുടുംബം താമസിച്ചിരുന്നു. കാശ്മീരം എന്നാണ് ആ പ്രദേശത്തെ വിളിക്കുക. മഞ്ഞു തൊപ്പി ചൂടിയ പർവ്വതനിരകൾ ഉള്ള മനോഹരമായ ആ സ്ഥലം ഇന്ത്യയിലെ സ്വർഗ്ഗമത്രേ. പുഷ്പങ്ങളും ഫലങ്ങളും നിറഞ്ഞ ആ പർവ്വതപ്രദേശത്തിൽ താമസിക്കാൻ സാധിച്ചാൽ ഭാഗ്യമായി എന്നു പലരും കരുതാറുണ്ട്. എന്നിട്ടും ആ ബ്രാഹ്മണകുടുംബക്കാർ അവിടെ ഏറെക്കാലം താമസിക്കുകയുണ്ടായില്ല. ഒട്ടകത്തിൻെറയും മററും പുറത്തു സഞ്ചരിച്ച്, അവർ ഒടുക്കിൽ വന്നെത്തിയതു് പേരുകേട്ട ഡെൽഹിയിലാണ്. അവിടെത്തന്നെ താമസം ഉറപ്പിക്കുകയും ചെയ്തു.

രാജധാനിയിൽ ആശ്രിതന്മാരായിക്കൂടിയ ആ കുടുംബക്കാർക്കു് അന്നത്തെ ഡെൽഹിചക്രവർത്തി ഒരു തോടിൻെറ തീരത്തിൽ ഒരു വീടു നൽകി. തോടിന്നു ഹിന്ദുസ്ഥാനി ഭാഷയിൽ 'നഹർ' എന്നു പറയും. 'നഹറി'ൻെറ അടുത്തു താമസമാക്കിയതിനാൽ അതിലെ അംഗങ്ങളെ 'നെഹ്റു' കുടുംബം എന്നു വിളിച്ചുവന്നു.

ഡെൽഹിയിലും അവർക്കു സൈ്വരമായി വളരെ നാൾ പാർക്കാൻ സാധിച്ചില്ല. അങ്ങനെയാണു്

നെഹ്രുകുടുംബം അലാഹാബാദിൽ എത്തിയതു്. ആ കുടുംബത്തിലെ കുട്ടികൾ മുതിർന്നു. അവർക്കും കുട്ടികളുണ്ടായി. അടുത്തകാലത്തു് ആ തറവാട്ടിലെ പ്രമുഖമായ അംഗം ആയിരുന്നു മോത്തിലാൽ നെഹ്റു. അദ്ദേഹത്തിന്നും ഒരു പുത്രൻ പിറന്നു. നല്ല നിറവും ശരീരബലവും ബുദ്ധിശക്തിയും ഉള്ള ആ ബാലനെ എല്ലാവർക്കും വലിയ ഇഷ്ടമായി. "വീട്ടിലെ ഏററവും വിലപിടിച്ച രത്ന"മായ ആ കുട്ടിക്കു് 'ജവാഹർലാൽ' എന്നു പേരിട്ടു.

ജവാഹറിന്നു് അച്ഛനമ്മമാരെ വളരെ സ്നേഹമായിരുന്നു. അതോടൊപ്പം ഭയവും. വിശേഷിച്ചും അച്ഛനെ എന്തു പേടിയായിരുന്നുവെന്നോ! കാരണം, മോത്തിലാൽ ശുണ്ഠിവന്നാൽ ഭയങ്കരനായിരുന്നു.

അഞ്ചുവയസ്സായിരുന്നപ്പോൾ ജവാഹർ അച്ഛനെ കോപിപ്പിക്കുന്ന ഒരു കാര്യം ചെയ്തു. അക്കാലത്തു് ഇന്നത്തെപ്പോലെ ഫൗണ്ടൻ പേനകൾ സുലഭമായിരുന്നില്ല. അച്ഛന്നു രണ്ടു പേനയുള്ളതു് ജവാഹർ മനസ്സിലാക്കി. അവയിൽ ഒന്നു കരസ്ഥമാക്കാൻ ആ ബാലൻ നിശ്ചയിച്ചു. "അച്ഛന്നു് ഒരേ സമയത്തു് രണ്ടു പേനയുടെ ആവശ്യമെന്താണു്?" എന്നായിരുന്നു മകൻെറ വിചാരം. ജവാഹർ ഒരു പേന എടുത്തു. അധികം താമസമുണ്ടായില്ല, അച്ഛൻ വന്നു പേന അന്വേഷിക്കാൻ. താനാണു് അതെടുത്തതെന്നു പറയാനുള്ള ധൈര്യം ജവാഹറിന്നില്ലായിരുന്നു. അച്ഛൻ തല്ലിയാലോ? പക്ഷേ ഫലമുണ്ടായില്ല. മോത്തിലാൽ പേന അപഹരിച്ചവനെ കണ്ടുപിടിക്കതന്നെ ചെയ്തു. കഠിനമായി ശിക്ഷിക്കാനും മടിച്ചില്ല. അച്ഛൻെറ കോപം ശമിച്ചുകഴിഞ്ഞപ്പോൾ ജവാഹർ

അമ്മയുടെ അടുത്തേയ്ക്കു പാഞ്ഞെത്തി. അമ്മ ദയാ വാത്സല്യങ്ങളോടെ മകനെ മാറോടണച്ച് ആശ്വസിപ്പിച്ചു. താൻ ചെയ്ത തെററിന് ആ ബാലൻ അമ്മയോടു മാപ്പു ചോദിച്ചു.



പിന്നീട് അങ്ങനെ ഒരു തെററ് ആ ബാലൻ ചെയ്തിട്ടില്ല. ആ കുട്ടി വളർന്ന്, മിടുക്കനായി; രാജ്യസ്നേഹിയായി; രാജ്യസേവകനായി. അദ്ദേഹമാണ് ഇന്നു ലോകമെങ്ങും കേൾവികേട്ട ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിററ് ജവാഹർലാൽ നെഹ്രു.

അഭ്യാസം.

1. (i) പകരം ചേരുന്ന പുതിയ വാക്ക് എഴുതുക:—

പ്രധാനമായ ഭാഗം =

തോടിൻെറ കരയിൽ =

പൂക്കളും കായ്കളും =

രാജ്യത്തോട്ട സ്നേഹമുള്ളവൻ =

(ii) നെഹ്റു എന്ന പദത്തിനു് എന്താണർത്ഥം? കാശ്മീരിൽനിന്നു വന്ന ആ കുടുംബത്തിനു 'നെഹ്റു' കുടുംബം എന്നു് എങ്ങനെ പേരുണ്ടായി?

(iii) ഡെൽഹി ഒരു നഗരമാണു്. അലാഹാബാദ് ഒരു നഗരമാണു്. ഏതു സ്ഥലത്തെക്കുറി ച്ചാണു്, ആദ്യത്തെ വാക്യത്തിൽ പറയു ന്നതു്? രണ്ടാമത്തെ വാക്യത്തിലോ? രണ്ടു വാക്യത്തിലേയും ആഖ്യാപദങ്ങളുടെ അടിയിൽ വരയിടുക. രണ്ടു വാക്യത്തിലേയും ആഖ്യാതം എന്താണു്? രണ്ടു് ആഖ്യാപദവും ആ ആഖ്യാതവും ചേർത്തു് ഒരു വാക്യമാക്കുക

ഡെൽഹിയും, —— നഗരങ്ങൾ ——.

1. വിട്ടുപോയ പദം ചേർക്കുക!—

(i) ജവാഹറിന്നു് —— വളരെ സ്നേഹമായിരുന്നു.

(ii) അവയിൽ ഒന്നു —— ആ ബാലൻ നിശ്ചയിച്ചു

(iii) അമ്മ മകനെ —— മാറോടണച്ചു.

[കരസ്ഥം ആക്കാൻ, അച്ഛനമ്മമാരെ, ദയാവാത്സല്യ ങ്ങളോടെ,—— ഇവ വേണ്ട ദിക്കിൽ ചേർത്തെഴു തിയാൽ മതി.]

2. ജവാഹർ അഞ്ചുവയസ്സായപ്പോൾ അച്ഛനെ കോപിപ്പിക്കുന്ന എന്തു പ്രവൃത്തി ചെയ്തു? മോതിലാൽ നെഹ്റു [illegible] കോപിച്ചതു കൊച്ചു മകൻ പേനയെടുത്തതുകൊണ്ടോ പേന എടുത്തു

എന്നു പറയാത്തതുകൊണ്ടോ? അച്ഛൻ സ്നേഹപൂർവ്വം കഠിനമായി ശിക്ഷിച്ചതുകൊണ്ട് എന്തു ഗുണം ഉണ്ടായി? ആ ചെറിയ കുട്ടി ഇപ്പോൾ ആരായിരിക്കുന്നു? രാജ്യസ്നേഹം വേണമെന്നും രാജ്യസേവനം ചെയ്യണമെന്നും, സത്യം ധൈര്യത്തോടുകൂടി പറയണമെന്നും ഇപ്പോൾ നിങ്ങൾക്കു തോന്നുന്നില്ലേ?

പാഠം 24

ഗോപിയുടെ എഴുത്ത്

ചന്ദ്രാലയം,
ചെമ്പുക്കാവ്, തൃശ്ശൂർ,
ജനവരി 21.

പ്രിയപ്പെട്ട അമ്മേ,

ഇന്നലെ ഉച്ചയ്ക്കാണല്ലോ അച്ഛനും ഞാനുംകൂടി കോഴിക്കോട്ടുനിന്നു പോന്നത്. ഞങ്ങൾ കയറിയ വണ്ടി മംഗലാപുരത്തുനിന്നു മദ്രാസിലേയ്ക്കു പോകുന്നതായിരുന്നു. അതിനാൽ ഷൊറുണ്ണൂരുവച്ചു ഞങ്ങൾക്കു വണ്ടിമാറിക്കയറേണ്ടിവന്നു. സന്ധ്യയ്ക്കുമുമ്പായി ഞങ്ങൾ തൃശ്ശൂര് ഇറങ്ങി. സ്റ്റേഷനിൽ അമ്മാവൻ വന്നിരുന്നു. ഞങ്ങൾ നേരെ അമ്മാവന്റെ വീട്ടിലേയ്ക്കു പോയി.

ഇന്നു രാവിലെ ആരെയൊക്കെയോ കാണാൻ അച്ഛൻ പുറത്തേയ്ക്ക് ഇറങ്ങി. ഞായറാഴ്ച ആയതിനാൽ ഇന്നു കോടതിയില്ല. അമ്മാവനു ഒഴി

പാണ്. പ്രാതൽ കഴിഞ്ഞു് അമ്മാവൻ എന്നെ കാഴ്ചബംഗ്ലാവിൽ കൊണ്ടുപോയി. ഉച്ചയാകുന്നതുവരെ ഞങ്ങൾ അവിടെ ചുററിനടന്നു.



ഏതെല്ലാം മൃഗങ്ങളാണു് അവിടെ! പുള്ളിപ്പുലി, വരയൻപുലി, കരിമ്പുലി എല്ലാം—അഴിയിട്ട കൂട്ടുകളിലാണു്. അടുത്തുചെന്നു് ഞങ്ങൾ കണ്ടു. സിംഹങ്ങളുടെ ഗൗരവമുള്ള നടപ്പും നിൽപ്പും ഒന്നു കാണേണ്ടതുതന്നെ. മാനുകൾ ഓടിവന്നു. ഞങ്ങൾ കമ്പിവേലിയുടെ അരികെ നിന്നു. എന്തു സൗമ്യത! ഞങ്ങളുടെ കൈയിൽ ഇരുന്ന പഴം അവയ്ക്കു കൊടുത്തു. എനിക്കു് മാൻപററത്തെ എത്ര കണ്ടിട്ടും മതിയായില്ല

വേറൊരു ഭാഗത്തു് കുരങ്ങുകളുടെ കൂടാണു്. അടുത്തുചെന്നാൽ പിന്നെ പോരാൻ തോന്നുകയില്ല എന്തെല്ലാം വികൃതിത്തരങ്ങളാണു് അവ കാട്ടുന്നതു്!

മറെറാരു ഭാഗത്തു് മയിൽ, ഞാറ മുതലായ പക്ഷികളുണ്ടു്.

ഒരു കെട്ടിടത്തിൽ നിറയെ പലതരം പാമ്പുകളെ ഇട്ടിരിക്കുന്നു. ചില്ലിട്ട കൂട്ടുകളുടെ അകത്താണു് അവ കിടക്കുന്നതെങ്കിലും, ആ മുറിയിലേയ്ക്കു കടക്കുമ്പോൾ പേടിതോന്നും. പാമ്പുകളിൽത്തന്നെ എത്രയെത്ര തരങ്ങളാണു്! മൂർഖൻ! വെള്ളിക്കെട്ടൻ! ചേനത്തണ്ടൻ! അണലി!— എല്ലാം അവിടെയുണ്ടു്.

ഭംഗിയുള്ള പല സാധനങ്ങളും സംഭരിച്ചുവച്ചിട്ടുള്ളതു ഞങ്ങൾ കണ്ടു. ഒരാളെക്കാൾ കൂടുതൽ വലിപ്പത്തിൽ ഉണ്ടാക്കി ചായമിട്ട കഥകളി വേഷങ്ങളാണു് എന്നെ ഏററവും അധികം ആകർഷിച്ചതു്. ഓട്ടുകൊണ്ടു പലതരത്തിലുള്ള വിളക്കുകൾ, തടികൊണ്ടും മററും ഉണ്ടാക്കീട്ടുള്ള വീട്ടുസാമാനങ്ങൾ, കരിങ്കൽ പ്രതിമകൾ, പഴയ ആഭരണങ്ങൾ, കാട്ടുജാതിക്കാരുടെ ഉപകരണങ്ങൾ, മഹാരാജാക്കന്മാരുടെ ഉടുപ്പുകൾ, മൃഗങ്ങളുടെ അസ്ഥികൂടങ്ങൾ, പ്രാചീനായുധങ്ങൾ—അങ്ങനെ കാണാനും പഠിക്കാനും എന്തെല്ലാം സാധനങ്ങൾ! എല്ലാററിനെപ്പററിയും അമ്മാവൻ എനിക്കു പറഞ്ഞുതന്നു.

കാഴ്ചബംഗ്ളാവു കണ്ടു ഞാൻ വളരെ സന്തോഷിച്ചു. അതു് ഒരു അത്ഭുത ലോകമാണെന്നു് എനിക്കു തോന്നി. പക്ഷേ, അമ്മാമൻ പറയുകയാണു്, തൃശ്ശൂരെ കാഴ്ചബംഗ്ലാവു വളരെ ചെറുതാണെന്നു്. തിരുവനന്തപുരത്തെ കാഴ്ചബംഗ്ലാവു് ഇതിലും എത്രയോ വലുതാണത്രെ! വേനലൊഴിവുകാലത്തു് ഒരു ദിവസം എന്നെ തിരുവനന്തപുരത്തു

കൊണ്ടുപോകാമെന്നു് അമ്മാവൻ ഏററിട്ടുണ്ട്. എനിക്കു കാഴ്ചബംഗ്ലാവും മൃഗശാലയും ചിത്രാലയവും ഒക്കെ ഒന്നു കാണണം.

നാളെ എന്നെ വടക്കുന്നാഥക്ഷേത്രത്തിൽ കൊണ്ടുപോകാമെന്നു് അമ്മായി പറഞ്ഞു. ശ്രീകോവിലിൻെറ ചുമരിൽ മനോഹരങ്ങളായ ചിത്രങ്ങൾ ഉണ്ടത്രെ. എനിക്കു് അതെല്ലാം കാണണം.

അമ്മയുടെ വത്തമാനങ്ങളെല്ലാം അമ്മായി അന്വേഷിച്ചു. അടുത്ത തവണ വരുമ്പോൾ അമ്മയെ ക്കൂടി കൊണ്ടുവരണമെന്നു് എന്നോടു പ്രത്യേകം പറഞ്ഞിട്ടുണ്ട്. അച്ഛൻ ഉദ്ദേശിച്ചുവന്ന കാര്യം നാളെയോ മററന്നാളോ നടക്കുമത്രെ. എന്നാൽ, ബുധനാഴ്ച ഞങ്ങൾ വീട്ടിൽ തിരിച്ചുവരും.

അമ്മയ്ക്കു സുഖമെന്നു കരുതുന്നു. അനുജത്തിക്കു കളിക്കാൻ മരംകൊണ്ടുള്ള ഒരാനയെ ഞാൻ വാങ്ങി ക്കൊണ്ടുവരുന്നുണ്ട്. കുടയും കോലവും നെററിപ്പട്ടവും ഉണ്ട്, ഈ ആനയ്ക്കു്.

സ്നേഹത്തോടെ, മകൻ

ഗോപി.

അഭ്യാസം.

1 (i) ഗോപി താമസിച്ചിരുന്ന വീട്ടിൻെറ പേരെന്താണു്? ആ വീടു് ഏതു പ്രദേശത്താണു്? ആ പ്രദേശം ഏതു പട്ടണത്തിലാണു്? എന്നാണു് ഈ എഴുത്തു് എഴുതിയതു്?

[ഈ സംഗതിയൊക്കെ അറിയാം എഴുമത്തെഴുതിയിരിക്കുന്ന കടലാസിൻെറ മുകളിൽ വലത്തുഭാഗത്തു് വൃത്തിയായി അതെല്ലാം കുറച്ചിരിക്കുന്നു നിങ്ങൾ കത്തയയ്ക്കുമ്പോഴും നിങ്ങളുടെ ഈ വിവരങ്ങളൊക്കെ ഇങ്ങനെ എഴുതണം മറക്കരുതു്.]

(ii) ആർക്കാണു് ഈ കത്തു്? എഴുത്തെന്നും കത്തെന്നും ഒരേ അർത്ഥത്തിലാണു് പറയുന്നതു്. മനസ്സിലായില്ലേ? ഇടത്തുഭാഗത്തുള്ള സംബോധന നോക്കു. 'പ്രിയപ്പെട്ട അമ്മേ,' എന്നു്. ജ്യേഷ്ഠനാണു കത്തു് അയയ്ക്കുന്നതെങ്കിലോ? എന്തായിരിക്കണം സംബോധന? 'പ്രിയപ്പെട്ട ജ്യേഷ്ഠാ' എന്നല്ലേ വേണ്ടതു്. പ്രിയ സ്നേഹിതാ, പ്രിയപ്പെട്ട അനുജത്തീ, പ്രിയപ്പെട്ട ഗുരുനാഥാ ഇങ്ങനെയൊക്കെ സന്ദർഭം അനുസരിച്ചു് എഴുതാം. ഗോപി അനുജത്തിക്കു് ഒരു കൊച്ചെഴുത്തു് അയയ്ക്കുന്നതിൻെറ കൂട്ടത്തിൽ വച്ചിരുന്നു. അതവൾക്കു് എത്ര വായിച്ചിട്ടും മതിയായില്ല. അതുകൊണ്ടു തന്നില്ല. ആ കത്തു തുടങ്ങുമ്പോൾ എങ്ങനെയായിരിക്കും അവളെ സംബോധന ചെയ്തിരുന്നതു്?— അല്ലെങ്കിൽ വിളിച്ചിരുന്നതു്? മിടുക്കരുണ്ടെങ്കിൽ പറയുവിൻ

(iii) ഈ കത്തിൻെറ അടിയിൽ എഴുതിയിരിക്കുന്നു, സ്നേഹത്തോടെ മകൻ, ഗോപി എന്നു്. ഇങ്ങനെ എഴുതിയിരുന്നില്ലെങ്കിൽ ആരാണു കത്തയച്ചതെന്നു മനസ്സിലാവാതെ പോവും. ചിലപ്പോൾ ഊഹിക്കാം. ഊഹിച്ചാൽ പോരല്ലോ. വിശ്വാസമാവണ്ടേ?

(iv) ഈ കത്തു് ഒരു സ്റ്റാമ്പൊട്ടിച്ച കവറിൽ ആണു്, ഇട്ടിരുന്നതു്. കവറിൻെറ പുറത്തു് ഗോപി അമ്മയുടെ മേൽവിലാസം എഴുതി

യിരുന്നു. ആ കവർ എവിടെപ്പോയി?
കാണായില്ല. മേൽവിലാസം ഉണ്ടായിരുന്നു;
നിശ്ചയം. ഇല്ലെങ്കിൽ തപാൽശിപായി
എഴുത്ത് എങ്ങനെ കൊണ്ടെത്തിക്കും?

നിങ്ങൾ കത്തെഴുതി അയയ്ക്കുമ്പോൾ, കത്തു കിട്ടേണ്ട ആളുടെ പേരും മേൽവിലാസവും എഴുതണം, മറക്കരുത്. ഒന്നു രണ്ടു മാതൃക കാണിക്കാം:

(1) ശ്രീ. എം. പ്രഭാകരൻ നായർ,
മംഗളാലയം,
കണ്ണൂർ.

(2) ശ്രീ. കെ. ജെ. തോമസ്സ്,
വിദ്യാർത്ഥി,
ഒൻപതാംക്ലാസ്സ്,
ഗണപതിഹൈസ്ക്കൂൾ,
കോഴിക്കോട്ട്.

[നിങ്ങളുടെ പിറന്നാൾ, വിദ്യാലയത്തിലെ വാർഷികോത്സവം, അടുത്തുകഴിഞ്ഞ പരീക്ഷ—ഇവയിൽ ഏതെങ്കിലും ഒന്നോ രണ്ടോ വിഷയങ്ങളെക്കുറിച്ച് ഓരോ കത്തെഴുതുക. അദ്ധ്യാപകനെ കാണിക്കുക. എല്ലാം ശരിയായിട്ടുണ്ടോ എന്നു അറിയണ്ടേ? കൊച്ചുമിടുക്കന്മാർക്കു ഒന്നാന്തരം കത്തെഴുതാൻ കഴിയും.]

പാഠം 25

തുമ്പപ്പൂവ്

മാനിച്ചോരോ മലരുകൾ ചെന്നു
മാവേലിദേവനെയെതിരേല്പാൻ.

തങ്കച്ചാറിൽ തനുമിന്നുംപടി
മുങ്ങിച്ചെന്നു മുക്കുററി.
പാടലമാം പട്ടാടയോടെത്തീ
പാടത്തുള്ളൊരു ചിററാട.

ആവലിനുണ്ടു കിരീടം, കല്ലി-
പ്പൂവിനുമുണ്ടൊരു സൗരഭ്യം.

കരൾ കവരുന്നൊരു നിറമോ മണമോ
കണികാണാത്തൊരു തുമ്പപ്പൂ,
നാണമൊതുക്കിയണഞ്ഞൂ, കാലടി-
പോലെയിരിക്കും തുമ്പപ്പൂ!

ദേവൻ കനിവൊട്ടരുമുക്കുററി-
പ്പൂവിനെയൊന്നു കടാക്ഷിച്ചു.
തൃക്കാൽത്തടവിച്ചിററാടപ്പൂ
ക്കുട്ടതലൊന്നു തുടപ്പിച്ചു.

ആമ്പലിനേകീ പുഞ്ചിരി, വെള്ളി
പ്പൂവിനെയമ്പോടു ചുംബിച്ചു.
പാവം തുമ്പയെ വാരിയെടുത്തമ്മ
ദേവൻവച്ചു മൂർദ്ധാവിൽ.

പുളകം കൊള്ളുക തുമ്പപ്പൂവേ,
പൂക്കളിൽ നീയേ ഭാഗ്യവതി.

കുന്നിമണികൾ] [വൈലോപ്പിള്ളി.

അഭ്യാസം.

1. മഹാബലിയെ മാനിച്ച് ഏതെല്ലാം പൂക്കളാണ് ചെന്നത്? പൊന്നിൽ കുളിച്ചതുപോലെ ചെന്നത് ഏതു പൂവാണ്? ചിററാടപ്പൂവിന് എന്തുടുപ്പാണ് ഉണ്ടായിരുന്നത്? ആമ്പലിന്റെ കിരീടം എന്താണ്? തുമ്പപ്പൂവിനു ലജ്ജ തോന്നാൻ കാരണമെന്ത്? മഹാബലി ഏതു പൂവിനോടാണ് അധികം വാത്സല്യം കാണിച്ചത്? ദേവന് പാവങ്ങളോടോ പണക്കാരോടോ അധികം ഇഷ്ടം?

2. മണം, പൂവ്, ശിരസ്സ് ഈ വാക്കുകൾക്കു പകരം ഈ പാഠത്തിൽ ഉപയോഗിച്ചിട്ടുള്ള മററു വാക്കുകൾ എഴുതുക

3. അവിലും മലരും തളിരും മലരും—മലര് എന്ന വാക്കിന്റെ അർത്ഥഭേദം മനസ്സിലാക്കുക

പാഠം 26

വാല്മീകി

ഭാരതീയർക്കു പ്രസിദ്ധങ്ങളായ രണ്ടു് ഇതിഹാസങ്ങൾ ഉണ്ടു്: ഒന്നു് രാമായണം, മററതു ഭാരതം. അയോദ്ധ്യയിലെ രാജകുമാരനായ രാമന്റെ സഞ്ചാരകഥയാണു് രാമായണത്തിൽ വർണ്ണിച്ചിരിക്കുന്നതു്. ഭാരതത്തിലാകട്ടെ, പാണ്ഡവന്മാരുടേയും കൗരവന്മാരുടേയും കഥയും.

രാമായണം ഉണ്ടാക്കിയതു് വാല്മീകി എന്ന മഹർഷിയാണു്. അദ്ദേഹം ചെറുപ്പത്തിൽ ഒരു കാട്ടാളൻ ആയിരുന്നുവത്രെ. ഒരിക്കൽ ആ വഴിക്കു പോയ ചില സന്യാസിമാരുടെ കയ്യിലുണ്ടായിരുന്നതെല്ലാം പിടിച്ചുപറിക്കാൻ ആ കാട്ടാളൻ ഒരുമ്പെട്ടു

അപ്പോൾ അവർ ചോദിച്ചു:— "നീ ചെയ്യുന്നതു പാപമാണെന്നു് അറിയാമോ ?"

കാട്ടാളൻ:—അതു് എനിക്കു് അറിഞ്ഞുകൂടാ. ഭാര്യയേയും കുട്ടികളേയും പോററുന്നതിനുവേണ്ടി ഞാൻ ഇങ്ങനെ ചെയ്യുകയാണു്.

സന്യാസിമാർ:—ഈ പാപത്തിൻെറ ഫലം അവർ കൂടി അനുഭവിക്കുമോ ?

കാട്ടാളൻ:—അതു ഞാൻ അവരോടു ചോദിച്ചിട്ടില്ല.

സന്യാസിമാർ:—എന്നാൽ അതു് ഒന്നു് ചോദിച്ചറിയുക. കൈവശം ഉള്ളതെല്ലാം ഞങ്ങൾ തന്നേക്കാം.

ഇതുകേട്ട കാട്ടാളൻ വീട്ടിൽപോയി, ഭാര്യയോടു ചോദിച്ചു:—"നിങ്ങളെ പോററാൻ വേണ്ടി ഞാൻ ചെയ്യുന്ന അക്രമങ്ങളുടെ പാപം നിങ്ങൾകൂടി അനുഭവിക്കുമോ ?"

ഭാര്യ:—അവരവർ ചെയ്യുന്നതിൻെറ ഫലം അവരവർക്കുതന്നെയല്ലേ ?

അതുകേട്ടു് ആ കാട്ടാളനു് അതുവരെയുള്ള തൻെറ ജീവിതത്തെക്കുറിച്ചു പശ്ചാത്താപം തോന്നി. അയാൾ മഹർഷിമാരെ ചെന്നു കണ്ടു വന്ദിച്ചു വിവരം ഉണർത്തിച്ചു. മേലാൽ ദുഷ്പ്രവൃത്തികൾ ചെയ്യരുതെന്നു് ഉപദേശിച്ചു് അവർ അയാളെ അനുഗ്രഹിച്ചു. അന്നുതൊട്ടു് ആ കാട്ടാളൻ ഒരു വലിയ ഭക്തനായിത്തീർന്നു. അദ്ദേഹം വളരെക്കാലം തപസ്സുചെയ്തു. ഈശ്വരധ്യാനത്തിൽ മുഴുകിയിരുന്ന ആ ഭക്തൻെറ ദേഹം മിക്കവാറും മൺപുററുകൊണ്ടു മൂടിപ്പോയി. മൺപ്പുററിനു സംസ്കൃത

ത്തിൽ 'വല്മീകം' എന്നു പേരുണ്ട്. 'വല്മീകത്തിൽനിന്നു് ഉണ്ടായവൻ' എന്ന അർത്ഥത്തിൽ അദ്ദേഹത്തിനു് 'വാല്മീകി' എന്നു പേരുംവന്നു.

വാല്മീകി മഹർഷിക്കു് ശ്രീരാമനോടു് അളവററ ആദരം ഉണ്ടായിരുന്നു ശ്രീരാമന്റെ ഗുണഗണം അദ്ദേഹത്തെ വളരെ ആകർഷിച്ചു. രാമന്റെ കഥ വർണ്ണിച്ചു് ഒരു കാവ്യം രചിക്കണമെന്നു് മഹർഷി ആഗ്രഹിച്ചു. അതിനു് ആയിടയ്ക്കു് ഒരു കാരണവും ഉണ്ടായി.

വാല്മീകിയുടെ ആശ്രമം തമസ എന്ന നദിയുടെ തീരത്തിലായിരുന്നു. ഒരു ദിവസം മഹർഷിയും ശിഷ്യന്മാരും കുളിക്കാൻ നദിയിലേക്കു പോയി. നദിയുടെ കരയ്ക്കു് ഒരു വൃക്ഷത്തിൽ രണ്ടു പക്ഷികൾ ഇരിക്കുന്നതു കണ്ടു. പെട്ടെന്നു് ഒരു ശരമേററു് അവയിൽ ഒന്നു പിടഞ്ഞു താഴെ വീണു. അതുകണ്ടു ദയാലുവായ വാല്മീകിക്കു് വലിയ ദുഃഖം ഉണ്ടായി. പക്ഷിയെ എയ്തുവീഴ്ത്തിയ കാട്ടാളനോടു വളരെ കോപവും തോന്നി. ആ വേദനയും കോപവും ഒരു ശാപമായി നാവിൽനിന്നു പുറപ്പെട്ടു. അതു് ഒരു ശ്ലോകത്തിന്റെ രൂപത്തിലായിരുന്നു. ഇണപ്പക്ഷികളിൽ ഒന്നിനെ കൊന്ന കാട്ടാളനു് നാശം ഉണ്ടാകട്ടെ എന്നായിരുന്നു അതിന്റെ സാരം. രാവണനെ കൊന്ന ശ്രീരാമനു നന്മവരട്ടെ എന്ന ആശംസയും മഹർഷി അറിയാതെതന്നെ അതിൽ കലർന്നിരുന്നു

രാമായണകഥയുടെ ബീജം ആ ശ്ലോകത്തിൽ ഉണ്ടെന്നുകണ്ട മഹർഷി അതു വിസ്തരിച്ചു് ഒരു ഇതിഹാസം രചിച്ചു. ഇങ്ങനെ ആദികാവ്യമായ രാമായണം ഉണ്ടായി; വാല്മീകി ആദികവിയുമായി.

അഭ്യാസം.

1. പകരം പറയാവുന്ന പദം എഴുതുക:—

ജനങ്ങളുടെ ഇടയിൽ പല തലമുറയായി പ്രചരിച്ചുവരുന്ന പഴയ കഥ വർണ്ണിക്കുന്ന കാവ്യം=

2 (i) ഒററവാക്യമാക്കുക:—

രാമായണം ഇന്ത്യയുടെ ഇതിഹാസമാണ്.
ഭാരതം ഇന്ത്യയുടെ ഇതിഹാസമാണ്.

(രണ്ടു വാക്യത്തിലെയും ആഖ്യാപദങ്ങൾ ഏവ? അവയെക്കുറിച്ച് എന്തു പറഞ്ഞിരിക്കുന്നു? അല്ലെങ്കിൽ ആഖ്യാതം എന്ത്? ഇവയുടെ ഉത്തരം വാക്യമായെഴുതിയാൽ മതി]

രാമായണവും, ഭാരതവും ഇന്ത്യയുടെ ഇതിഹാസങ്ങൾ ആണ്.

(ii) "വാല്മീകി രാമായണം നിർമ്മിച്ചു." ആരു നിർമ്മിച്ചു? കർത്താവ് ആരാണ്? ഏതാണ് ക്രിയാപദം?

കർത്താവ്—വാല്മീകി. ക്രിയ—നിർമ്മിച്ചു.

വാല്മീകി എന്തു നിർമ്മിച്ചു? ഈ ചോദ്യത്തിൻെറ ഉത്തരമായ വസ്തു കർമ്മമാണെന്നു വ്യാകരണത്തിൽ പറയും. വാല്മീകി — കർത്താവ്; രാമായണം — കർമ്മം; നിർമ്മിച്ചു — ക്രിയ. താഴെ എഴുതുന്ന വാക്യത്തിലും കർത്താവും കർമ്മവും ക്രിയയും ഉണ്ട്. കണ്ടുപിടിക്കുക!

വ്യാസൻ മഹാഭാരതം രചിച്ചു.

3. സന്ന്യാസിമാർ കാട്ടാളനോട് എന്തുചോദിച്ചു? കാട്ടാളന് പശ്ചാത്താപം തോന്നാൻ കാരണമെന്ത്? ആ കാട്ടാളൻ പിന്നെ ആരായി? വാല്മീകി എന്നു പേരുവരാൻ എന്താണു കാരണം?

———

പാഠം 27

നെല്ല്

നെല്ലരി വേവിച്ച് ഉണ്ടാക്കുന്ന ചോറും കഞ്ഞിയും പലഹാരങ്ങളുമാണ് കേരളത്തിലെ മുഖ്യമായ ആഹാരസാധനങ്ങൾ. അതിനാൽ നമ്മുടെ നാട്ടുകാരിൽ മിക്കപേരും നെല്ക്കൃഷി ചെയ്യുന്നവർ ആണ്. കേരളത്തിൽ എവിടെ നോക്കിയാലും നെല്ലുവിളയുന്ന അനേകം പാടങ്ങൾ കാണാം. സ്വന്തമായി നിലവും നെല്ക്കൃഷിയും ഇല്ലാത്ത ആളുകൾ കർഷകരിൽ നിന്നും നെല്ലോ അരിയോ വിലയ്ക്കു വാങ്ങി ആഹാരകാര്യം നിറവേററുന്നു. ലക്ഷക്കണക്കിനു കൃഷിക്കാരും നാടൊട്ടുക്കു പാടങ്ങളും കേരളത്തിൽ ഉണ്ടെങ്കിലും, എല്ലാ ജനങ്ങൾക്കും മതിയാവുന്നിടത്തോളം നെല്ല് ഈ നാട്ടിൽ വിളയുന്നില്ല. ആവശ്യത്തിൽ കവിഞ്ഞ വിളവുള്ള അന്യരാജ്യങ്ങളിൽ നിന്നും നെല്ലു വരുത്തിയാണ് കേരളീയർ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നത്.

കേരളത്തിലെ കാലാവസ്ഥ നെല്ക്കൃഷിക്കു പററിയതാണ്. നെല്ലു നല്ലപോലെ വിളയുന്നതിനു്, വെയിലും വെള്ളവും കാററും മഞ്ഞും വളരെ ഉപകരിക്കുന്നു. ഇടവപ്പാതി, തുലാവർഷം എന്നിങ്ങനെ ആണ്ടിൽ രണ്ടുതവണ മഴയുള്ള നാടാണ് കേരളം. മഴക്കാലം ഒഴിച്ചുള്ള മാസങ്ങളിൽ ചൂടും വെളിച്ചവും വേണ്ടുവോളം ഉണ്ടായിരിക്കും. കാററും മഞ്ഞും കൂടുതലുള്ള മാസങ്ങളത്രേ വൃശ്ചികവും ധനുവും മകരവും. ക്രമത്തിലധികം മഴപെയ്ത്, വലിയ വെള്ള-

പ്പൊക്കം ഉണ്ടായാൽ നെല്ച്ചെടിക്കു ദോഷം തട്ടുന്നു, ഇളംഞാറുകളുടെ മൂട്ട് ഇളകുകയും പ്രായമായ ചെടികളുടെ കൂമ്പുകൾ അടയുകയും ചെയ്യുന്നു. മഴ തീരെ ഇല്ലാതെ കടുത്ത വേനൽ നീണ്ടുനില്ക്കുന്നപക്ഷം നെല്ലിന്റെ കൂമ്പും കതിരും കരിഞ്ഞുപോകുന്നു. മഴയും വെയിലും പാകത്തിനു കിട്ടിയാലാണ് നെല്കൃഷി നന്നാവുക.

നെല്കൃഷിക്കു ഉപയോഗിക്കുന്ന നിലങ്ങൾ മൂന്നുതരത്തിൽ ഉണ്ട്. കൃഷിചെയ്യുന്ന ഓരോ തവണയ്ക്കും പൂവ് അല്ലെങ്കിൽ പുകിൽ എന്നാണ് പേർ. ആണ്ടിൽ ഒരു തവണമാത്രം കൃഷിനടക്കുന്ന നിലങ്ങളെ ഒരുപ്പൂനിലങ്ങൾ എന്നു പറയും. ഒരു വർഷത്തിൽ രണ്ടുതവണ കൃഷിയിറക്കുന്ന നിലങ്ങളാണ് ഇരുപ്പൂനിലങ്ങൾ. മൂന്നുതവണ കൃഷിചെയ്യുന്ന നിലങ്ങളും ഉണ്ട്. ചില സ്ഥലങ്ങളിൽ കായലിലെ വെള്ളം ചക്രംതിരിച്ചു വററിച്ചു കൃഷിനിലങ്ങൾ ഉണ്ടാക്കുന്നു.

ഓരോ വിളവിലേയും നെല്ലിൽ ഒരുഭാഗം അടുത്ത പൂവിൽ വിതയ്ക്കുന്നതിനായി കൃഷിക്കാർ വിത്താക്കി നീക്കിവയ്ക്കുന്നു. വിത്തിനു കരുതുന്ന നെല്ല്, പൊടിയും പതിരും പാററിക്കളഞ്ഞു് ഉണക്കി സൂക്ഷിക്കുന്നു. കൊയ്ത്തുകഴിഞ്ഞ പാടങ്ങളിലെ കട്ടപ്പുമുള്ള മണ്ണിളക്കിയാണ് അടുത്ത കൃഷി ആരംഭിക്കുന്നതു്. ഒന്നോ രണ്ടോ മഴപെയ്തു തറയ്ക്കു് ഈർപ്പം കിട്ടുമ്പോൾ മണ്ണിളക്കുന്ന പണി തുടങ്ങുന്നു. മഴ ഉണ്ടായില്ലെങ്കിൽ സമീപമുള്ള കുളങ്ങളിലെയോ പുഴകളിലെയോ വെള്ളം ചാലുകളിൽക്കൂടി തിരിച്ചുവിട്ടു വയലുകൾ നനയ്ക്കാറുണ്ട്. നുകവും കലപ്പയുംവച്ചു്

കെട്ടിയ കന്നുകാലികളെ നടത്തി നിലം ഉഴുതു മണ്ണിള ക്കുകയാണു പതിവ്. ചില പ്രദേശങ്ങളിൽ കട്ടപ്പം കൂടിയ മണ്ണ്, തൂമ്പകൊണ്ടു് കിളച്ചു മറിച്ചതിനു ശേഷമേ ഉഴവു നടത്തുകയുള്ളൂ. ഇങ്ങനെ മണ്ണിളക്കി കട്ടയുടച്ച്, നിലം ഒരുക്കിക്കഴിഞ്ഞാൽ വിതയ്ക്കു



കാലമായി. ചാണകപ്പൊടിയും ചാരവും വിത്തും കൂട്ടിക്കലർത്തി അതിൽനിന്നും ഓരോ നുള്ളുവീതം തുടരെ ഉഴവുചാലിൽ ഇട്ട് മണ്ണുകൊണ്ടു മൂടുന്നു. സാധാരണമായി മീനം, മേടം എന്നീ മാസങ്ങളിലെ കൃഷിക്കാണ് ഇപ്രകാരം വിത്തുവിതയ്ക്കുന്നതു്.

മറെറാരുതരത്തിലും നെല്ക്കൃഷി നടത്താറുണ്ടു്. കൃഷിക്ക് ഏതാനും ആഴ്ചകൾക്കുമുമ്പ് ഒരു നില ത്തിൽ വിത്തുവിതയ്ക്കുന്നു. ആ വിത്തു പൊട്ടിമുളച്ച്, ഇലവിരിഞ്ഞു്, ഉദ്ദേശം ഒരടിപ്പൊക്കത്തിൽ വള രുന്നു. ആ പ്രായത്തിലുള്ള നെല്ച്ചെടിക്ക് ഞാറു് എന്നും, ഞാറു വളർത്തുന്ന നിലത്തിനു് ഞാററടി

എന്നും പേരുണ്ടു്. ഞാറു പറിച്ചു നടുന്ന ജോലി യാണു് അടുത്തതു്. ഞാററടിയിൽനിന്നും പറിച്ചെ ടുത്ത ഞാറു്, കൃഷിനിലത്തിലേയ്ക്കു കൊണ്ടുപോകുന്നു. വെള്ളം കയററി അടച്ചുനിറുത്തിയിട്ടുള്ള കൃഷിനിലം ഉഴുതു നിരപ്പു വരുത്തിയിട്ടാണു് അതിൽ ഞാറു നടു ന്നതു്. ഈ നടീൽ നടക്കുന്നതു് ചിങ്ങം, കന്നി എന്നീ മാസങ്ങളിൽ ആണു്. കാലാവസ്ഥ, ജലസേചന സൗകര്യം എന്നിവയെ ആശ്രയിച്ചു്, വിത്തിറക്കു കയും വിളവെടുക്കുകയും ചെയ്യുന്ന കാലങ്ങൾക്കു വ്യത്യാസം വരാറുണ്ടു്

ഞാറു പുതിയ നിലത്തിൽ വളർന്നുവരുന്ന തോടൊപ്പം ചിലപുല്ലുകൾകൂടി കിളിർത്തുപൊങ്ങുന്നതു കാണാം. നെല്ലിനു കിട്ടേണ്ട വളം വലിച്ചെടുക്കുന്ന ഈ പുല്ലു് എടുത്തുകളയേണ്ടതാണു്. അതിനാൽ അവയ്ക്കു കള എന്ന പേർ യോജിക്കും. കള പറിച്ചു കളഞ്ഞാൽ നെല്ലു വേഗത്തിൽ പുഷ്ടിപ്പെടുന്നു. തണ്ടും ഇലകളും നീണ്ടു്, നെല്ച്ചെടി ക്രമേണ കുമ്പെ ടുക്കുന്നു. കുമ്പു് ആദ്യം പോളയുടെ ഉള്ളിൽ മറഞ്ഞി രിക്കും. അനന്തരം പോള ഭേദിച്ചു് അതു പുറത്തു വരുന്നു. ഇളംപച്ച നിറത്തിലുള്ള നേർത്ത കതിരു കുമ്പിൽ കാണാറാകുന്നു. അവ മുററിത്തഴച്ചു പഴുത്തു്, കനം തൂങ്ങുന്ന നെന്മണിക്കുലകളായി കാററിൽ ആടി ക്കളിക്കുന്നതു രസമുള്ള ഒരു കാഴ്ചയാണു്.

മണ്ണിൻെറ തരവും വളത്തിൻെറ ഗുണവും കാലാ വസ്ഥയും അനുസരിച്ചാണു്, വിളവുകൂടുന്നതും കുറയു ന്നതും. ചാരം, ചാണകം, പച്ചിലകൾ, എല്ലുപൊടി, അമോണിയം സൾഫേററു് എന്നിവ പ്രധാനപ്പെട്ട വളങ്ങൾ ആകുന്നു. നല്ല വളക്കൂറുള്ള മണ്ണിൽ

അധികം വളം ഇടേണ്ടി വരികയില്ല. കൂടുതൽ വളം ഇടുകയാണെങ്കിൽ മോശപ്പെട്ട മണ്ണുള്ള വയലിലെ വിളവും മെച്ചം ആയിരിക്കും. അഞ്ചുമേനി മുതൽ നാല്പതു മേനിവരെ വിളയുന്ന നിലങ്ങൾ കേരളത്തിൽ ഉണ്ടു്.

മഴക്കുറവും വെള്ളപ്പൊക്കവും മൂലം ഉണ്ടാകുന്ന കൃഷിപ്പിഴ നിവാരണം ചെയ്യേണ്ടതാണ്. പുഴയുള്ള ദിക്കുകളിൽ അണകെട്ടി വെള്ളം തടഞ്ഞുനിറുത്തി വയലുകളിലേയ്ക്കു് ആവശ്യംപോലെ തിരിച്ചുവിടാൻ കഴിയും. കുളങ്ങളും പുഴകളും ഇല്ലാത്ത ദേശങ്ങളിൽ കുളങ്ങൾ കുഴിക്കുകയാണ വേണ്ടതു്. അതുപോലെ തന്നെ, വെള്ളപ്പൊക്കം ഉണ്ടാകുമ്പോൾ വെള്ളം എളുപ്പം വാർന്നുപോകുന്നതിനു് ഓവുകൾ വയ്ക്കണം. ചിലപ്പോൾ, നെല്പാടങ്ങളിൽ ഉണ്ടാകുന്ന ഒരുതരം പുഴു നെല്ലിൻെറ ഓലയും കൂമ്പും കരണ്ടുകളയാറുണ്ടു്. ഉടനടി പുഴുക്കളെ നശിപ്പിച്ചില്ലെങ്കിൽ ഒരു നാട്ടിലുള്ള വയലുകളിലെ വിളവു മുഴുവനും നഷ്ടപ്പെട്ടു പോകും. കൃഷിക്കാർ ഒത്തൊരുമിച്ചു പ്രവർത്തിച്ചാൽ മാത്രമേ ഇത്തരം ദോഷങ്ങൾക്കു പ്രതിവിധി ചെയ്യാൻ കഴിയൂ. അവർ ഉററു പരിശ്രമിക്കുകയും ഗവണ്മെൻറു് അവരെ സഹായിക്കുകയും ചെയ്യുന്ന പക്ഷം, നമ്മുടെ ആഹാരത്തിനുവേണ്ട നെല്ലു കേരളത്തിൽ വിളയിക്കാൻ സാധിക്കും.

അഭ്യാസം.

1\. (i) ഫകരം ഫഠിച്ചു വാക്കുകൾ എഴുതുക:—

ക്കൃഷിചെയ്യുന്ന ആൾ =
പരിഹാരം ചെയ്യാൻ =
ക്കൃഷി തുടങ്ങുന്നതു് =

[കർഷകൻ, ആരംഭിക്കുന്നതു്, പ്രതിവിധി—ഈ വാക്കുകൾ വേണ്ട ദിക്കിൽ എഴുതിയാൽ മതി]

(ii) വരയിട്ടിട്ടുള്ള വാക്കുകൾക്കു ഫകരം പുതിയ വാക്കുകൾ ചേർക്കുക.

മഴ ഉണ്ടായില്ലെങ്കിൽ, അടുത്തുള്ള കുളങ്ങളിലെയോ പുഴകളിലെയോ വെള്ളം തിരിച്ചുവിട്ട വയകലുൾ നനയ്ക്കുന്നു.

[സമീപമുള്ള, നദികളിലെയോ, വർഷം, ജലസേചനം ചെയ്യുന്നു, പാടങ്ങൾ—ഈ വാക്കുകൾ യഥാസ്ഥാനം ചേർത്താൽ മതി]

2\. (i) ചേർത്തെഴുതുക:—

നെൽ + പാടം. പാററി + കളഞ്ഞു്.
നടത്തുക + ഉള്ള. ഒത്തു് + ഒരുമിച്ചു്.

[നെല്ലാടം അല്ലെങ്കിൽ നെൽപ്പാടം, പാററിക്കളഞ്ഞു്, നടത്തുകയുള്ള, ഒത്തൊരുമിച്ചു്—ഇങ്ങനെയാണു് എഴുതേണ്ടതു് നിങ്ങൾ എഴുതിയതു് ഇങ്ങനെതന്നെയാണോ? നോക്കുക.]

(ii) നെല്ലു് ഒരു ധാന്യമാകുന്നു. ചാമ ഒരു ധാന്യമാകുന്നു, ഗോതമ്പു് ഒരു ധാന്യമാകുന്നു.—ഈ മൂന്നു വാക്യത്തിലേയും ആഖ്യാപദങ്ങളുടെ അടിയിൽ വരയിടുക. ഏതാണു് ആഖ്യാതം? എല്ലാ വാക്യത്തിലെയും ആഖ്യാതം ഒന്നല്ലേ? ഈ മൂന്നു വാക്യവും കൂട്ടിച്ചേർത്തു് നമുക്കു ഒരു വാക്യമാക്കണം. നെല്ലും ചാമയും ഗോതമ്പും

എന്താകുന്നു? ധാന്യമാണു് അല്ലേ? അതെഴുതിയാൽ മതി.

നെല്ലും ചാമയും ഗോതമ്പും ധാന്യമാകുന്നു. മറെറാരുദാഹരണംകൂടി:—

ഒരുപ്പൂനിലം ഉണ്ടു്. ഇരുപ്പൂനിലം ഉണ്ടു്. മൂന്നു പൂ വിളവെടുക്കുന്ന നിലങ്ങളും ഉണ്ടു്—ഒററവാക്യമാക്കുക.

മൂന്നു വാക്യത്തിലേയും ആഖ്യാതം എന്താണു്? 'ഉണ്ടു്' എന്നല്ലേ? എങ്ങനെയെല്ലാം ഉള്ള നിലങ്ങളുണ്ടു്? ഇതിൻെറ ഉത്തരമായിരിക്കും വാക്യം. നോക്കു:

ഒരുപ്പൂനിലവും ഇരുപ്പൂനിലവും മൂന്നു പൂ വിളവെടുക്കുന്ന നിലവും ഉണ്ടു്.

3 (i) വിത്തു വിതയ്ക്കുന്നതെങ്ങനെ? എന്താണു് ഞാററു്? കളപറിച്ചു കളഞ്ഞില്ലെങ്കിൽ എന്താണു ദോഷം?

(ii) നെല്ലിനു് എങ്ങനെയുള്ള കാലാവസ്ഥയാണു നല്ലതു്? നെല്ലിനു നല്ല വളങ്ങൾ ഏവ?

(iii) വിളവിൻെറ മെച്ചം എന്തിനെയെല്ലാം ആശ്രയിച്ചിരിക്കും? പത്തു മേനി വിളയുന്ന സ്ഥലം എന്നു പറഞ്ഞാൽ നിങ്ങൾ എന്തു മനസ്സിലാക്കും?

(iv) വരയിട്ടിട്ടുള്ള വാക്കിൻെറ അർത്ഥഭേദം മനസ്സിലാക്കുക:—

1. മേനി വാക്കു പറയരുതു്.

2. ഞാൻ മേനി പറയുകയല്ല്യ എൻെറ നിലത്തിൽ മുപ്പതു മേനി വിളയും.

3 അവനവൻെറ മേനിയിൽ കൊള്ളുമ്പോഴേ വേദന തോന്നുകയുള്ളു. അല്ല്യ. തിരുമേനി?

പാഠം 28

തൈമാവ്

വിത്തിന്നകത്തൊളിച്ചി ഞാൻ
വിരിമാറത്തുറങ്ങവേ,
എല്ലാർക്കുമമ്മയാം ഭൂമി-
യെന്നെ രക്ഷിച്ചിതാർദ്രയായ്.

വെയിലാലന്നെനിക്കേകീ
വേണ്ട ചൂട്ട ദിവാകരൻ,
കാലക്കേടേതുമേലാതെ
കഴിഞ്ഞൂ ചില നാളുകൾ.

വേനൽക്കാലം കഴിഞ്ഞാർത്തു
വേഗമെത്തിയ കാർമുകിൽ
വിട്ട നീർത്തുള്ളി വന്നെന്നെ
വിളിച്ചു മധുരസ്വരം.

"മൂഴിപ്പുതപ്പുടൻ മാററി-
പ്പുറപ്പെട്ടുക സോദര
വെളിക്കു കാത്തു നില്ക്കുന്നു
വെളിച്ചമെഴുന്നേല്ക്കുക !

നവരത്നങ്ങളാൽത്തീർത്ത
നല്ല കാപ്പടിപോലതാ,
വാനിൽക്കാർവില്ലു കാണുന്നു!
വത്സ; വൈകരുതല്പവും.

തണുത്ത ചുണ്ടാൽ ചുംബിച്ചു
താണ നീർത്തുള്ളിയെന്റെ മേൽ;
ഉണർന്നു തല പൊക്കീ ഞാ-
നുത്സാഹത്തോടു ക്കൂടവേ.

തളിരാലമ്മതാൻ തുന്നി-
ത്തന്ന ചെമ്പൊന്നുടുപ്പുമായ്
പുറപ്പെട്ടോരെന്നെ നോക്കി-
പ്പുഞ്ചിരിക്കൊണ്ടു ദിക്കുകൾ.

തടവീ കൊച്ചുകാറെറന്ന-
ത്താവും സ്നേഹമുദിക്കയാൽ;
പാരിടംകണ്ടു ഞാൻ നാലു-
പാടുമെത്ര മനോഹരം!

മനം കവരുമീ മട്ടിൽ
മന്നു തീർത്താരു നൽകിയോ?
എനിക്കിതിലിടം തന്ന-
തെത്ര കാരുണ്യപൂരമോ?

—[illegible].

അഭ്യാസം.

1 എന്തിന്റെ മാറത്താണു് മാവിൻ തൈയ് ഉറങ്ങി യിരുന്നതു്? ഭൂമിയെ എല്ലാവരുടേയും അമ്മ എന്നു പറയുന്നതെന്തുകൊണ്ടു്?

2. ആരാണു് പൂട്ടുകൊടുത്തിരുന്നതു്? എപ്പോഴാണു് മഴത്തുള്ളി ചെന്നു് മാവിൻതൈയെ ഉണർത്തിയതു്? മഴത്തുള്ളി ആ കൊച്ചനുജനോടു എന്തു പറഞ്ഞു?

3. മാവിൻ തൈയ്ക്കു് ആരാണു പൊന്നുടുപ്പു തുന്നിയതു്? ഈ ലോകത്തിൽ ആരാണു് കാരുണ്യം കൊണ്ടു നമുക്കെല്ലാം ജീവിതം തന്നതു്?

4 'തടവീ കൊച്ചുകാറെയന്നേ
ത്താവും സ്നേഹമുദിക്കയാൽ'

ഇതിലെ കർത്താവു്, കർമ്മം, ക്രിയ—ഇവയുടെ അടിയിൽ വരയിടുക.

5 പകരം ഉപയോഗിച്ചിട്ടുള്ള വാക്കുകൾ പറയുക:— സൂര്യൻ, മഴവില്ലു്, ഉമ്മവയ്ക്കുക.

പാഠം 29

ഭീമനു നല്ലൊരൂണ്

ഇന്ത്യയുടെ തലസ്ഥാനമാണല്ലോ, ഡെൽഹി. വളരെക്കാലം മുൻപ് ആ പ്രദേശത്തു ഹസ്തിനപുരം എന്നൊരു നഗരം ഉണ്ടായിരുന്നു. ഹസ്തിനപുരത്തിലെ രാജകുമാരന്മാരായിരുന്നു പഞ്ചപാണ്ഡവന്മാർ. ചെറുപ്പത്തിലേ അവരുടെ അച്ഛനായ പാണ്ഡു മരിച്ചുപോയി. വലിയച്ഛനായ ധൃതരാഷ്ട്രരാണ് അവരെ വളർത്തിപ്പോന്നതു്. അദ്ദേഹത്തിനു നൂറു മക്കളുണ്ടായിരുന്നു. ആ നൂറുവരും ഈ ഐവരും തമ്മിൽ കുട്ടിക്കാലം മുതൽക്കേ കലഹം തുടങ്ങി. കുട്ടികൾ വളരുന്തോറും കലഹം മൂത്തുവന്നതേ ഉള്ളു. ഒടുവിൽ പാണ്ഡവന്മാർക്കു് അമ്മയായ കുന്തീദേവിയോടുകൂടി നാടുവിട്ടുപോന്നു്, ദൂരെ ഏകചക്ര എന്ന രാജ്യത്തു് ഒളിച്ചു താമസിക്കേണ്ടിവന്നു.

തങ്ങൾ ബ്രാഹ്മണരെന്ന ഭാവത്തിൽ ഒരു ബ്രാഹ്മണ ഗൃഹത്തിൽ അവർ പാർത്തു. അഞ്ചു പേരും നടന്നു ഭിക്ഷ യാചിച്ചിട്ടാണ് നിത്യവൃത്തി കഴിച്ചുപോന്നതു്. ഇവരിൽവച്ച് ഏററവും ബലവാൻ ഭീമസേനനാണ്; അതിനുതക്കവണ്ണം അയാൾക്കു ധാരാളം ഉണ്ണുകയും വേണം. അത്രയ്ക്കൊന്നും ഭിക്ഷ യാചിച്ചാൽ കിട്ടില്ലല്ലോ. അതുകൊണ്ടു കുന്തീദേവി ഏർപ്പാടു ചെയ്തു—ആകെ ഭിക്ഷ കിട്ടുന്നതിൽ നേർ പകുതി ഭീമസേനനു കൊടുക്കും; മറേറപ്പകുതി അഞ്ചു പങ്കാക്കി അമ്മയും നാലു മക്കളും എടുക്കും. അവർക്കതു മതിയാകും, ഭീമന്നു് ആ പകുതി മതിയാവുകയുമില്ല. അങ്ങനെ കഴിഞ്ഞു, കുറച്ചുദിവസം.

ആ രാജ്യം ഭരിച്ചിരുന്നതു ബകനെന്ന ഒരു രാക്ഷസനാണ്. അയാളാണ് ആ നാട്ടുകാരെ അന്യ രാജാക്കന്മാരുടേയും കാട്ടുജന്തുക്കളുടേയും ആക്രമണത്തിൽനിന്നു രക്ഷിച്ചുപോന്നതു്. ആ രാജാവിനെക്കൊണ്ടു നാട്ടുകാർക്കു വലിയ ബുദ്ധിമുട്ടില്ലായിരുന്നു. നികുതി കൊടുക്കേണ്ട; സേവിക്കാൻ പോകേണ്ട; അവനവന്റെ പാടുനോക്കി നടക്കാം. ഒന്നുമാത്രമേ വേണ്ടൂ: ആ രാജ്യത്തു് ആയിരത്തിലേറെ കുടുംബങ്ങളുള്ളതിൽ ഓരോ കുടുംബക്കാർ മൂന്നുനാലു കൊല്ലം കൂടുമ്പോൾ ഒരു ദിവസം രാജാവിന്നു് ഒരൂണു കൊടുക്കണം. ഊണിന്റെ വട്ടം കേൾക്കണോ? ഒരു വണ്ടി നിറയെ ചോറും കറികളും. ആ വണ്ടി വലിക്കുന്ന രണ്ടു പോത്തും, ആ വണ്ടി തെളിച്ചുകൊണ്ടു ചെല്ലുന്ന ഒരാളും! മനുഷ്യന്റെ പച്ചയിറച്ചിയില്ലാത്ത ഊണു് ബകന്നു് ഇഷ്ടമല്ല. അതുകൊണ്ടു വല്ല കുടുംബക്കാരും ആളെ അയച്ചുകൊടുത്തില്ലെങ്കിൽ അവരെ മുഴുവൻ ആ രാജാവു് അന്നു തിന്നുകളയും.

നാളെ ബകന്നു ചോറുകൊടുക്കേണ്ടതു് പാണ്ഡവന്മാർ ചെന്നു താമസിക്കുന്ന ആ ബ്രാഹ്മണകുടുംബമാണ്. അവിടെ ഒരച്ഛനും അമ്മയും മുതിർന്ന ഒരു മകളും ഒരു കൊച്ചുമകനും മാത്രമേ ഉള്ളു. ഇവരിൽ ആരു പോകണം? അച്ഛനും അമ്മയും മകളും ഇരുന്നു കരഞ്ഞുകൊണ്ടു് 'ഞാൻ പോകാം. ഞാൻ പോകാം' എന്നു പറയുകയാണ്. ആർക്കും മറെറ ആളെ രാക്ഷസനു തിന്നാൻ കൊടുക്കാൻ സമ്മതമില്ല. അവർ ഇതിനെപ്പററി തർക്കിച്ചു കരയുന്നതിന്നിടയിൽ, ആ ഇളംപൈതൽ ഒരു ചുള്ളിക്കോലുമേന്തി ഓരോ ആളുടേയും അടുത്തുചെന്നു പറഞ്ഞു:— "അമ്മേ! കരയേണ്ട; അച്ഛാ! കരയേണ്ട; ചേച്ചീ! കരയേണ്ട. ഞാൻ പോയി ഈ വടികൊണ്ടു് ആ രാക്ഷസനെ അടിച്ചുകൊല്ലാം".

വിവരമെല്ലാം അറിഞ്ഞു്, കുന്തീദേവി ചെന്നു ബ്രാഹ്മണനോടു പറഞ്ഞു:—"അങ്ങേക്കു് ഒരു മകനല്ലേ ഉള്ളു. എനിക്കു് അഞ്ചു മക്കളുണ്ടു്. അതിൽ ഒരാളെ ഞാൻ അയക്കാം."

ആദ്യം ബ്രാഹ്മണൻ ഇതു സമ്മതിച്ചില്ല. സ്വന്തം ജീവൻ കാക്കുന്നതിന്നു മറെറാരാളെ കൊല്ലാൻ വിടുകയോ? "ഏയ്, അതു വയ്യ". അപ്പോൾ കുന്തി പറഞ്ഞു—"സംശയിക്കണ്ട. എന്റെ ആ മകന്നു് ഒരു മന്ത്രവിദ്യ അറിയാം. അതുകൊണ്ടു് അവൻ രാക്ഷസനെ കൊല്ലും. ഇതിന്നു മുമ്പും അവൻ രാക്ഷസരെ കൊന്നിട്ടുണ്ടു്". ഇതുകേട്ടപ്പോൾ ബ്രാഹ്മണൻ സന്തോഷത്തോടെ സമ്മതിച്ചു. ബ്രാഹ്മണർക്കു മന്ത്രത്തിന്റെ ശക്തിയിൽ വലിയ വിശ്വാസം തോന്നുമല്ലോ.

ഭീമസേനനും സന്തോഷമായി. വളരെ നാൾക്കു ശേഷം ഒരു വണ്ടിനിറയെ ചോറും കറിയും കൈയിൽ കിട്ടുകയല്ലേ? ഒരു രാക്ഷസനെ കൊല്ലാനുള്ള തക്കവും.

പിറേറന്നു ഭീമൻ ചോററുവണ്ടിയുമായി ബകൻെറ കാട്ടിലെ കൊട്ടാരത്തിലേക്കു ചെന്നു ഗോപുരത്തിലെത്തി രാജാവിനെ തിരുവുള്ളമറിയിച്ച്, ഇരുന്നു് ഊണു തുടങ്ങി.

ബകൻ മാളികപ്പുറത്തുനിന്നു താഴെവന്നു നോക്കിയപ്പോൾ വണ്ടിക്കാരൻ ഇരുന്നു മുറയ്ക്കു് ഉണ്ണുകയാണു്. "നീ എന്തെടാ കാട്ടുന്നതു്!" എന്നു ബകൻ അലറി. ഭീമനു കേട്ട ഭാവമേ ഇല്ല. ബകൻ പാഞ്ഞുചെന്നു ഭീമൻെറ പുറത്തു രണ്ടുകൈകൊണ്ടും ആഞ്ഞു് ഒരടി അടിച്ചു. എന്നിട്ടും ഒരു കുലുക്കവുമില്ല. അവൻ സാധാരണക്കാരനല്ലെന്നു കണ്ടു ബകൻ പോയി ഒരു വലിയ മരം പുഴക്കിക്കൊണ്ടുവന്നു. അപ്പോഴേയ്ക്കു ഭീമൻ ഊണു കഴിച്ചു കൈകഴുകി ഒരുങ്ങിനിന്നു. ബകൻ ഓങ്ങിയടിച്ച ആ മരം പിടിച്ചെടുത്തു് അങ്ങോട്ടു് ഒന്നു കൊടുത്തു. പിന്നെ അവർ തമ്മിൽ മരങ്ങൾകൊണ്ടുള്ള ഒരു വലിയ യുദ്ധം നടന്നു.

എന്തിനു വിസ്തരിക്കുന്നു ഉണ്ട ഭീമൻ ഉണ്ണാത്ത ഭീമനെ പിടിച്ചു ഞടുവൊടിച്ചു രണ്ടുമടക്കു് ആക്കി; ബകൻ ചോര ഛർദ്ദിച്ചു ചത്തു.

അന്നുമുതൽ ആ രാജ്യത്തു രാക്ഷസന്മാർ മനുഷ്യരെ പിടിച്ചു തിന്നാതായി.

അഭ്യാസം.

1. (i) താഴെ കൊടുത്തിട്ടുള്ള വാക്കുകൾക്കു പകരം ഈ പാഠത്തിൽനിന്നു പഠിച്ച വാക്കുകൾ എഴുതുക:—

1. പിച്ചയിരക്കുക =
2. ശക്തിയുള്ളവൻ =
3. വിവരിക്കുന്നു =
4. അഞ്ചു പാണ്ഡവന്മാർ =
5. കരം =
6. നാടുവാഴുക =

(ii) അഞ്ചു ലോഹം. അഞ്ചു വാദ്യം. അഞ്ചു ശീലം.

വരയിട്ടിട്ടുള്ള വാക്കിനു പകരം പറയാവുന്ന പദം ചേർക്കുക. [പറയണം, എന്നിട്ടെഴുതണം]

ഒരു രാക്ഷസൻ രണ്ടു———

ഒരു മകൻ അഞ്ചു———

[രാക്ഷസന്മാർ, മക്കൾ എന്നു യഥാസ്ഥാനം എഴുതിക്കുക.]

[ഉദാഹരണങ്ങൾകൊണ്ട് കുട്ടികൾക്ക് വചനങ്ങളുടെ ബോധം ഉണ്ടാകണം. എന്താണു വചനം എന്ന് ഇപ്പോൾ പഠിപ്പിക്കേണ്ട.]

(iii) 1. പാണ്ഡു ഒരു രാജാവാണ്; 2. ധൃതരാഷ്ട്രർ ഒരു രാജാവാണ്.

പാണ്ഡുവും ധൃതരാഷ്ട്രരും — ആണ്.

[രാജാവു്, രാജാക്കന്മാർ — ഇവയിൽ ഏതു വാക്കാണ് ചേർക്കേണ്ടതു് ?]

൨. (i) ബകൻെറ ഊണിനു് എന്തെല്ലാമായിരുന്നു വിഭവങ്ങൾ ?

(ii) ഭീമൻ ബകൻെറ കഥകഴിച്ചതെങ്ങനെ ?

(iii) ബ്രാഹ്മണൻെറ കൊച്ചുമകൻ അമ്മയോടും അച്ഛനോടും സഹോദരിയോടും എന്തുപറഞ്ഞു ?

പാഠം 30

കണ്ണുണ്ടായാൽ പോരാ, കാണണം

ഒരാൾ മരുഭൂമിയിൽക്കൂടി യാത്രചെയ്യുകയായിരുന്നു. രണ്ടുപേർ എന്തോ അന്വേഷിക്കുന്നതുപോലെ പരിഭ്രമിച്ച്, ചുററും നോക്കിക്കൊണ്ടു വരുന്നതു കണ്ടു. അവർ കച്ചവടക്കാരാണെന്നു വേഷം കണ്ട് അയാൾക്കു മനസ്സിലായി. ആ യാത്രക്കാരൻ ഇങ്ങനെ ചോദിച്ചു:— "നിങ്ങളുടെ ഒരു ഒട്ടകം കാണാതെ പോയി, അല്ലേ ?"

കച്ചവടക്കാർ:—അതെ; ഞങ്ങൾ അതിനെ തേടി നടക്കുകയാണ്.

യാത്രക്കാരൻ:—അതിൻെറ വലതുകണ്ണിനു കാഴ്ചയില്ല; ഇടതുകാലിൽ മുടന്തും ഉണ്ട്; അല്ലേ ?

കച്ച:—നിങ്ങൾ അതിനെ കണ്ടോ ? അത് എവിടെ നില്ക്കുന്നു ?

യാത്ര:—ഒന്നുകൂടെ ചോദിച്ചുകൊള്ളട്ടെ. അതിൻെറ ഒരു പല്ലു പോയതാണോ ?

കച്ച:—നിങ്ങൾ അതിനെ കണ്ടു, തീർച്ചയാണ്. എവിടെയാണ് ആ ഒട്ടകം ? ഒന്നു കാണിച്ചു തരാമോ ? ഞങ്ങൾ എത്ര നേരമായി അലയുന്നു ?

യാത്ര:—ഞാൻ ഒട്ടകത്തെ കണ്ടില്ല. അതിൻെറ പുറത്ത് വച്ചിരിക്കുന്ന ഭാണ്ഡത്തിൽ ഒരു

വശത്തു തേനും മറുവശത്തു് ഗോതമ്പും ആണോ ?

കച്ച:—ഞങ്ങളെ കളിപ്പിക്കയാണു്: അല്ലേ ? ഒട്ട കത്തെ കാണാതെ ഇതെല്ലാം അറിയുന്നതെ ങ്ങനെ ?

യാത്ര:—നിങ്ങളുടെ ഒട്ടകം എവിടെയാണെന്നു് എനി ക്കറിഞ്ഞുകൂടാ. ഞാൻ അതിനെ കണ്ടിട്ടില്ല.

കച്ച:—കൊള്ളാം. ഇതു് ആരു വിശ്വസിക്കും ? ആ ഒട്ടകത്തിൻെറ കണ്ണും കാലും പല്ലും എല്ലാം കണ്ടു. ഒട്ടകത്തെമാത്രം കണ്ടില്ല ! പററിക്കാം എന്നു വിചാരിക്കണ്ട. അതിൻെറ പുറത്തു ഭാണ്ഡത്തിൽ സൂക്ഷിച്ചിരുന്ന ആഭരണങ്ങൾ ഇപ്പോൾ നിങ്ങളുടെ പക്കൽ കാണുമല്ലോ. ആദ്യം അതിങ്ങു തന്നേക്കണം.

യാത്ര:—ഞാൻ പറയുന്നതു വിശ്വസിക്കണം. ആഭര ണങ്ങൾ ഉണ്ടായിരുന്നോ എന്നു് എനിക്കു നിശ്ചയമില്ല.

കച്ച:—പച്ച നുണ ! തേനും ഗോതമ്പും ഉണ്ടെന്നു് അറിയാം. കൂടെ വച്ചിരുന്ന ആഭരണങ്ങൾ മാത്രം കണ്ടിട്ടില്ല, അല്ലേ ? ഈ വിദ്യ ഞങ്ങ ളുടെ അടുക്കൽ എടുക്കണ്ട.

ഒട്ടകത്തെ കാണിച്ചുകൊടുക്കാൻ ഭാവമില്ലെന്നു കണ്ടപ്പോൾ കച്ചവടക്കാർ അയാളെ പിടികൂടി, ന്യായാധിപൻെറ മുമ്പിൽ കൊണ്ടുപോയി. അയാൾ മോഷണം നടത്തിയതായി ആവലാതി ബോധി പ്പിച്ചു. പരിശോധിച്ചു നോക്കിയതിൽ, യാത്രക്കാ

രന്റെ പക്കൽ ആ ഉരുപ്പടികളൊന്നും കണ്ടിട്ടില്ല. പ്രതിയെ തടവിൽ വയ്ക്കണമെന്നു ന്യായാധിപൻ വിചാരിച്ചു. അപ്പോൾ ആ യാത്രക്കാരൻ ഇങ്ങനെ ബോധിപ്പിച്ചു:—



“ ഈ കച്ചവടക്കാർ തീരെ ആലോചനയില്ലാത്തവരാണ്. നേരിട്ടു കാണാതെയും ഒരു വസ്തുവിനെപ്പററി പലതും ഗ്രഹിക്കാം. പക്ഷേ, അതു മനസ്സിലാക്കാനുള്ള ബുദ്ധിശക്തി ഇവർക്കില്ല. വാസ്തവത്തിൽ ഒട്ടകത്തിനെ ഞാൻ കണ്ടിട്ടില്ല. എങ്കിലും, അതു കൈവിട്ടു തിരിഞ്ഞുപോയിരിക്കും എന്നു് എനിക്കു മനസ്സിലായി. അതിനു കാരണമുണ്ടു്. ഒട്ടകത്തിന്റെ കാല്പാടു മണലിൽ തെളിഞ്ഞു കണ്ടു. അടുത്തു മനുഷ്യരുടെ കാല്പാടു കണ്ടതുമില്ല. ഇടത്തു കാൽ നിലത്തു ദൃഢമായി പതിഞ്ഞിരുന്നില്ല. അതിനാൽ ആ കാലിനു് മുടന്തുണ്ടെന്നു മനസ്സിലായി

ഇടതുവശത്തുള്ള ചെടികൾ മാത്രമേ അതു തിന്നിട്ടുള്ളു. അതുകൊണ്ട്, അതിന്റെ വലത്തുകണ്ണിനു കാഴ്ചയില്ലെന്നു ഞാൻ അനുമിച്ചു. അതു കടിച്ച ഇലകളിൽ ഒരു പല്ലിന്റെ മാത്രം പാടു പററിക്കണ്ടില്ല. അതിന്റെ ഒരു പല്ലു കൊഴിഞ്ഞുപോയിരിക്കണം എന്ന് അതിൽനിന്നു് ഊഹിച്ചു".

കച്ച:—ഇത്രയും ഊഹിച്ചതാണ് എന്നിരിക്കട്ടെ എന്നാൽ അതിന്റെ പുറത്തു വച്ചിരുന്ന സാധനങ്ങൾ എങ്ങനെ അറിഞ്ഞു ?

യാത്ര:—പറയാം. ഒട്ടകം പോയ വഴിയുടെ ഒരു വശത്തു നീളെ ഉറുമ്പുകൾ ഉണ്ടായിരുന്നു ഭാണ്ഡത്തിൽനിന്നു വീണ ഗോതമ്പു കൊണ്ടുപോകാൻ ആയിരുന്നു അവ കൂടിയതു്. മറുവശത്തു നീളെ ഈച്ചകളേയും കണ്ടു. തേൻ കൂടുതൽ വീണതുകൊണ്ടാണു് അവ അവിടെ പററിക്കൂടിയിരിക്കുന്നതു് എന്നു സൂക്ഷിച്ചു നോക്കിയപ്പോൾ മനസ്സിലായി.

ഈ മൊഴികേട്ട ആ പഥികൻ കുററക്കാരനല്ലെന്നു ന്യായാധിപനു ബോദ്ധ്യമായി. "ഈ പ്രതി കണ്ണു വേണ്ടതുപോലെ ഉപയോഗിക്കുന്നു. വാദികൾക്കും കണ്ണുണ്ടല്ലോ. ഒട്ടകം പോയ വഴി നോക്കിച്ചെന്നു അവർ അതിനെ കണ്ടുപിടിക്കട്ടെ. പക്ഷേ അവർ ഒരു കാര്യം മനസ്സിലാക്കണം. കണ്ണുണ്ടായാൽ പോരാ, കാണണം" എന്നു പറഞ്ഞു് ന്യായാധിപതി പ്രതിയെ വിട്ടയച്ചു.

അഭ്യാസം.

1. പകരം പറയാവുന്ന പദം ഈ പാഠത്തിൽനിന്ന് എടുത്തെഴുതുക:—
വഴിയാത്രക്കാരൻ =
ന്യായം അനുസരിച്ചു വിധിക്കുന്ന ആൾ =
അനുമിച്ചു =

2. കർത്താവു്, കർമ്മം, ക്രിയ ഇവ എഴുതുക —
(i) യാത്രക്കാരൻ ഒട്ടകത്തെ കണ്ടില്ല.
(ii) ന്യായാധിപൻ യാത്രക്കാരനെ വിട്ടയച്ചു

3 ഇതു് ആരും വിശ്വസിക്കും.
ഇതു് ആരു വിശ്വസിക്കും?

[ഒന്നാമത്തെ വാക്യം ചോദ്യമല്ല. ഒരു സംഗതി പൂർണ്ണമായി പറഞ്ഞിരിക്കുന്നു. അതുകൊണ്ടു് ആ വാക്യത്തിൽ പറയാനുള്ളതു കഴിഞ്ഞു എന്നു സൂചിപ്പിക്കാൻ, ഒടുവിൽ ഇങ്ങനെ '.' ഒരു കുത്തു് ഇട്ടിരിക്കുന്നു. രണ്ടാമത്തെ വാക്യം ഒരു ചോദ്യമാണു്. അതു കാണിക്കാൻ '?' ഈ ചിഹ്നം ഇട്ടിരിക്കുന്നു. ഇതിനു ചോദ്യചിഹ്നം എന്നു പേരുണ്ടു്.

വേറെ ഉദാഹരണം:—

(i) എവിടെയാണു് ആ ഒട്ടകം? ഒന്നു കാണിച്ചു തരാമോ? ഞങ്ങൾ എത്രനേരമായി അലയുന്നു?

(ii) ഒട്ടകം എവിടെയാണെന്നു് അറിഞ്ഞുകൂടെ കാണിച്ചുതരാൻ സാദ്ധ്യമല്ല. നിങ്ങൾ അല യുന്നതിൽ വ്യസനം ഉണ്ടു്.

[ഒന്നാമത്തെ വകുപ്പിലെ മൂന്നു വാക്യവും ചോദ്യ മാണു്. രണ്ടാമത്തെ വകുപ്പിലെ മൂന്നു വാക്യവും ചോദ്യമല്ല.]

4. കാണാത്ത ഒട്ടകത്തെക്കുറിച്ചു് ഇത്രയേറെ വാസ്ത വങ്ങൾ വഴിപോക്കൻ ഗ്രഹിച്ചതെങ്ങനെ?

പാഠം 31

വിദ്യാധനം

(1)

വിത്തമെന്തിന്നു മർത്ത്യർക്കു
വിദ്യ കൈവശമാവുകിൽ ?
വെണ്ണയുണ്ടെങ്കിൽ നറുനെയ്
വേറിട്ടു കരുതേണമോ ?

(2)

വിദ്യ വിട്ടു നരന്നാമോ
വിശ്വംഭരയിൽ വാഴുവാൻ ?
ആയുധം കൈയിലില്ലാത്തോൻ
അടരാടുന്നതെങ്ങനെ ?

(3)

പുറംകണ്ണു തുറപ്പിപ്പു
പുലർവേളയിലംശുമാൻ.
അകക്കണ്ണു തുറപ്പിക്കാൻ
ആശാൻ ബാല്യത്തിലെത്തണം.

(4)

കൊണ്ടുപോകില്ല ചോരന്മാർ
കൊടുക്കുംതോറുമേറിടും ;
മേന്മ നല്കും മരിച്ചാലും
വിദ്യതന്നെ മഹാധനം.

ദീപാവലി] [ഉള്ളൂർ.

അഭ്യാസം.

1. നറുനെയ് ഇല്ലെങ്കിലും കഴിച്ചുകൂട്ടാം—എന്തു ണ്ടെങ്കിൽ? ധനമില്ലെങ്കിലും കഴിച്ചുകൂട്ടാം—എന്തു സ്വാധീനമായാൽ?
2. ആയുധമില്ലെങ്കിൽ എന്തു ചെയ്വാൻ പററില്ല? വിദ്യയില്ലെങ്കിൽ എന്തു് അസാദ്ധ്യമാകും?
3. ഭൂമിയിൽ എന്നതിനു പകരം എന്തു വാക്കാണു് പാഠത്തിൽ ഉപയോഗിച്ചിട്ടുള്ളതു്? യുദ്ധം എന്ന തിനു പകരമോ?
4. എന്താണു് അകക്കണ്ണു്? ബാല്യത്തിൽ അകക്കണ്ണു് ആരു തുറപ്പിക്കുന്നു? പ്രഭാതത്തിൽ ഉണർത്തി ആരാണു നമ്മുടെ കണ്ണിനു വെളിച്ചം തരുന്നതു്? സൂര്യൻ എന്നതിനു പകരം എന്തു പദം ഉപയോഗിച്ചിരിക്കുന്നു?
5. വിദ്യയാണു് എല്ലാററിലും വലിയ ധനം—എന്തു കൊണ്ടു്? കള്ളന്മാർ എന്നതിനു പകരം ഒരു പുതിയ വാക്കു പറയുക.
6. 'വിദ്യതന്നെ മഹാധനം'. ഏതാണു് ആഖ്യ, ഏതാണു് ആഖ്യാതം?

പാഠം 32

കൊളംബസ്

കേരളത്തിന്റെ പടിഞ്ഞാറെ അതിർത്തി കടലാണല്ലൊ. നോക്കിയാൽ നോക്കെത്താത്ത ആ കടലിനു് അക്കരെയുമുണ്ടു് വേറെ രാജ്യങ്ങൾ. അങ്ങോട്ടു പോകാൻ കപ്പൽ കയറണം. കപ്പലിൽ കയറി

അനേകായിരം മൈൽ യാത്രചെയ്തു ചെന്നെത്തേണ്ട രാജ്യങ്ങളാണ് അവ.

പണ്ടൊക്കെ കപ്പലിൽ യാത്രചെയ്യുന്നതു് ആപൽക്കരമായിരുന്നു. പക്ഷേ, ഇന്നുള്ളവരെക്കാൾ ധീരന്മാർ ആയിരുന്നു അന്നത്തെ കപ്പലോട്ടക്കാർ. അവർ അപകടങ്ങളെ വകവയ്ക്കാതെ പുതിയ നാട്ടുകൾ കണ്ടുപിടിക്കുന്നതിനു മഹാസമുദ്രങ്ങളിൽ യാത്ര ചെയ്തു. അന്നു് ആവിക്കപ്പലും മററും ഉണ്ടായിരുന്നില്ല. ചെറിയ പായ്ക്കപ്പലുകളിലായിരുന്നു അവരുടെ സഞ്ചാരം. ആ യാത്രകൾക്കിടയിൽ യാദൃച്ഛികമായി അവർ പല രാജ്യങ്ങളും കണ്ടുപിടിച്ചു. കൊളംബസ് അമേരിക്ക കണ്ടുപിടിച്ച കഥ നിങ്ങൾക്കു കേൾക്കണമോ?

കൊളംബസ് ഇററലിയിൽ ജനീവ എന്ന പട്ടണത്തിൽ ജനിച്ചു. അദ്ദേഹത്തിൻെറ പിതാവു് ഒരു നെയ്ത്തുകാരൻ ആയിരുന്നു. പതിനഞ്ചാമത്തെ വയസ്സിൽ കൊളംബസ് കപ്പലിൽ വേലക്കാരനായി ചേർന്നു. വളരെ നാളത്തെ യാത്രകൊണ്ടു കടലിൽ നല്ല പരിചയം നേടി. വിവാഹത്തിനുശേഷം അദ്ദേഹം പോർച്ചുഗൽ രാജ്യത്തിൽ താമസമുറപ്പിച്ചു.

അക്കാലത്തു് കൊളംബസ് കപ്പലോട്ടത്തെപ്പററി പല പുസ്തകങ്ങളും വായിച്ചു. ഭൂമി ഉരുണ്ടതാണെന്നു് അദ്ദേഹം മനസ്സിലാക്കിയിരുന്നു. അതുകൊണ്ടു്, ഏതെങ്കിലും ഒരു ദിക്കിലേക്കു നേരേ കപ്പലോടിച്ചാൽ പുറപ്പെട്ട സ്ഥലത്തുതന്നെ തിരിച്ചെത്താം എന്നു് അദ്ദേഹം ഊഹിച്ചു. യൂറോപ്പിൽനിന്നു കിഴക്കോട്ടു കപ്പലോടിച്ചാണു് ഇൻഡ്യയിൽ എത്തിയിരു

ന്നതു്. ഭൂമി ഉരുണ്ടതാകകൊണ്ടു് പടിഞ്ഞാറോട്ട കപ്പലോടിച്ചാലും ഇന്ത്യയിൽത്തന്നെ എത്താൻ കഴിയണമല്ലൊ. ആ പുതിയ വഴിയിലൂടെ ഇന്ത്യയിൽ വരണമെന്നു് കൊളംബസ് ആഗ്രഹിച്ചു.

എന്നാൽ യാത്രയ്ക്കു വേണ്ട ധനം എവിടെ? അതിന്നുവേണ്ട സഹായം കിട്ടുവാൻ അദ്ദേഹം ശ്രമം തുടങ്ങി. പല രാജാക്കന്മാരും ധനവാന്മാരും കൊളംബസ്സിൻെറ അപേക്ഷ കൈക്കൊണ്ടില്ല. തൻെറ ആശ ഫലിക്കയില്ല എന്നു് അദ്ദേഹത്തിന്നു തോന്നി. അതിനിടയ്ക്കു് ഭാര്യയും മരിച്ചു. ആ വ്യസനംമൂലം കൊളംബസ് മകനോടൊത്തു നാടു വിട്ടു. സ്പെയിനിലെ രാജാവിനെ അദ്ദേഹം ചെന്നു കണ്ടു. അവിടേയും കൊളംബസ്സിന്നു വളരെ പ്രയാസങ്ങൾ നേരിട്ടു. എങ്കിലും എട്ടു വർഷത്തിന്നുശേഷം രാജാവു കൊളംബസ്സിനെ സഹായിക്കാമെന്നു സമ്മതിച്ചു. ചെറിയ മൂന്നു കപ്പലും ഒരു വർഷത്തേയ്ക്കുള്ള ആഹാരസാധനങ്ങളും അദ്ദേഹം കൊളംബസ്സിന്നു കൊടുത്തു.

നൂററിരുപതു കൂട്ടുകാരോടുകൂടിയാണു് കൊളംബസ് പുറപ്പെട്ടതു്. നേരെ പടിഞ്ഞാറോട്ട കപ്പലോടിച്ചുകൊണ്ടു് എങ്ങോട്ടെന്നറിയാതെ എത്രയോ ആഴ്ചകൾ യാത്ര തുടർന്നു. ഒരു കരയും കാണാതെ കൊളംബസ്സിൻെറ കൂട്ടുകാർ അമ്പരന്നുതുടങ്ങി. തിരിച്ചുപോകണം എന്നു് അവർ ആവശ്യപ്പെട്ടു. ഇല്ലെങ്കിൽ കൊളംബസ്സിനെ കടലിൽ തള്ളും എന്നു പോലും അവർ പേടിപ്പിച്ചു. അദ്ദേഹം നല്ലവാക്കു പറഞ്ഞു് അവരെ സമാധാനപ്പെടുത്തി. ഒടുവിൽ

ഒരു ദിവസംകൂടി ക്ഷമിക്കണമെന്നു് അദ്ദേഹം അവരോട്ട് അപേക്ഷിച്ചു.

പിന്നെയും കഴിഞ്ഞു ഒരു പകലും രാവും കര കണ്ടില്ല. തിരിച്ചുപോകാനുള്ള സമയം ആയി കൊളംബസ്സിനു വല്ലാത്ത ദുഃഖം തോന്നി. കരയിൽ ജീവിക്കുന്ന ചില പക്ഷികൾ ആ നാവികവീരനെ എതിരേല്ക്കാനെന്നപോലെ കടലിനു മേലേ പറന്നു വരുന്നതു് പെട്ടെന്നു് കൊളംബസ്സിൻെറ കണ്ണിൽ പ്പെട്ടു. ചില മരങ്ങളുടെ കൊമ്പുകൾ ഒഴകിവരുന്നതും കണ്ടു. അടുത്തു കരയുണ്ട് എന്നു കൊളംബസ്സിനു തീർച്ചയായി.

അടുത്ത ദിവസം പുലർന്നു. എന്തൊരു ഭാഗ്യം! മനോഹരമായ ഒരു ദ്വീപ് ആ സഞ്ചാരികൾ

മുൻപിൽ കണ്ടു. പല നിറത്തിലും തരത്തിലും ഉള്ള പക്ഷികൾ അവിടെ പറക്കുന്നതു കാണായി.

ആ ദ്വീപിലെ അനേകം ആളുകൾ കപ്പൽ കാണാൻ വന്നുകൂടി. അവർ കേവലം അപരിഷ്കൃതരായിരുന്നു എങ്കിലും അവരെ കണ്ടപ്പോൾ കൊളംബസ്സിനും കൂട്ടുകാർക്കും എന്തെന്നില്ലാത്ത സന്തോഷം ഉണ്ടായി. കൊളംബസ്സും അനുയായികളും കപ്പലിൽ നിന്നു് ഇറങ്ങി. തങ്ങൾ എത്തിച്ചേർന്ന രാജ്യം ഇന്ത്യയാണെന്നു് അവർ വിചാരിച്ചു. പക്ഷേ വാസ്തവത്തിൽ അവർ ചെന്നെത്തിയതു് അമേരിക്കയുടെ അടുത്തുള്ള ഒരു ദ്വീപിൽ ആയിരുന്നു.

ആ വെളുത്ത ആളുകളെ കണ്ടു് അവിടത്തുകാർക്കു് ആശ്ചര്യം തോന്നി. അന്യോന്യം ഭാഷ അറിഞ്ഞുകൂടാത്തതുകൊണ്ടു് ഇരുകൂട്ടർക്കും അടുത്തു പെരുമാറുവാൻ പ്രയാസമായി. എങ്കിലും കൊളംബസ്സും കൂട്ടുകാരും ആ നാട്ടുകാരോടു സ്നേഹം കാണിച്ചു. കപ്പലിൽ ഉണ്ടായിരുന്ന പളുങ്കുമാല, കണ്ണാടി മുതലായ സാമാനങ്ങൾ കൊളംബസ് അവർക്കു സമ്മാനിച്ചു. പൊൻപണ്ടങ്ങളും മററു വിലയേറിയ സാധനങ്ങളും ദ്വീപവാസികൾ ആ യാത്രക്കാർക്കും നൽകി.

കുറെ ദിവസം കഴിഞ്ഞു കൊളംബസ്സ് യൂറോപ്പിലേയ്ക്കു മടങ്ങിപ്പോകാൻ ഒരുങ്ങി. ആ ദ്വീപിലുള്ള ചിലരേയും കൂട്ടി തിരിച്ചു ചെന്നപ്പോൾ സ്പെയിനിലെ രാജാവു വളരെ ബഹുമാനത്തോടെ കൊളംബസ്സിനെ സ്വീകരിച്ചു. യാത്രയെപ്പററിയുള്ള കഥകൾ കേട്ടു് എല്ലാവരും അത്ഭുതപ്പെട്ടു.

കൊളംബസ് പിന്നെയും മൂന്നു പ്രാവശ്യം അമേരിക്കയിലേയ്ക്കു് യാത്രചെയ്തു. പലതരത്തിലുള്ള കഷ്ടതകൾ അദ്ദേഹത്തിനു സഹിക്കേണ്ടിവന്നു.

സ്പെയിനിലെ പ്രഭുക്കന്മാർക്കു് അദ്ദേഹത്തോടു അസൂയയും വിരോധവും തോന്നി. അവർ കൊളംബസ്സിനെ പലപ്രകാരത്തിൽ ഉപദ്രവിക്കാൻ ശ്രമിച്ചു. വാർദ്ധക്യകാലത്തു കഴിഞ്ഞുകൂടാൻപോലും അദ്ദേഹത്തിന്നു വകയില്ലാതായി. എന്നാൽ അന്നു് അദ്ദേഹം കണ്ടുപിടിച്ച അപരിഷ്കൃത രാജ്യം ഇന്നു ലോകത്തിൽ ഏററവും പരിഷ്കൃതമായ രാജ്യമായി മാറിയിരിക്കുന്നു.

അഭ്യാസം.

1. പകരം പറയാവുന്ന ഒററവാക്കു് എഴുതുക:—

ആപത്തു് ഉണ്ടാക്കുന്നതു് =
വലിയ സമുദ്രം =
പരിഷ്കാരം വരാത്ത രാജ്യം =
പരിഷ്കാരം വന്ന രാജ്യം =

2. ക്രിയാപദം ചേർക്കുക:—

രാജാവു് കൊളംബസ്സിനെ ——
കൊളംബസ് അവിടത്തുകാർക്കു് കണ്ണാടിയും മററും ——
കൊളംബസ്സിനെക്കുറിച്ചു സ്പെയിൻകാർ ——

[ബഹുമാനിച്ചു, സമ്മാനിച്ചു, അഭിമാനിച്ചു ഈ വാക്കുകൾ വേണ്ട ദിക്കിൽ ചേർത്താൽ മതി.]

3 'കറുത്ത മനുഷ്യൻ, വെളുത്ത മനുഷ്യനെ കാണാൻ ചെന്നു'. കാണാൻ ചെന്ന മനുഷ്യനും മറേറ മനുഷ്യനും തമ്മിൽ എന്താണു ഭേദം? എന്താണു വിശേഷം? കാണാൻ ചെന്നതു കറുത്ത മനുഷ്യനാണു്. മറേറ ആൾ വെളുത്ത മനുഷ്യനും. രണ്ടു മനുഷ്യരും തമ്മിൽ ഉള്ള ഭേദം, അല്ലെങ്കിൽ

വിശേഷം കാണിക്കുന്ന രണ്ടു പദം ഏതാണു്?
കറുത്ത', 'വെളുത്ത', ഇവയല്ലേ? ഈ മാതിരി വിശേഷം സൂചിപ്പിക്കുന്ന പദത്തിനു വിശേഷണം എന്നു പറയാം. വിശേഷണത്തിൻെറ അടിയിൽ വരയ്ക്കാം.

കറുത്ത മനുഷ്യൻ വെളുത്ത മനുഷ്യനെ.

പാഠം 33

ചിത്രശലഭം

ബാലൻ രാവിലെ ഉണർന്നെഴുന്നേററു. പതിവു പോലെ അവൻ മുററത്തുള്ള പനിനീർച്ചെടികളുടെ അടുത്തേക്കു പോയി. അന്നും വിരിഞ്ഞിട്ടുണ്ടു്, നല്ല ചന്തമുള്ള നാലഞ്ചു പൂക്കൾ. പനിനീർപ്പൂവു് എത്ര കണ്ടാലും, എത്ര തവണ കണ്ടാലും, ബാലനു മതിയാവുകയില്ല. ആർക്കാണു് മതിയാവുക! പൂവിറുക്കാൻ കൈനീട്ടിയപ്പോൾ അതാ, ഒരു മനോഹരമായ ജീവി അതിൽ നിന്നു ചിറകു വിടുർത്തി പറക്കുന്നു! എന്തൊരു ചിറകു്! മഴവില്ലിലുള്ളതിലധികം നിറങ്ങളുണ്ടു് അതിലെന്നു തോന്നും. എന്തുസൗന്ദര്യമാണതിനു്! അവൻ മുൻപും അതിനെ കണ്ടിട്ടുണ്ടു്— അതിനെ അല്ലെങ്കിൽ അതുപോലുള്ള മറെറാന്നിനെ. ഇത്ര ഭംഗി തോന്നിയിരുന്നില്ല. സൂക്ഷിച്ചുനോക്കണം. എന്നാലേ ഭംഗി തോന്നുകയുള്ളു. അതിനെ കിട്ടിയെങ്കിൽ! അവനു മോഹമായി. ബാലൻ അതിൻെറ പിറകെ ഓടി. എന്തു ഫലം? ആ കൊച്ചുജീവി

അകന്നകന്നു പോവുകയാണ്. ഉള്ളിൽ ഒതുങ്ങാത്ത ആശയോടെ, ബാലൻ ഓടിയോടിത്തളർന്നു. അവനു വല്ലാത്ത സങ്കടം തോന്നി. അതുപോയ ദിക്കിലേക്കു നോക്കിക്കൊണ്ടു നിന്നു.



അത്ഭുതം! അതാ, ആ സുന്ദരജീവി മടങ്ങി വരുന്നു. ബാലൻ സൂക്ഷിച്ചുനോക്കി. അവന്റെ അടുത്തുനിന്ന ചെടിയിൽ അതു വന്നിരുന്നു. ചിറക് ഒന്നൊതുക്കി. പുഞ്ചിരി തൂകിക്കൊണ്ട് മധുരമായ സ്വരത്തിൽ അത് എന്തോ പറയുന്നതുപോലെ അവനു തോന്നി.

“ ഓടിത്തളർന്നുപോയി, അല്ലേ? എന്നെ നീ എന്തിനാണ് പിടിക്കാൻ നോക്കിയത്? പിടി ച്ചാലും എന്നെപ്പററി നിനക്കു മനസ്സിലാക്കാൻ സാധിക്കാത്ത കാര്യങ്ങൾ ഞാൻ പറഞ്ഞുതന്നാൽ

പോരേ ? വേണമെങ്കിൽ പറയാം. ഇതാ, ഇക്കാ ണുന്ന പൂക്കളിലെ തേൻ നുകരാനാണു് ഞാൻ വരുന്നതു്. ആ തേൻ മാത്രമാണു് എൻെറ ആഹാരം. നേരം പുലർന്നപ്പോൾ ഞാൻ ഇറങ്ങിത്തിരിച്ചതാണു്. പകലെല്ലാം മധുവുണ്ടു പറന്നു നടന്നിട്ടു്, രാത്രിയായാൽ വല്ല ഇലയുടെ ചുവട്ടിലും പററിക്കൂടി ഉറങ്ങും. ഇതിനിടക്കു് എന്തെല്ലാം ആപത്തുകളുണ്ടെന്നോ ? എനിക്കു വളരെ ശത്രുക്കൾ ഉണ്ടു്. കുരുവികളും മററു കിളികളും എന്നെക്കണ്ടാൽ പിടിച്ചു തിന്നുകളയും. നല്ലപോലെ കരുതിയിരിക്കണം.

എൻെറ ഈ ഭംഗിയുള്ള ചിറകു കണ്ടിട്ടല്ലേ ബാലനു് എന്നെ പിടിക്കാൻ കൗതുകം ഉണ്ടായതു് ? ഈ ചിറകുകൾ എനിക്കു് ഇന്നു മാത്രമാണു കിട്ടിയതു്. എന്താ ബാലനു വിശ്വാസം വരുന്നില്ലേ ? എൻെറ കഥ മുഴുവനും കേൾക്കൂ. അപ്പോൾ വിശ്വാസമാകും.

ബാലൻെറ ഈ പനിനീർച്ചെടിയില്ലേ ? ഇതിൽ പുതിയ തളിരുകൾ പുറപ്പെട്ട കാലത്താണു് എൻെറ അമ്മ ഒരിലയുടെ ചുവട്ടിൽ മുട്ടയിട്ടതു്. ഞാൻ എൻെറ അമ്മയെ കണ്ടിട്ടേയില്ല. എൻെറ സഹോദരന്മാർ വളരെപ്പേരുണ്ടായിരുന്നു. അവരെ ഞാൻ ഇപ്പോൾ കണ്ടാൽ തിരിച്ചറിയുകില്ല. അവർ എന്നെയും.

ഒരാഴ്ച വെളിച്ചം കാണാതെ മുട്ടയിൽത്തന്നെ ഒതുങ്ങിയിരുന്ന ഞാൻ പെട്ടെന്നു് ഒരുദിവസം പുറത്തേക്കു വന്നു. അപ്പോൾ പച്ചനിറത്തിലുള്ള ഒരു പുഴു ആയിരുന്നു ഞാൻ. എൻെറ സഹോദരന്മാരും

അപ്പോഴേക്ക പുഴക്കളായിത്തീർന്നിരുന്നു. ഞങ്ങൾ നല്ല സ്വാദുള്ള ഇളംതളിരുകൾ തിന്നുതുടങ്ങി. എന്തു വിശപ്പായിരുന്നുവെന്നോ? പച്ചിലകൾക്കിടയിൽ സൂക്ഷിച്ച് ഒളിച്ചിരുന്നിട്ടും, ഞങ്ങളെ പക്ഷികൾ കണ്ടുപിടിക്കാറുണ്ടായിരുന്നു. കണ്ടുപിടിച്ചാൽ തിന്നു മെന്നു തീർച്ചയുമാണ്. എൻെറ കൂടപ്പിറപ്പുകൾ പലരും അങ്ങനെ ചത്തുപോയി.

ഏതാനും ദിവസം ഞങ്ങൾ അങ്ങനെ ജീവിച്ചു. ഒരുദിവസം എനിക്ക പെട്ടെന്ന് ഒരു വല്ലായ്മ തോന്നി. ഞാൻ ഇളകാതെ ഒരിലയിൽ പിടിച്ചു നിന്നു. എൻെറ ദേഹത്തുനിന്ന് ഒരുതരം നൂലുകൾ പുറത്തുവരുന്നു. എൻെറ ഉടൽ ചെറുതായി ചെറു തായി വരുന്നു! ആ നൂലുകൊണ്ടു ചുററിച്ചുററി ഞാൻ അതിൽ മറഞ്ഞു. ആ പുതപ്പിനുള്ളിൽ ഞാൻ ചുരുണ്ടുകൂടിയതേ എനിക്ക് ഓർമ്മയുള്ളു. ഞാൻ ഉറങ്ങിയതായിരിക്കണം.

പത്തുപന്ത്രണ്ടു ദിവസം നീണ്ടുനിന്നു, എൻെറ ഉറക്കം. അന്നൊന്നും ഭക്ഷണം കഴിച്ചിട്ടേയില്ല. ആ കൂടിനുള്ളിൽ തിന്നാൻ എന്തുകിട്ടാനാണ്? ഉറക്ക മുണർന്ന്, കൂട്ടുപൊളിച്ച്, ഞാൻ വെളിയിലേക്ക പോന്നു. ഹാ! എന്തൊരത്ഭുതം! എന്നെ കണ്ടിട്ട് എനിക്കുതന്നെ മനസ്സിലായില്ല. ഉറങ്ങാൻ കിടന്ന പ്പോൾ വെറും പുഴുവായിരുന്ന എനിക്ക ഭംഗിയുള്ള രണ്ടു ചിറകുകൾ! ആനന്ദം സഹിക്കാനാവാതെ, കൂട്ടിൽനിന്ന് എട്ടത്തൊരു ചാട്ടം! നിലത്തുവീണില്ല. എന്താണ് കാരണം? ഞാൻ പറക്കാൻ കഴിവുള്ള ഒരു ചിത്രശലഭമായിത്തീർന്നിരുന്നു.

മുമ്പിലത്തെപ്പോലെ ഇല കാർന്നു തിന്നാൻ നിവൃത്തിയില്ല. ഞാൻ പരിഭ്രമിച്ചുപോയി. എന്തു വേണ്ടു, എന്നറിയാതെ ഞാൻ നാലുപുറവും നോക്കി. അപ്പോഴാണ്, ബാലൻെറ പനിനീർപ്പൂ എന്നെ ആകർഷിച്ചതു്. എന്തു ശോഭ! എന്തു പരിമളം! പുഴവായിരുന്നപ്പോൾ ഞാൻ പുഷ്പങ്ങളെ ശ്രദ്ധി ച്ചിട്ടേയില്ല. ഇപ്പോഴാകട്ടേ, എന്നെ ആകർഷി പ്പാൻ സൗന്ദര്യമുള്ള പൂക്കൾക്കേ കഴിയൂ. നല്ല നിറവും നല്ല മണവും നല്ല തേനും ഉള്ള പൂക്കളുമായി കൂട്ട കൂട ന്നതു് എന്തു രസമാണ്!

ഖിശന്നു വലഞ്ഞ ഞാൻ ആ പൂവിൽ കയറിയി രുന്നതു് എന്തിനെന്നു് എനിക്കറിഞ്ഞുകൂടായിരുന്നു. എന്തുചെയ്യണമെന്നു നിശ്ചയമില്ലാതെ കുഴങ്ങുമ്പോ ഴാണ്, മുമ്പില്ലാതിരുന്ന ഒരവയവം ചുണ്ടിൽനിന്നു തൂങ്ങിക്കിടക്കുന്നതു ഞാൻ കണ്ടതു്. ശ്രമിച്ചുനോക്കി യപ്പോൾ അതിനെ ഒരു നീണ്ടകുഴൽപോലെയാക്കാ മെന്നു് എനിക്കു മനസ്സിലായി. അതുപയോഗിച്ചു പൂവിനകത്തു് ഊറിനില്ക്കുന്ന തേൻ കുടിക്കാൻ ഒരു പ്രയാസവുമില്ല. ഇത്ര മധുരമായ ഭക്ഷണം കിട്ടുമെ ങ്കിൽ ആർക്കുവേണം ചവർക്കുന്ന ഇല? ഞാൻ ഇനിയുള്ള കാലം തേനല്ലാതെ ഒന്നും കഴിക്കുകയി ല്ലെന്നു വ്രതമെടുത്തിരിക്കയാണ്.

ഇനി എത്രകാലം ഇങ്ങനെ ആഹ്ളാദിച്ചു ജീവിക്കുവാൻ സാധിക്കുമോ ആവോ? ബാലനും ബാലനെപ്പോലുള്ളവരും പൂന്തോട്ടങ്ങൾ വളർത്തുന്ന കാലത്തോളം എനിക്കു ഭക്ഷണത്തിനു വിഷമമില്ല. ശത്രുക്കളെയാണ് എനിക്കു പേടി: ആ കുരുവിക ളേയും കിളികളേയും. മനുഷ്യർ ആരും ഞങ്ങളുടെ

ശത്രുക്കളല്ല. സുന്ദരന്മാരും സുന്ദരികളുമായ ഞങ്ങളെ കാണുക അവർക്കു വളരെ ഇഷ്ടമാണ്. മനുഷ്യർ എത്ര നല്ലവർ!

അഭ്യാസം.

1. (i) പകരം പഠിച്ച മറെറാരു പദം ഓരോന്നിനും നേരെ എഴുതുക:—

   പൂമ്പാററ= തേൻ=
   കുടിക്കുക= ഭംഗി=

   (ii) വിശേഷണമായ പദത്തിന്റെ അടിയിൽ മാത്രം വരയിടുക:—

   1. മനോഹരമായ ജീവിയാണ് ചിത്രശലഭം.
   2. ചിത്രശലഭം മധുരമായ സ്വരത്തിൽ പറഞ്ഞു.
   3. പുതിയ തളിരുകൾ പുറപ്പെടുന്നു. പഴയ ഇലകൾ കൊഴിയുന്നു.

   [മനോഹരമായ, മധുരമായ, പുതിയ, പഴയ—ഈ വാക്കുകൾ വിശേഷണങ്ങളാണ്. 'പുതിയ' എന്ന വാക്ക് ഏതു വസ്തുവിനെ വിശേഷിപ്പിക്കുന്നു? 'പഴയ' എന്ന വിശേഷണം ഏതു വസ്തുവിനെ വിശേഷിപ്പിക്കുന്നു?]

2. ചിത്രശലഭത്തിന്റെ ജീവിതത്തിൽ നാലു ദശകൾ ഉണ്ട്. ഏതെല്ലാം?

   [മുട്ടയായിരിക്കുന്ന കാലം, പുഴുവായിരിക്കുന്ന കാലം, ചുരുണ്ടുകൂടി നൂലു പുതച്ച് ഉറങ്ങുന്ന കാലം, ചിറകുവന്നു പറന്നുനടക്കുന്ന കാലം—ഈ നാലവസ്ഥ മറക്കരുത്]

3. (i) ചിത്രശലഭം തേൻ കുടിക്കുന്നതെങ്ങനെ?

   (ii) പൂമ്പാററയുടെ മുട്ട വിരിഞ്ഞുവരുന്ന പുഴുക്കൾ എന്തു തിന്നുന്നു?

   (iii) ആരാണ് ചിത്രശലഭത്തിന്റെ ശത്രുക്കൾ?

പാഠം 34

നല്ല ദിവസം

ആഹ്ളാദമേറുന്ന നാളെ—പ്പാഠ
ശാലതുറക്കും ദിവസം.

ഏറിയൊരുമൊന്നോരാനന്ദ—ത്തിൻെറ
വാതിൽ തുറക്കും ദിവസം,

കൊച്ചുതലമുടി ചീകി—യമ്മ-
യുമ്മവയ്ക്കുന്ന ദിവസം,

ഓണത്തിനച്ഛനെടുത്ത—പാവു
മുണ്ടുടുക്കുന്ന ദിവസം.

പൂവിതൾപോലെ സന്തോഷം—കിള-
ർന്നേന്തിത്തുളുമ്പും ദിവസം,

പുസ്തകസ്സഞ്ചിയുമായി—തങ്ക-
മൊത്തിറങ്ങുന്ന ദിവസം,

പാടത്തിൻ വക്കത്തു നില്ക്കും—ഓണ-
പ്പൂവുമായ്ക്കൊഞ്ചും ദിവസം,

മാന്തളിരുണ്ടു കുയിലിൻ—പാട്ടി-
ങ്ങേററു പാടുന്ന ദിവസം,

മുണ്ടുംകയററിയാപ്പാട—ത്തുള്ള-
തോട്ടു കടക്കും ദിവസം,

അച്ഛനെപ്പോലോമനിക്കും—ഗുരു-
നാഥനെക്കാണും ദിവസം,

ആഹ്ളാദമേറുന്ന നാളെ—പ്പാഠ-
ശാലതുറക്കും ദിവസം!

ബാലാമൃതം ഭാഗം II] പി. കുഞ്ഞിരാമൻ നായർ.

അഭ്യാസം

1. ഓണക്കാലത്തെ ഒഴിവു കഴിഞ്ഞു് നാളെ പാഠശാല തുറക്കുകയാണു്. ആ നല്ല ദിവസത്തെപ്പററി പഠിക്കാൻ ഉത്സാഹമുള്ള ഒരു നല്ല കുട്ടിയുടെ സങ്കല്പങ്ങൾ.

2. ആ ദിവസം എന്തിന്റെ പേരിൽ തുറക്കുന്നു? അന്നു് ആരു തലമുടി കെട്ടിക്കും? ആരു തന്ന ഓണക്കോടി ഉടുക്കും? ആരാണു് കൂട്ടുകാരി? വഴിക്കു് ആരോടാണു കൊഞ്ചുക? വഴിക്കു് ആരുടെ പാട്ടു് ഏററുപാടും? ഗുരുനാഥൻ ആരെപ്പോലെയാണു് ലാളിക്കുന്നതു്?

3. മാവിന്റെ തളിർ എന്ന അർത്ഥത്തിലുള്ള ഒരു വാക്കെഴുതുക.

PRINTED BY THE S. G. P. AT THE GOVERNMENT PRESS,
TRIVANDRUM, 1958.